വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6 0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2 0

Reg. N. C. 101, M: 2293

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8 0
പ്രതിമാസം തപാൽ 1. 2 ,
ഒററപ്രതി 0. 1 ൦

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1124 മേടം 29 | ലക്കം 36

## ഫാത്തിമാമാതാവും കേരളവും

(ഫാദർ ജോസഫ് തേക്കനാടി)

കേരളം — മേരിയുടെ രാജ്യം

പോർട്ടുഗീസ് വൈദികമേലദ്ധ്യക്ഷന്മാർ പ്രസിദ്ധപ്പെടുത്തിയ സംയുക്തലേഖനത്തിൽ പോർട്ടുഗലിനെ "മേരിയുടെരാജ്യം" എന്നാണല്ലോ സഹർഷം അഭിസംബോധന ചെയ്യുന്നത്. മേരിയുടെ രാജ്യമാണു തങ്ങളുടെ ജന്മദേശമെന്നു കേൾക്കുമ്പോൾ, ഓരോ പോർട്ടുഗീസ് ക്രൈസ്തവന്റേയും മുഖത്തു അഭിമാനത്തിന്റേയും ആമോദത്തിന്റേയും കോരിത്തരിപ്പുകൾ പ്രസ്ഫുരിക്കാതിരിക്കുകയില്ല. ഇതിൽ കേരളീയർ അവരെ ഹൃദയപൂർവ്വം അനുമോദിക്കുകതന്നെ ചെയ്യും. പണ്ടുപണ്ടുമുതൽതന്നെ കേരളീയക്രൈസ്തവർ മാതാവും പാലികയും അഭയസ്ഥാനവുമായി സ്നേഹിച്ചു സേവിച്ചുപോന്ന "പരിശുദ്ധ കന്യകയ്ക്കു" ഭൂഗോളത്തിന്റെ വിദൂരഭാഗങ്ങളിലും രാജ്യങ്ങളും പ്രജകളുമുണ്ടല്ലോയെന്നറിയുമ്പോൾ നാമും ആനന്ദതുന്ദിലരായിത്തീരുന്നു.

കേരളവും മേരിയുടെ രാജ്യമാണ്, പണ്ടുപണ്ടുമുതൽതന്നെ. കേരളത്തിലെ ക്രിസ്തുമതത്തോളം പഴക്കമുള്ള ദൈവമാതൃഭക്തിയുടെ ഒരു നീണ്ട ചരിത്രമാണ് നമ്മുടെ പിമ്പിൽ കിടക്കുന്നത്. മലങ്കരയിലെ പൗരാണിക ദൈവാലയങ്ങളുടെ നാമധേയങ്ങളും നമ്മുടെ പ്രധാനതിരുനാളുകളും "കൊമ്പ്രി"കളും മററു ഭക്തസംഘടനകളും മാമ്മോദീസായിലെ പേരുകളും പരിശോധിച്ചാൽ മാത്രംമതി ഈ വസ്തുത സുഗ്രഹമാകുവാൻ. കന്യകാമറിയത്തിന്റെ സ്തുതികീർത്തനങ്ങളെല്ലാംതന്നെ നമുക്കു ചിരകാലപരിചിതങ്ങളാണ്. മാതൃസ്നേഹപരിഷ്യന്ദികളായ സുമധുരവിശേഷണങ്ങൾകൊണ്ട് സ്വർഗ്ഗരാജ്ഞിയെ പ്രകീർത്തിക്കുന്നതിൽ നാം ഒരിക്കലും പുറകോട്ടു നിന്നിട്ടില്ല. ഇങ്ങിനെ നോക്കുമ്പോൾ കേരളക്കര പണ്ടുമുതലേ മേരിയുടെ രാജ്യമായിത്തീർന്നിരുന്നെന്നു വ്യക്തമാകുന്നുണ്ടല്ലോ. പാശ്ചാത്യലോകത്തിൽ പോർട്ടുഗൽ മേരിയുടെ രാജ്യമാണെങ്കിൽ, പൗരസ്ത്യലോകത്തിൽ കേരളമാണു മേരിയുടെ രാജ്യം. നമ്മുടെ ഈ അവകാശത്തെ ആരെങ്കിലും ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല.

കേരളവും ജപമാലയും

ദൈവമാതൃഭക്തിയിൽ മികച്ചുനിന്നിരുന്ന കേരളവും പോർട്ടുഗലും അനേകശതാബ്ദങ്ങൾ മുമ്പുമുതൽ ദൃഢബദ്ധങ്ങളായിത്തീർന്നതു തികച്ചും സ്വാഭാവികമാണ്. മരിയഭക്തശിരോമണികളായ പോർട്ടുഗീസ് പ്രേഷിതപ്രവരന്മാർ നമ്മുടെ ദൈവമാതൃഭക്തിക്കു ഉത്തേജനവും പ്രോത്സാഹനവും വർദ്ധനവും നല്കി; വ്യവസ്ഥാപിതങ്ങളായ പല "കൊമ്പ്രി"കളും "ശേനങ്ങ"ളും സംഘടിപ്പിച്ചുകൊണ്ട് അതിനെ അവർ ദൃഢമൂലമാക്കി. അവരുടെ പ്രശസ്തസേവനങ്ങൾ നമ്മുടെ ജപമാലഭക്തിയുടെ പ്രചാരണത്തിനു വളരെ സഹായകമായി ഭവിച്ചുവെന്നതിൽ സംശയമില്ല.

അനേകം നൂററാണ്ടുമുമ്പു തുടങ്ങിയ നമ്മുടെ ജപമാലാഭക്തിക്കു കാലത്തിന്റെ നീക്കംകൊണ്ട് ക്രമപ്രവൃദ്ധമായ പുരോഗതിമാത്രമേ ഉണ്ടായിട്ടുള്ളു. ഒരു കേരളീയ കത്തോലിക്കന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും ജപമാലക്കു പ്രഥമസ്ഥാനംതന്നെ നല്കപ്പെട്ടിരിക്കുന്നു.



ബാലികാബാലന്മാർ കൊന്തയെത്തിക്കാൻ പഠിച്ചാൽ മാതാപിതാക്കൾക്കു സന്തോഷമായി. ജപമാല സ്വീകരിച്ചുകൊണ്ടത്രേ ഓരോ നവദമ്പതിമാരും ക്ലേശബഹുലമായ കുടുംബജീവിതത്തിന്റെ ചവിട്ടുപടിയിലേക്കു കാലുകുത്തുന്നത്; ലോകജീവിതത്തിലെ ദുരിതയാതനകൾ, കൊന്തയിലെ കുരിശുപോലെ സമാകർഷകമായി തങ്ങൾക്കനുഭവപ്പെട്ടുകൊള്ളുമെന്നു അവർക്കറിയാം. നമ്മുടെ ഭവനങ്ങൾ ജപമാലയുടെ സ്വർഗ്ഗീയസുഷമയാൽ പരിശോഭിതങ്ങളായിരിക്കുന്നു. എന്നും കൊന്തയെത്തിക്കാത്ത കുടുംബം യഥാർത്ഥക്രൈസ്തവചൈതന്യത്തിന്റെ അഭാവത്താൽ ദൈവാനുഗ്രഹരഹിതമായിരിക്കുമെന്നാണു സാമാന്യജനങ്ങളുടെപോലും വിശ്വാസം. ഒരുവൻ മരിച്ചുകഴിഞ്ഞാൽ ഒരു മുഴുവൻകൊന്ത ചൊല്ലികാഴ്ചവയ്ക്കാതെ പരേതന്റെ സമീപത്തുനിന്നു നാം പിൻവാങ്ങാറില്ല; അവന്റെ മരവിച്ച കൈവിരലുകളുടെ ഇടയിലും ഒരു ജപമാല നാം വച്ചുകൊടുക്കും. ഇങ്ങിനെ നോക്കിയാൽ കേരളീയകത്തോലിക്കരുടെ ജീവിതത്തിലെ ഓരോദിവസവും ജപമാലയുടെ ഇടക്കണ്ണികളാൽ ബന്ധിതങ്ങളാണെന്നു തെളിയുന്നതാണ്.

ഫാത്തിമാരാജ്ഞിയുടെ ജൈത്രയാത്ര

ഫാത്തിമാമാതാവിന്റെ പ്രതിമ ലോകമെങ്ങും ചുററിസഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വാർത്ത വായനക്കാർ നേരത്തേ അറിഞ്ഞിരിക്കുമല്ലോ. നമ്മുടെ മൂന്നു ബാലകർ കോവാ ഡാ ഈറിയായിൽവച്ചു കണ്ടവിധത്തിൽ നിർമ്മിതമായ ഒരു സ്വരൂപമാണിത്. ഫാത്തിമാരാജ്ഞിയുടെ ശാന്തിസന്ദേശം വിശ്വത്തിന്റെ ദിഗന്തങ്ങളിൽ മാറൊലികൊള്ളിക്കുന്നതിനു മരിയഭക്തർ തയ്യാറാക്കിയിരിക്കുന്ന സുദീർഘമായ ഒരു പരിപാടിയനുസരിച്ച് പ്രസ്തുത പ്രതിമ ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രദക്ഷിണം നടത്തുന്നതായിരിക്കും.

റഷ്യയിൽ പ്രവേശിക്കുവാൻ പരിശുദ്ധ കന്യകയെ സോവ്യററു ഭരണാധികൃതർ അനുവദിച്ചിട്ടില്ല. കമ്മ്യൂണിസത്തിന്റെ കണ്ണകോടാലിയായി, "നിരീശ്വരത്വമെന്ന ക്രൂരസർപ്പത്തിന്റെ തലയെ തന്റെ തൃപ്പാദത്താൽ ചവിട്ടിത്തകർക്കുന്ന"തിനായി, രംഗപ്രവേശം ചെയ്തിരിക്കുന്ന ഫാത്തിമാമാതാവിനെ അവർ ഭയപ്പെടുകതന്നെവേണം. പക്ഷേ, ഈ നിരസനംകൊണ്ടു ത്രിലോകരാജ്ഞി പരാജിതയായിക്കൊള്ളുമെന്നു വല്ലവരും കരുതുന്നെങ്കിൽ അതിൽ സഹതപിക്കാതെ നിവൃത്തിയില്ല. ലോകത്തിന്റെ ഇതരഭാഗങ്ങൾ സമുദ്ധരിച്ചതിനുശേഷമാകട്ടെ റഷ്യയോടുള്ള അന്തിമസമരമെന്നു കരുതിയിട്ടായിരിക്കാം അതിന്റെ അതിർത്തിവരെ ചെന്നിട്ടു പരിശുദ്ധകന്യക തിരിച്ചുപോന്നിരിക്കുന്നത്.

കേരളത്തിൽ

മരിയഭക്തിയുടെ പ്രചുരിമയാൽ പൗരാണികകാലംമുതൽതന്നെ മേരിയുടെ പാദപീഠമായി പരിശോഭിക്കുന്ന ഈ കേരളക്കരപോലെ, ഫാത്തിമാനാഥയുടെ സ്വർഗ്ഗീയസന്ദേശങ്ങളെ സസന്തോഷം സ്വീകരിക്കുന്നതിനു സന്നദ്ധമായിരിക്കുന്ന ഒരു ഭൂവിഭാഗം വേറെയുണ്ടെന്നു തോന്നുന്നില്ല. അവിടുത്തെ ദിഗ്വിജയത്തിൽ നമുക്കുള്ള അനുമോദനവും അഭിനന്ദനവും രേഖപ്പെടുത്തുവാനുള്ള ഒരു സുവർണ്ണാവസരമാണ് അടുത്തുവരുവാൻ പോകുന്നത്.

പല രാജ്യങ്ങളിലെയും ജൈത്രയാത്ര ഇതിനകം കഴിഞ്ഞിരിക്കുന്നു. നമ്മുടെ അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ പരിശ്രമത്താൽ ഫാത്തിമാമാതാവിന്റെ സ്വരൂപം എത്രയുംതാമസിയാതെ മലങ്കരയിലും വന്നെത്തുന്നതാണെന്നുള്ള വിവരം മരിയസുതർക്കെല്ലാം ആനന്ദപ്രദമായിരിക്കുമല്ലോ. ക്രൈസ്തവകേരളത്തിന്റെ മഹനീയമായ മരിയഭക്തി പരസ്യമായി പ്രദർശിപ്പിക്കുന്നതിനും ജപമാലയുടെ അവർണ്ണനീയമായ വൈശിഷ്ട്യം പ്രകടമായി പ്രകാശിപ്പിക്കുന്നതിനും നമുക്കു അനുപലബ്ധമായ ഒരവസരം നല്കുന്ന ഒരു മഹാസംഭവമായിരിക്കും അത്. അസ്വസ്ഥതകളും ഭിന്നതകളുംകൊണ്ടു വിങ്ങിവേദനിക്കുന്ന ഭാരതത്തിന്റെമേൽ, നാമെല്ലാം വിഭാവനം ചെയ്യുന്ന ഏകകേരളത്തിന്റെമേൽ, ശാന്തിയുടെയും സൗഹാർദ്ദത്തിന്റെയും ചെങ്കതിർ ചിന്നുന്ന സുവർണ്ണദശ അന്നു ഉദയംചെയ്യും. ഈ സ്വരൂപത്തിന്റെ സഞ്ചാരത്തിനിടയിൽ വിസ്മയാവഹങ്ങളായ പല മഹാ അത്ഭുതങ്ങളുംകൊണ്ടു തന്റെ ആശ്രിതരെ സംതൃപ്തരാക്കിയിരിക്കുന്ന പരിശുദ്ധകന്യക സമൃദ്ധമായ തന്റെ സ്വർഗ്ഗീയാനുഗ്രഹവൃഷ്ടിയാൽ നമ്മേയും സന്തുഷ്ടരും സമ്പന്നരുമാക്കാതിരിക്കുകയില്ല. അവിടുന്നു ചൊരിയുന്ന ആദ്ധ്യാത്മികവും ലൗകികവുമാ

(ശേഷം 12-ാം പേജിൽ)

വിമർശനവീഥി

# ക്രിസ്തു മിഥ്യാപുരുഷനെന്നോ?

ദൈവാവതാരമായ ക്രിസ്തു സകല മനുഷ്യരുടേയും രക്ഷകനാണ്. ഒന്നൊഴിയാതെ സകല മനുഷ്യരുടേയും സകല പാപങ്ങൾക്കും തന്റെ കുരിശുമരണത്താൽ അവിടുന്നു പരിഹാരം ചെയ്തു. ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ കല്പനകളനുസരിക്കുകയും ചെയ്യുന്നവർക്കെല്ലാം അവിടുന്നു നിർവ്വഹിച്ച പാപപരിഹാരത്തിന്റെ ഗുണഫലം അനുഭവപ്പെടുകയും, അങ്ങനെ അവർ സ്വർഗ്ഗീയ സൗഭാഗ്യത്തിനു അർഹരായിത്തീരുകയും ചെയ്യും. ക്രിസ്തുവിൽക്കൂടിയല്ലാതെ യാതൊരു മനുഷ്യനും നിത്യരക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ല. ഇക്കാരണങ്ങളാൽ മനുഷ്യവർഗ്ഗത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം സ്പഷ്ടമാണല്ലോ. ക്രിസ്തുവിനെ വിസ്മരിക്കുവാൻ അസാദ്ധ്യമാണ്. ഒന്നെങ്കിൽ ക്രിസ്തുവിനെ സ്നേഹിക്കണം, അല്ലെങ്കിൽ ദ്വേഷിക്കണം; ഒന്നെങ്കിൽ ക്രിസ്തുവിനെ മനഃപൂർവ്വം വിശ്വസിക്കണം, അല്ലെങ്കിൽ മനഃപൂർവ്വം അവിശ്വസിക്കണം. ക്രിസ്തു ഇഹത്തിൽ ജീവിച്ചിരുന്നകാലത്തും, അതിനുശേഷം ഇന്നോളവും ഈ രണ്ടുതരം ആളുകളെ കാണുന്നുണ്ട്. രണ്ടാമത്തെ കൂട്ടർ ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നു. മാത്രമല്ല, അവരിൽ ചിലർ ക്രിസ്തുവെന്നൊരാൾ ജീവിച്ചിട്ടേയില്ലെന്നുപോലും വാദിക്കുന്നു. ഈ വാദങ്ങൾ ക്രിസ്തുവിന്റെ ചരിത്രകഥയും ദൈവത്വവും കൂടുതൽ കൂടുതൽ വിശദീകരിക്കുവാനും സമർത്ഥിക്കുവാനും പ്രയോജനപ്പെടുകയാണു ചെയ്തിട്ടുള്ളത്. "ക്രിസ്തു ഒരു മിഥ്യാപുരുഷൻ" (Christ a Myth) എന്ന നാമധേയത്തിൽ വടക്കേ ഇൻഡ്യാക്കാരനായ ഒരു മിസ്റ്റർ ഥാക്കർഖാൻ ചന്ദ്രവർമ്മ കുറെക്കൊല്ലങ്ങൾക്കുമൻപു് ഒരു പുസ്തകമെഴുതി. അതിലെ കുയുക്തികൾക്കു പ്രചാരം കൊടുക്കുവാൻ അദ്ദേഹം ഇൻഡ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു പ്രസംഗിക്കുകയും ചെയ്തിരുന്നു. ആ സഞ്ചാരത്തിനിടയിൽ അദ്ദേഹം തൃശ്ശിനാപ്പള്ളിയിൽ പ്രസംഗിക്കുവാൻ ചെന്നു. പ്രസംഗത്തിലെ വാദഗതി നേരത്തേ മനസ്സിലാക്കിയിരുന്ന സ്ഥലത്തെ ജസ്വിററു് വൈദികന്മാരിലൊരാൾ അതേരീതി അവലംബിച്ചു് "ഥാക്കുർഖാൻ ഒരു മിഥ്യാപുരുഷൻ" എന്നു സ്ഥാപിക്കുവാൻ ഒരു ലഘുലേഖയെഴുതി തയ്യാറാക്കിയെന്നും, അതിന്റെ അച്ചടിച്ച പ്രതികൾ പ്രസംഗസമയത്തു ശ്രോതാക്കളുടെയിടയിൽ വിതരണം ചെയ്യപ്പെട്ടുവെന്നും, പ്രസംഗകൻ കഴിയുംവേഗം സ്ഥലംവിട്ടുവെന്നും ഞങ്ങൾ കേട്ടിട്ടുണ്ട്. ഒരു ക്രിമിനൽ കേസിൽ പ്രതി കുററം ചെയ്തിട്ടുണ്ടെന്നു തെളിയിക്കുവാൻ രണ്ടുമൂന്നു ദൃക്സാക്ഷികളുടെ മൊഴികൾ ന്യായാധിപൻ എടുത്തപ്പോൾ, അവയെ ഖണ്ഡിച്ചു പ്രതി കുററം ചെയ്തിട്ടില്ലെന്നു തെളിയിക്കുവാൻ പ്രതിഭാഗം വക്കീൽ പുറപ്പെടുവിച്ച യുക്തിയാണ് ഈ ഘട്ടത്തിൽ ഓർമ്മയിൽ വരുന്നതു്. പ്രതി കുററംചെയ്തിട്ടുണ്ടെന്നു കണ്ടതായി രണ്ടോ മൂന്നോ ആളുകളുണ്ടെങ്കിൽ അതു കാണാത്തതായി അസംഖ്യം ആളുകളുണ്ടെന്നും, എണ്ണത്തിലധികം വരുന്ന കാണാത്തവരുടെ സാക്ഷ്യമാണ് എണ്ണത്തിൽ വളരെ ചുരുങ്ങിയ കണ്ടവരുടെ സാക്ഷ്യത്തെക്കാൾ സ്വീകാര്യമെന്നുമായിരുന്നു പ്രസ്തുതയുക്തി. ഇത്തരം യുക്തിയാണ് ഥാക്കുർഖാന്റേയും. ക്രിസ്തുവിനെ നേരിട്ടു കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളവരുടേയും, അവരിൽനിന്നു നേരിട്ടറിഞ്ഞിട്ടുള്ളവരുടേയും മൊഴികളെ വിസ്മരിച്ചുകൊണ്ടു്, ക്രിസ്തുവിനെ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്തവരുടേയും തന്മൂലം അവരിൽനിന്നു യാതൊന്നും അറിഞ്ഞിട്ടില്ലാത്തവരുടേയും മൊഴികളെ ആധാരമാക്കുകയാണ് ഥാക്കുർഖാന്റെ വാദരീതി. ഈ രീതി അസംബന്ധമാണെന്നും, അതവലംബിച്ചാൽ എത്ര സ്പഷ്ടമായ വസ്തുതകളും നിഷേധിക്കാവുന്നതാണെന്നും സുബോധമുള്ള സകലർക്കും അറിയാം. ആകയാൽ ഥാക്കുർഖാന്റെ വാദങ്ങൾക്കു യാതൊരു വിലയും കല്പിക്കേണ്ടതില്ല. ക്രിസ്തുവിനെപ്പററിയുള്ള ദൃക്സാക്ഷികളുടേയും അവരിൽനിന്നു നേരിട്ടറിഞ്ഞിട്ടുള്ള മററു സാക്ഷികളുടേയും മൊഴികളെപ്പററിമാത്രം കുറഞ്ഞൊന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

### സുവിശേഷങ്ങൾ

ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷേപമായിട്ടെങ്കിലും അടങ്ങിയിരിക്കുന്നതു് "സുവിശേഷങ്ങൾ" (Gospels) എന്നു പേരുള്ള ഗ്രന്ഥങ്ങളിലാണല്ലോ. ഇവയെപ്പോലെ പണ്ഡിതലോകത്തിന്റെ വാദപ്രതിവാദത്തിനും ഗവേഷണത്തിനും വിമർശനത്തിനും പാത്രമായിത്തീർന്നിട്ടുള്ള മറെറാരു ഗ്രന്ഥവും കാണുന്നതല്ല. യുക്തിവാദികളും സ്വതന്ത്രചിന്തകന്മാരും ഉപരിവിമർശകന്മാരും ഈ ഗ്രന്ഥങ്ങളെ സംബന്ധിച്ചു കാട്ടിക്കൂട്ടിയ വിക്രിയകളെ, തങ്ങൾ അപരാധികളാണെന്നു ഏററുപറയുവാൻ നിർബന്ധിച്ചുകൊണ്ടു നിരപരാധികളെ ചില ക്രൂരഭരണകർത്താക്കൾ ഏല്പിച്ചിരുന്ന ദണ്ഡനങ്ങളോടു് ഒരാധുനികഗ്രന്ഥകാരൻ ഉപമിച്ചിട്ടുണ്ടു്. സുവിശേഷങ്ങൾ വിശ്വാസ്യതയുടെ ആഭ്യന്തരലക്ഷണങ്ങളാൽ പ്രശോഭിതങ്ങളായിരുന്നിട്ടും അവ അനേകം ആക്രമണങ്ങൾക്കും ദണ്ഡനങ്ങൾക്കും വിധേയങ്ങളാക്കപ്പെട്ടു. അവയിലെ ഓരോ അദ്ധ്യായമെന്നല്ല, ഓരോ വാക്യവും ഓരോ പദവും വലച്ചുപുലച്ചും തിരിച്ചുമറിച്ചും മർദ്ദിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അതു ഒട്ടും അതിശയോക്തിയാകുകയില്ല. ആ ഗ്രന്ഥങ്ങൾ അവിശ്വാസ്യവും അയഥാർത്ഥവുമാണെന്നു തെളിയിക്കാനായിരുന്നു ഈ ബഹളങ്ങളുടെയെല്ലാം ഉദ്ദേശ്യം. എന്നാൽ അതുകൊണ്ടു് എന്തു മെച്ചമുണ്ടായി? ആഭ്യന്തരവും ബാഹ്യവുമായ ഈ വിമർശനങ്ങളുടേയും താരതമ്യപഠനങ്ങളുടേയും ഫലമായി സുവിശേഷങ്ങൾ പൂർവ്വാധികം അഭംഗമായും സുരക്ഷിതമായും നിലകൊള്ളുന്നു. സുവിശേഷവിമർശകന്മാരിൽ അഗ്രഗണ്യനും ബർളിൻ സർവ്വകലാശാലയിലെ സുപ്രസിദ്ധ ചരിത്രപ്രൊഫസറുമായിരുന്ന അഡോൾഫ് ഹാർനാക്കു് എന്ന മഹാപണ്ഡിതനായ സ്വതന്ത്രചിന്തകൻ ഈ പരിശോധനാഫലത്തെ പ്രകീർത്തിക്കുന്നതു കേട്ടാലും:

"പുതിയനിയമം ഉൾപ്പെടെയുള്ള പ്രാചീന ക്രിസ്തീയഗ്രന്ഥങ്ങൾ വഞ്ചനകളുടേയും വ്യാജനിർമ്മാണങ്ങളുടേയും ഒരു സഞ്ചയമാണെന്നു വിശ്വസിക്കാതെ ഗത്യന്തരമില്ലെന്നു ജനസാമാന്യം വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലം കഴിഞ്ഞുപോയി.. ...... (കത്തോലിക്കാ)സഭയുടെ എത്രയും പ്രാചീനങ്ങളായ ഗ്രന്ഥങ്ങൾ, സാഹിത്യപരവും ചരിത്രപരവുമായി വീക്ഷിക്കപ്പെടുമ്പോൾ, പ്രധാനഭാഗങ്ങളിലും മിക്ക വിവരണങ്ങളിലും യഥാർത്ഥവും വിശ്വാസയോഗ്യവുമായിരിക്കുന്നു."


### അപ്പസ്തോലികകാലത്തിലെ സാക്ഷ്യം

സുവിശേഷങ്ങൾ ദൃക്സാക്ഷികളുടെ മൊഴികളാണ്. വിശുദ്ധന്മാരായ മത്തായിയും യോഹന്നാനും ക്രിസ്തുവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരിൽ പെട്ടവരായിരുന്നു. വിശുദ്ധന്മാരായ മർക്കോസും ലൂക്കായും ശ്ലീഹന്മാരുടെ അടുത്ത ശിഷ്യന്മാരായിരുന്നു. ഇവരിൽനിന്നു ക്രിസ്തുവിനെപ്പററി നേരിട്ടറിഞ്ഞവരും, അവരുടെ അടുത്ത ശിഷ്യന്മാരുമായ സാക്ഷികളുടെ മൊഴികളും നമുക്കു ലഭിച്ചിട്ടുണ്ടു്. ക്രിസ്ത്വബ്ദം 95 മുതൽ 200 വരെയുള്ള കൊല്ലങ്ങളിൽ രചിക്കപ്പെട്ടിട്ടുള്ളതെന്നും, പണ്ഡിതന്മാരും സത്യസന്ധന്മാരുമായ മഹാന്മാർ കർത്തൃത്വം വഹിക്കുന്നതെന്നും സുസമ്മതിലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളാണിവ. റോമയിലെ ക്ലെമൻറ്, അന്ത്യോക്യായിലെ ഇഗ്നാസിയോസു്, സ്മിർണായിലെ പൊലിക്കാർപ്പു്, ഈജിപ്ററിലെ പപ്പിയാസു്, റോമായിലെ ജസ്ററിൻ, ഗാളിലെ ഇരനേയൂസു്, ആഫ്രിക്കായിലെ തെർത്തുല്യൻ, അലക്സാന്ത്രിയായിലെ ക്ലെമൻറ്, സിറിയായിലെ ടാസ്യൻ എന്നിവരാണ് ഈ ഗ്രന്ഥകാരന്മാർ. കൂടാതെ "അപ്പസ്തോലന്മാരുടെ ഉപദേശം", "ബർണബാസിന്റെ ലേഖനം", "ഹെർമാസിന്റെ ഇടയൻ", "മുരത്തോരിയൻ കാനൺ" എന്ന പേരുകളാൽ അറിയപ്പെടുന്ന മററു ചില കൃതികളും നമുക്കു ലഭിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥങ്ങളിലെല്ലാം, ഇന്നു നമുക്കു ലഭിച്ചിട്ടുള്ള സുവിശേഷങ്ങളിൽ കൊടുത്തിട്ടുള്ള പ്രകാരം, ക്രിസ്തുവിന്റെ പല വാക്യങ്ങളും ഉദ്ധരിച്ചുകാണുന്നുണ്ടു്. പ്രാചീനഗ്രീസിലെ യുദ്ധചരിത്രമെഴുതിയ തൂസിഡിഡസിന്റേയും, റോമാചരിത്രമെഴുതിയ ലീവിയുടേയും ഗ്രന്ഥങ്ങളെക്കുറിച്ചു നമുക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ സാക്ഷ്യം അവർ മരിച്ചിട്ടു 300 കൊല്ലം കഴിഞ്ഞുള്ളതാണ്. എന്നിട്ടും ആ ഗ്രന്ഥങ്ങളെ വിശ്വാസയോഗ്യങ്ങളായ രേഖകളായി ലോകം സ്വീകരിക്കുകതന്നെ ചെയ്യുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുശിഷ്യന്മാരായ ശ്ലീഹന്മാരുടേയും അവരുടെ ശിഷ്യന്മാരുടേയും അവരിൽനിന്നു നേരിട്ടറിഞ്ഞിട്ടുള്ളവരുടേയും സാക്ഷ്യങ്ങൾ വിശ്വാസയോഗ്യങ്ങളായി സ്വീകരിക്കാൻ വളരെ കൂടുതൽ ന്യായങ്ങളില്ലയോ?

സുവിശേഷങ്ങളുടെ വിശ്വാസ്യതയെപ്പററി ദെ ബ്രൊഗ്ലിയെന്ന പണ്ഡിതന്റെ വാക്യങ്ങൾ ഉദ്ധരണീയങ്ങളാണ്:

"സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങൾ, പുരാതനമതഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവയെപ്പോലെ ചരിത്രാതീതവും പൗരാണികവും അപരിഷ്കൃതവുമായ വല്ലകാലത്തോ അജ്ഞാതവും മനുഷ്യാധിവാസരഹിതവുമായ വല്ലരാജ്യത്തോ നടന്നതല്ല. ആഭിവദ്ധ്യകമായ നാഗരികതയുടെ കേളീരംഗമായി, പൊമ്പേയുടെ സന്ദർശനത്തിനും ടാസിററസിന്റെ ചരിത്രരചനയ്ക്കും വിഷയീഭവിച്ചു്, റോമാസാമ്രാജ്യത്തിൽ ഒരു വിഭാഗത്തിന്റെ തലസ്ഥാനമായിരുന്ന നഗരിയിലാണ് യേശുക്രിസ്തു ജീവിക്കുകയും പ്രസംഗിക്കുകയും സഭയെ സ്ഥാപിക്കുകയും സ്വജീവനെ ബലികഴിക്കുകയും ചെയ്തതു്. അവിടുത്തെ ജീവചരിത്രം പരമ്പരാഗതമായ വാമൊഴിയായും, ദൃഢവിശ്വാസികളും ഉത്സാഹഭരിതരുമായ ജനസാമാന്യത്തിന്റെ ഭാവനാശക്തിയാൽ അതിവർണ്ണനം ചെയ്യപ്പെട്ടുമല്ല നമുക്കു ലഭിച്ചിട്ടുള്ളതു്. ദൃക്സാക്ഷികളാലോ സമകാലീനരായ ഇതരസാക്ഷികളാലോ എത്രയും സുഗ്രഹമായ ഭാഷയിൽ രചിക്കപ്പെട്ടതും, നിഷ്കളങ്കവും സുവ്യക്തവും പരസ്പരാനുയോജ്യവുമായ വിവരങ്ങളടങ്ങിയതുമായ നാലു ഗ്രന്ഥങ്ങളാണ് യേശുക്രിസ്തുവിന്റെ ജീവചരിത്രത്തിനാധാരങ്ങളായിരിക്കുന്നതും. പ്രാചീനപണ്ഡിതന്മാരുടെ ഏകോപിതസാക്ഷ്യം, ഗ്രന്ഥങ്ങൾക്കു അചിരേണലഭിച്ച പ്രചുരപ്രചാരം, ലോകമാസകലം വ്യാപിച്ചിരിക്കുന്ന സകല പ്രതികളിലേയും പാഠസാമ്യം, സ്ഥലകാലാദിവിവരണങ്ങൾക്കു സമകാലീനചരിത്രങ്ങളോടുള്ള യോജ്യത, എന്നീ ലക്ഷണങ്ങളാൽ സുവിശേഷഗ്രന്ഥങ്ങൾ ഭൂതകാലചരിത്രത്തിന്റെ വിശ്വാസയോഗ്യമായ രേഖകളിൽ ഒന്നായി ഗണിക്കപ്പെടുവാൻ അർഹങ്ങളാകുന്നു. ആ വസ്തുതയാണ് അവയിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങളുടെ വിശ്വാസ്യതയ്ക്കു ആധാരം. ഇതല്ലാതെ വേറെ ഏതൊരാധാരമാണു യുക്തിപൂർവ്വം ആവശ്യപ്പെടാവുന്നതു്? യേശുക്രിസ്തുവിനെ യോഹന്നാൻ മത്തായി എന്ന അവിടുത്തെ ശിഷ്യന്മാർ വഴിയായും, വിശുദ്ധ പൗലോസിനെ അദ്ദേഹത്തിന്റെ സഞ്ചാരത്തിൽ സഹകാരിയായിരുന്ന ലൂക്കാ വഴിയായും നാം അറിയുന്നു. അലക്സാണ്ഡറിനേയും അഗസ്റ്റസിനേയും കുറിച്ചറിയാൻ അവരുടെ സേനാനായകന്മാരോ സേവകന്മാരോ നൽകിയിട്ടുള്ള വിവരണങ്ങളല്ലാതെ നമുക്കു് മറേറതെങ്കിലും മാർഗ്ഗമുണ്ടോ? സംഭവങ്ങൾ സ്വഭാവാതീതങ്ങളും മനുഷ്യബുദ്ധിക്കു ദുർഗ്രാഹ്യങ്ങളുമാണെന്നോ, അവമൂലം ധാർമ്മികമായ ചില ചുമതലകൾ നിർവഹിക്കേണ്ടിവരുമെന്നോ ഉള്ള കാരണം പറഞ്ഞു്, അവയുടെ വിശ്വാസ്യതയ്ക്കു് ആധാരങ്ങളും യുക്തിയുക്തങ്ങളുമായ സാധാരണതെളിവുകളെ പരിത്യജിക്കുന്നതു ന്യായമാണോ? ശാസ്ത്രീയ പര്യവേക്ഷണങ്ങളിൽ പണ്ഡിതലോകം സാധാരണമായി സ്വീകരിച്ചിട്ടുള്ള തോതുവച്ചു് സുവിശേഷങ്ങളുടെ വിശ്വാസ്യതയെ പരിഗണിക്കണമെന്നല്ലാതെ മറെറാരു ദാക്ഷിണ്യവും ഞങ്ങൾ ആവശ്യപ്പെടുന്നില്ല."

ക്രിസ്തുവിനെപ്പററി നമുക്കു ലഭിച്ചിട്ടുള്ള ഈ സാക്ഷ്യങ്ങൾ ഏററവും വിശ്വാസയോഗ്യങ്ങളാണെന്നു തെളിഞ്ഞിട്ടുള്ളതുകൊണ്ടാണ് ക്രിസ്തു ചരിത്രപുരുഷനാണെന്നും, താനവകാശപ്പെട്ടതുപോലെ അവിടുന്നു ദൈവാവതാരവും ലോകരക്ഷകനുമാണെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു്. പ്രസ്തുത സാക്ഷ്യങ്ങളെ അവിശ്വാസ്യങ്ങളായി തള്ളുവാൻ ശ്രമിക്കുകയാണു ഥാക്കുർഖാനെപ്പോലെയുള്ളവർ ശ്രമിക്കേണ്ടതു്. അതിനവർക്കു സാധിക്കാത്ത കാലത്തോളം അവരുടെ വാദങ്ങൾക്കു യുക്തിയുടെ ദൃഷ്ടിയിൽ യാതൊരു വിലയുമില്ലതന്നെ. ആകയാൽ ഥാക്കുർഖാന്റെ ഗ്രന്ഥത്തിനു പ്രചാരം നൽകുവാൻ ഇന്നാട്ടിലെ ചില പ്രസിദ്ധീകരണക്കാർ ചെയ്യുന്ന ശ്രമം വിഫലമാണെന്നു പറയേണ്ടിയിരിക്കുന്നു.



ഫാത്തിമായിൽ 1917 ഒക്ടോബർ 13-ാംനു സൂര്യനൃത്തം ദർശിച്ചുകൊണ്ടുനിന്ന വമ്പിച്ച ജനക്കൂട്ടത്തിന്റെ ഒരു ഭാഗം

## തീർത്ഥയാത്ര

ഇററാലിയൻ കൗൺസലേററു ഇന്ത്യയിൽനിന്നു റോമിലേക്കു ഈ വരുന്ന വിശുദ്ധവൎഷത്തിൽ തീർത്ഥയാത്രാസംഘങ്ങൾ സൗകര്യപ്പെടുത്തുന്നതിൽ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും, ഇന്ത്യയിൽനിന്നു പുറപ്പെടുന്ന തീർത്ഥയാത്രക്കാരുടെ സൗകര്യത്തിനുവേണ്ടി ഒരു കപ്പൽ ഏർപ്പെടുത്തുവാൻ സാധിക്കുമെന്നുമുള്ള വിവരം എന്റെ 6-4-49 ലെ ഇററാലിയൻ കൗൺസൽജനറലിനുള്ള കത്തിനു 20-4-49 ലെ 1364 നമ്പ്രായി എന്നെ അറിയിച്ചിരിക്കുന്ന വിവരം തീർത്ഥയാത്രയിൽ പങ്കുകൊള്ളുന്നതിനു ആഗ്രഹിക്കുന്നവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

സി. ആർ. ദേവസ്സി,
അരണാട്ടുകര.

## പുതിയ സ്ഥാപനം

നവവൈദികർക്കു സാമൂഹ്യപ്രശ്നങ്ങളിൽ പരിശീലനം നല്കുന്നതിനായുള്ള ഒരു പുതിയ വിദ്യാലയം റോമിൽ സ്ഥാപിക്കുന്നതാണെന്നു് പരിശുദ്ധ പിതാവു പ്രഖ്യാപിച്ചിരിക്കുന്നു.

ബാലരംഗം

# ഓട്ടറിക്കു രാജസംഭാവന

ഗുണഗണനിധിയൂദൻ ദാനിയേലോടു പാരിൻ-
കണവനിണയകന്നോരിഷ്ടമുണ്ടായമന്ദം.
പണവുമണികളും മേല്പെട്ടതാം സ്ഥാനവും നൽ-
പ്രണയമൊടതളിത്തൻ തോഴനെപ്പോചെയാക്കി.

പ്രിയ കുഞ്ഞുങ്ങളേ,

1850 ജനുവരിമാസത്തിൽ ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞു ബോസ്കോഅച്ചൻ കുട്ടികളോടൊന്നിച്ചു കളിസ്ഥലത്തു നിൽക്കുകയായിരുന്നു. ഒരു ഭാഗത്തു തിരുതകൃതിയായി കളി നടക്കുന്നു. മറ്റൊരുഭാഗത്തു അനേകം കുട്ടികൾ ഫാദർ ബോസ്കോയുടെ ചുറ്റും കൂടിനിന്നുല്ലസിക്കുന്നു. സർവ്വത്ര വാചാലവിലാസം തന്നെ.

അപരിചിതരായ മൂന്നു മഹാന്മാർ ഈ സമയം കളിസ്ഥലത്തു ആഗതരായി. അവിടെ കണ്ട കാഴ്ചയിൽ അവർ അപഹൃതചിത്തവൃത്തികളായി നിന്നുപോയി. ബോസ്കോഅച്ചനും കുട്ടികളും നിന്നിരുന്ന സ്ഥലത്തേക്കു അവർ അടുത്തുചെന്നു്, ഫാദർ ജോൺ ബോസ്കോ എന്ന ദേഹത്തെ ഒന്നു കണ്ടാൽകൊള്ളാമെന്നു അവർ ആവശ്യപ്പെട്ടു. "ഞാൻതന്നെയാണു് മേല്പറഞ്ഞയാൾ" എന്നുള്ള മുഖപുരസ്സരം ഫാദർ ബോസ്കോ അവരുടെ പക്കലേക്കു അടുത്തുചെന്നു് അവർക്കു സ്വാഗതം ആശംസിച്ചു.

"ആനന്ദദായകമായ ഈ കാഴ്ചകണ്ടു ഞങ്ങൾ അത്ഭുതപരവശരായി നിൽക്കുകയായിരുന്നു. കുട്ടികൾക്കുവേണ്ടി നിങ്ങൾ ഇവിടെ ചെയ്യുന്ന ഫലപ്രദങ്ങളായ പ്രവർത്തനങ്ങളെപ്പറ്റി ഗവണ്മെന്റിൽ അറിവു കിട്ടിയിട്ടുണ്ടു്. വേണ്ട സഹായങ്ങൾ ചെയ്തു ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നു. അതിലേക്കു ഇവിടെ വന്നുകണ്ടു റിപ്പോർട്ടുചെയ്യുന്നതിനു് ഞങ്ങളെ അയച്ചിരിക്കുകയാണു്." രാജ്യഭരണമേധാവികളായ കൗണ്ടു് ഫ്റെഡെറിക്കു, മാർകിസ് പല്ലവിച്ചീനി, കൗണ്ടു് ളൂയിസ് എന്ന മഹാരഥന്മാരാണു് തന്റെ മുമ്പിൽ നിൽക്കുന്നതെന്നു ബോസ്കോഅച്ചൻ അവരിൽനിന്നുതന്നെ മനസ്സിലാക്കി.

ഓട്ടറിയുടെ എല്ലാഭാഗങ്ങളും അദ്ദേഹം അവരെ സബഹുമാനം ചുറ്റിനടന്നു കാണിച്ചു. ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശത്തേയും തൽക്കാലനിലയേയും പറ്റി പലതും ഇതിനിടയിൽ അവർ ചോദിച്ചു നോട്ടുചെയ്തു. ഓരോ വിവരവും മേൽക്കുമേൽ അവരുടെ അത്ഭുതത്തെ വർദ്ധമാനമാക്കിക്കൊണ്ടിരുന്നു. അപ്പോഴേക്കും അവർ പാചകശാലയിലെത്തി. മർഗ്ഗരീത്താമ്മ അവിടെ പാത്രങ്ങൾ കഴുകിക്കൊണ്ടിരിക്കുകയായിരുന്നു.

"ഇതു എന്റെ അമ്മയാണു്, ഇപ്പോൾ ഈ അനാഥക്കുട്ടികളുടേയും അമ്മയായി ചാർജ്ജെടുത്തിരിക്കുന്നു."

"കൊള്ളാം, നല്ലകാര്യം. അമ്മ കുട്ടികൾക്കു എന്തെല്ലാം ഭക്ഷണം കൊടുക്കുന്നുണ്ടു്?"

"അപ്പവും സൂപ്പുമാത്രം കൊടുക്കാനേ ഇപ്പോൾ സാധിക്കുന്നുള്ളൂ."

"ഫാദർ ബോസ്കോയ്ക്കു എന്തെല്ലാമാണു കൊടുക്കുന്നതു്?"

"അദ്ദേഹത്തിനും അതൊക്കെത്തന്നേ"

"അതു തീരെ കുറവാണല്ലോ. അട്ടെ ഈ ജോലിയിൽ നിങ്ങളെ സഹായിക്കുന്നതിനു വേറെ ആരൊക്കെയാണുള്ളതു്?"

"ഒരാളുകൂടിയുണ്ടു്. പക്ഷേ ഇന്നു അയാൾ വേറെ ചില ജോലികളിൽ ഏർപ്പെട്ടിരിക്കയാണു്."

"എവിടെയാണതു്?"

"അതാ ഇവിടെത്തന്നെ" എന്നുപറഞ്ഞു പൊട്ടിച്ചിരിച്ചുകൊണ്ടു ബോസ്കോഅച്ചനെ ചൂണ്ടിക്കാണിച്ചു. എല്ലാവരും ചേർന്നു ഹാർദ്ദമായി കുറേനേരത്തേക്കു ചിരിച്ചു.

"ഓഹോ! ഫാദർ ബോസ്കോയെപ്പറ്റി ഞങ്ങൾ പലതും കേട്ടിരുന്നു. ഒരു പാചകവിദഗ്ദ്ധനുംകൂടിയാണു് അദ്ദേഹമെന്നു ഇപ്പോഴാണറിയുന്നതു്. നല്ല കാര്യംതന്നെ. അമ്മയേയും മകനേയും ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു."

അനന്തരം അവർ മർഗ്ഗരീത്താമ്മയോടു യാത്രപറഞ്ഞു. അപ്പോഴേക്കും കുട്ടികളുടെ ഉല്ലാസം അവസാനിപ്പിക്കുന്നതിനുള്ള മണികൊട്ടി. കളിനിന്നു; സർവ്വത്ര നിശ്ശബ്ദമായി. അഞ്ഞൂറിലധികമുള്ള കുട്ടികൾ എല്ലാവരും കപ്പേളയിൽ അണിനിരന്നു. അവിടെ നടന്ന പ്രസംഗം, ഉപദേശം, ദിവ്യകാരുണ്യാശീർവാദം ഇവയിലെല്ലാം മാന്യാതിഥികളും സംബന്ധിച്ചു. അവരുടെ അത്ഭുതത്തിനു അതിരില്ലായിരുന്നു എന്നു ചുരുക്കിപ്പറയാനേ നിവൃത്തിയുള്ളൂ.

കൗണ്ടു ഫ്റെഡെറിക്കു എല്ലാവരുടേയും പേർക്കായി ഇങ്ങനെ ഉപസംഹരിച്ചു: "ആകയാൽ, ഫാദർ ബോസ്കോ! ഞാൻ മുഖസ്തുതി പറയുകയാണെന്നു വിചാരിക്കരുതു്. ഇവിടെ കണ്ടവ സമസ്തവും എന്നെയും എന്റെ സ്നേഹിതന്മാരെയും വിസ്മയപരതന്ത്രരാക്കിയിരിക്കുന്നു. കത്തോലിക്കരും, ഈ രാജ്യത്തെ പൗരന്മാരും, പാർലിമെന്റു അംഗങ്ങളുമെന്ന നിലകളിൽ നിങ്ങളുടെ ഈ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഞങ്ങളുടെ നിർവ്യാജമായ അഭിനന്ദനം രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ടു്. ഉടനെതന്നെ ഞങ്ങളുടെ റിപ്പോർട്ടു ഗവണ്മെന്റിലേക്കു സമർപ്പിക്കും. ഗണ്യമായ ഒരു സഹായധനം നിങ്ങൾക്കു പ്രതീക്ഷിക്കാവുന്നതാണു്. ഞങ്ങളുടെ സ്വന്തം നിലയിൽ ഇപ്പോൾ നൽകുന്ന ഈ പാരിതോഷികവും സദയം സ്വീകരിക്കുമല്ലോ."

ഗണ്യമായ ആ ദാനവും നന്ദിപൂർവ്വം സ്വീകരിച്ചു് ഫാദർ ബോസ്കോ, അവരെ ഉപചാരസമേതം യാത്രപറഞ്ഞയച്ചതിനോടെ ആ രംഗം അവസാനിച്ചു. വിനാവിളംബം ഗവണ്മെന്റിൽനിന്നുള്ള സഹായധനം സിദ്ധിച്ചുതുടങ്ങുകയും ചെയ്തു.

പ്രിയ കുഞ്ഞുങ്ങളേ, ബോസ്കോ അച്ചനോടും കുട്ടികളോടും ചേർന്നു നമുക്കും അനുമോദിക്കാം. കർത്താവിന്റെ അനന്ത കാരുണ്യത്തിൽ ശരണപ്പെടുന്നതിനു പൂർവ്വൽ പരിശ്രമിക്കാം.

കത്തുകളും മറുപടിയും

230- ടി. കെ. ജോസഫ്.

"...കഴിഞ്ഞ മാസം 3-ാനു ഞങ്ങൾ 29 പേർ ആദ്യമായി കുർബാന കൈക്കൊണ്ടു. ആ നല്ലകാര്യം വേറെ ചില നല്ലകാര്യങ്ങൾ തമ്പുരാൻ സാധിച്ചുതരുന്നതിനായിട്ടു ഞങ്ങൾ കാഴ്ചവച്ചു. അതു എന്തെന്നറിയാനെന്നു വല്യച്ചൻ കാണാനായി അതിന്റെ അച്ചടിച്ച ഒരു പ്രതി ഇതിൽ പതിച്ചുവയ്ക്കുന്നു. കുഞ്ഞുങ്ങളോടു കർത്താവിനു വലിയ ഇഷ്ടമാണെന്നും, കുഞ്ഞുങ്ങളുടെ അപേക്ഷ കർത്താവു സാധിച്ചുതരുമെന്നും ഞങ്ങൾക്കു ഉറപ്പുണ്ടു്. ഈ കാര്യത്തിനായി വല്യച്ചൻ അപേക്ഷിച്ചാൽ വേഗം ഇതു സാധിച്ചുകിട്ടും."

അച്ചടിച്ചിട്ടുള്ള ആ കുറിപ്പു താഴെ ചേർക്കുന്നു:—വി. കൊച്ചുത്രേസ്യാ പുണ്യവതി! ഭൂമിയിലെ മനുഷ്യർക്കു നന്മ ചെയ്യുന്നതിനായിട്ടുള്ള സ്വർഗ്ഗത്തിലെ അങ്ങയുടെ വേല ഫലപ്രദമായിത്തീരുന്നതിനും, തിരുസ്സഭ ചെയ്യുന്ന വേദപ്രചാരവേല വിജയകരമാകുന്നതിനും അൽഫോൻസാമ്മയേയും കുര്യാക്കോസ് ഏലിയാസച്ചനേയും, ദൈവസഹായപ്പിള്ളയേയും വിശുദ്ധരുടെ ഗണത്തിൽ എണ്ണുന്നതിനു ഇടയാകുവാൻ വേണ്ടിയും എന്റെ ആദ്യകുർബാനകൈക്കൊള്ളപ്പോഴിനെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു.

പ്രിയ മകനേ! പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയ ആ കുഞ്ഞുമാലാഖമാർ 29 പേർക്കും വല്യച്ചന്റെ ആത്മാർത്ഥമായ ആശിസ്സും അനുമോദനവും! ദിവ്യസ്നേഹിതനായ ഈശോ സിംഹാസനം സ്ഥാപിച്ച ആ മനോഹരഹൃദയങ്ങളിൽ പിശാചിനു ഒരിക്കലും പ്രവേശനം കിട്ടാതിരിപ്പാൻ ദൈവം ഇടയാക്കട്ടെ!

ഈ കുഞ്ഞുജനപ്രതിനിധികളുടെ മെമ്മോറാണ്ഡം സ്നേഹരാജനായ ഈശോ എങ്ങനെ സ്വീകരിക്കാതിരിക്കും? തുടർന്നു അപേക്ഷിച്ചുകൊള്ളുക. വല്യച്ചനു കാണാനിടയായില്ലെങ്കിലും. നിങ്ങളിൽ ചിലർക്കെങ്കിലും, ഇതിൽ ചിലതെല്ലാം നിറവേറിക്കാണാൻ സംഗതിയാകാതിരിക്കയില്ല. മാന്നിലെ അമ്മമാർ നിങ്ങളിൽ വിതയ്ക്കുന്ന നല്ല വിത്തുകളാണിതെല്ലാമെന്നു എനിക്കു മനസ്സിലായി. ദൈവം അവരെയും അനുഗ്രഹിക്കട്ടെ! വിത്തുകൾ നൂറുമേനി ഫലം പുറപ്പെടുവിക്കട്ടെ!


നമ്മുടെ കുഞ്ഞുസഹോദരന്മാരുടെ ഈ അഭ്യർത്ഥനയനുസരിച്ചു കേരളീയരായ ഈ പുണ്യാത്മാക്കളെ പേരുവിളിച്ചുകിട്ടുന്നതിനായി ബാലരംഗസാമാജികരെല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കണം. എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന ശ്ലീഹന്മാരുടെ പ്രേഷിതരംഗങ്ങൾ ഏവ ആയിരുന്നു?

1 ബർത്തലോമ്മ. 2 യൂദാസ് തദ്ദേവൂസ്. 3 മത്തായി.

(ശേഷം 10-ാം പേജിൽ)



ഫാത്തിമായിൽ 1917 ഒക്ടോബർ 13-ാനു സൂര്യനൃത്തം ദർശിച്ചുകൊണ്ടുനിന്ന വമ്പിച്ച ജനക്കൂട്ടത്തിന്റെ മറ്റൊരുഭാഗം

പ്രഭാഷണം

# ആദ്ധ്യാത്മിക ഭക്ഷണം

"ഉത്തമവും പൂർണ്ണവുമായ ഏതു ദാനവും മുകളിൽനിന്നു—വല്ല മാറ്റമോ പകർച്ചയുടെ നിഴലോ ഇല്ലാത്തവനായ പ്രകാശങ്ങളുടെ പിതാവിൽനിന്നു—ഇറങ്ങിവരുന്നു. തന്റെ സൃഷ്ടങ്ങളിൽ നാം ആദ്യഫലമാകുവാൻ അങ്ങുന്നു ഇച്ഛിക്കയും സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിക്കയും ചെയ്തിരിക്കുന്നു. എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളിൽ ഓരോരുത്തനും കേൾക്കുവാൻ വേഗതയുള്ളവനും സംസാരിക്കുവാൻ താമസമുള്ളവനും, കോപിക്കുവാൻ മന്ദതയുള്ളവനുമായിരിക്കണം. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല. തന്മൂലം എല്ലാ അശുദ്ധിയും തിന്മയുടെ ആധിക്യവും നിങ്ങളിൽനിന്നു ദൂരെ അകറ്റി നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ കഴിവുള്ളതായി നമ്മുടെ സ്വഭാവത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വചനത്തെ താഴ്മയോടുകൂടി സ്വീകരിക്കുവിൻ." (ഉയിർപ്പു് 4-ാം ഞായർ; ലേഖനം: യാക്കോ 1, 17-21)

ഇന്നു ലോകത്തിലെ ദുരന്തദുരിതങ്ങൾക്കും കൊടുയാതനകൾക്കും നിദാനമായിരിക്കുന്നതു പട്ടിണിപ്പിശാചാണു്. കൊടുമ്പിരിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ സാമ്പത്തികപ്രശ്നങ്ങളിൽ നേതാക്കന്മാരെ നക്ഷത്രമെണ്ണിക്കുന്നതും ഭക്ഷണപ്രശ്നമാണു്. എല്ലാവർക്കും ഭക്ഷിക്കണം; അങ്ങനെ എല്ലാവർക്കും ജീവിക്കണം; കുബേരകുചേലഭേദമെന്യേ ഓരോ പൗരനും ജീവസന്ധാരണത്തിനാവശ്യമായ ഭക്ഷണം ലഭിക്കണം; ഇതു സാധിച്ചുകൊടുക്കുന്ന ഭരണമേ ഭരണമാകൂ. നാട്ടിൽ ക്ഷേമൈശ്വര്യങ്ങൾ കളിയാടണമെങ്കിൽ—വേണ്ട, നാടു് നിലനില്ക്കണമെങ്കിൽ—പട്ടിണിയെ വിപാടനം ചെയ്തേ കഴിയൂ. ഓരോരുത്തരുടേയും ബുദ്ധിയിലും മനസ്സിലും മജ്ജയിലും തുളച്ചുകയറുന്ന പരമാർത്ഥങ്ങളാണു് ഇവയെല്ലാം. എന്നാൽ അതേസമയംതന്നെ, മറ്റൊരു പരമാർത്ഥം നാം മറന്നുകളയരുതു്. അതെന്താണു്? "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നതു്; പ്രത്യുത, ദൈവത്തിന്റെ വായിൽനിന്നു് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടും ആകുന്നു" എന്നുള്ള ക്രിസ്തുനാഥന്റെ പ്രബോധനമാണതു്. പട്ടിണിയാൽ എരിപൊരികൊള്ളുന്നവരിൽനിന്നും പൊട്ടിത്തെറിക്കുന്ന വിപ്ലവസ്ഫുലിംഗങ്ങൾ വിദ്വേഷത്തേയും രക്തച്ചൊരിച്ചിലിനേയും ആളിക്കത്തിച്ചുകൊണ്ടിരിക്കുന്ന ഒരന്തരീക്ഷത്തിലും ഈ പരമാർത്ഥം നാം മുറുകെപ്പിടിക്കണം. ദൈവവചനമാണു നമുക്കു ആദ്ധ്യാത്മികജീവൻ നൽകുന്നതു്. അതുകൊണ്ടാണു് സത്യത്തിന്റെ വചനത്താൽ അങ്ങുന്നു നമ്മെ ജനിപ്പിക്കയും ചെയ്തിരിക്കുന്നുവെന്നു ഇന്നത്തെ ലേഖനത്തിൽ പറയുന്നതു്. മനുഷ്യനിൽ ശാരീരികാംശം മാത്രമല്ല, ആദ്ധ്യാത്മികാംശവും കൂടിയുണ്ടു്. ഭക്ഷ്യപേയങ്ങൾ ലഭിച്ചാൽ ശാരീരികാംശം തൃപ്തിയടയും. എന്നാൽ ആത്മാവു് പരിപോഷിപ്പിക്കപ്പെടണമെങ്കിൽ ദൈവവചനമാകുന്ന ഭക്ഷണം അതിനു് ലഭിക്കണം; അല്ലെങ്കിൽ അതു ക്ഷീണിച്ചു തളർന്നു ക്രമേണ മൃത്യുവിനിരയാകും. ആത്മാവിന്റെ ഈ പട്ടിണിയെപ്പറ്റി നാം ചിന്തിക്കാറുണ്ടോ? സകല മനുഷ്യരും ദിവ്യസൂക്തങ്ങളാൽ യഥാർത്ഥമായി പോഷിപ്പിക്കപ്പെടുന്നവരാണെങ്കിൽ ശാരീരികമായ പട്ടിണിതന്നെ ഇന്നു ലോകത്തിൽനിന്നും ഉന്മൂലനം ചെയ്യപ്പെട്ടതായിരുന്നില്ലേ? ആത്മാവിന്റെ ഭക്ഷണമായ ദിവ്യവചസ്സുകൾ സ്വാർത്ഥത്തേയും ധനാസക്തിയേയും അനീതികളേയും വിപാടനം ചെയ്യും; അപ്പോൾ പട്ടിണിയും അന്തർദ്ധാനം ചെയ്യും.

ദൈവവചനമാകുന്ന ആദ്ധ്യാത്മിക ഭക്ഷണം സമൃദ്ധിയായിത്തന്നെ നമുക്കു നൽകപ്പെട്ടിട്ടുണ്ടു്. ലോകചരിത്രത്തിന്റെ പ്രഥമഘട്ടത്തിൽ ദൈവം നേരിട്ടുതന്നെ മനുഷ്യരോടു സംഭാഷിച്ചിരുന്നു. പിന്നീടു് പ്രവാചകന്മാരും പിതാക്കന്മാരും വഴിയായി ദൈവവചനം മനുഷ്യർക്കു ലഭിച്ചു. അതിനുശേഷം ദൈവമായ ക്രിസ്തുനാഥൻതന്നെ ദിവ്യസൂക്തികൾ അവയുടെ പൂർണ്ണതയിൽ മനുഷ്യരെ ഗ്രഹിപ്പിച്ചു. "ദൈവം പണ്ടു നമ്മുടെ പിതാക്കന്മാരോടു എല്ലാ പ്രകാരത്തിലും എല്ലാ വിധത്തിലും പ്രവാചകന്മാർ മുഖേന സംസാരിച്ചു ഈ അവസാനനാളുകളിൽ, താൻ ആരെ സകലത്തിന്റെയും അധികാരിയായി സ്ഥാപിച്ചിരിക്കുന്നുവോ, ആർ മൂലം ലോകങ്ങളെ ഉണ്ടാക്കിയോ, ആ തന്റെ പുത്രൻ മുഖേന അങ്ങുന്നു് നമ്മോടു സംസാരിച്ചിരിക്കുന്നു" (Heb. I. 1.) ശിഷ്യന്മാർ ക്രിസ്തുവിന്റെ പ്രബോധനങ്ങളെ വിശദീകരിക്കയും പ്രസിദ്ധീകരിക്കയും ചെയ്തു. ഇന്നാകട്ടെ രണ്ടിനങ്ങളിലായി ദിവ്യപ്രബോധനങ്ങൾ നമുക്കു ലഭിക്കുന്നു. ഒന്നു്, ലിഖിതമായിട്ടുള്ളവ: വേദപുസ്തകം, സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ, ഭക്തിപരങ്ങളായ ഗ്രന്ഥങ്ങൾ മുതലായവ; രണ്ടു്,

വാമൊഴിയായിട്ടുള്ളവ: പ്രസംഗങ്ങൾ, ധ്യാനോപദേശങ്ങൾ, വേദോപദേശങ്ങൾ മുതലായവ.

ദൈവവചനത്തിന്റെ മാഹാത്മ്യം ഗ്രഹിക്കുന്നതിനു സുവിശേഷത്തിലെ ഒരു സംഭവം പരിശോധിച്ചാൽ മതി. "അവിടുന്നു ഇവ അരുളിച്ചെയ്തപ്പോൾ ജനക്കൂട്ടത്തിൽനിന്നു് ഒരു സ്ത്രീ ഉയർന്ന സ്വരത്തിൽ അവിടുത്തോടു്: നിന്നെ വഹിച്ച ഉദരത്തിനും നിന്നെ കുടിപ്പിച്ച സ്തനങ്ങൾക്കും ഭാഗ്യം! എന്നു പറഞ്ഞു. അവിടുന്നു അവളോടു്: ദൈവവചനം കേൾക്കയും അനുസരിക്കയും ചെയ്യുന്നവർക്കു ഭാഗ്യം! എന്നരുളിച്ചെയ്തു." (Luk XI,27) ഇതിൽനിന്നു, ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാനെ ഉദരത്തിൽ വഹിക്കുകയും തീററിപ്പോററുകയും ചെയ്യുന്നതിനെക്കാൾ ഒട്ടും കുറവല്ലാത്ത ഒരു കൃത്യമാണു് ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കയും തദനുസാരം ജീവിക്കയും ചെയ്യുന്നതെന്നു സിദ്ധിക്കുന്നു. ക്രിസ്തുവും ദൈവവചനവും തുല്യനിലയിൽ പരിഗണിക്കപ്പെടുന്നു. ദിവ്യലിഖിതങ്ങളിലും ദേവാലയപ്രസംഗങ്ങളിലും ക്രിസ്തു ഏതാണ്ടു മനുഷ്യാവതാരം ചെയ്തിരിക്കുന്നതുപോലെയാണു്. (quasi-incarnation) പരിശുദ്ധകുർബാന ആത്മാവിന്റെ ഭക്ഷണമായിരിക്കുന്നതുപോലെതന്നെ തുല്യനിലയിൽ ദൈവവചനവും ആത്മാവിന്റെ ഭക്ഷണമാണു്. കാരണം വി. ആഗുസ്തീനോസ് പറയുന്നു: "ദൈവവചനം ക്രിസ്തുവിന്റെ ശരീരത്തെക്കാൾ ശ്രേഷ്ഠതയിൽ ഒട്ടും കുറവല്ല." (non est minoris excellentiae quam Corpus Christi) തന്നിമിത്തമാണു ദൈവവചനം പ്രസംഗിക്കുന്ന വൈദികന്റെ വായ് പരിശുദ്ധകുർബാനയെ സംവഹിക്കുന്ന ചന്ദ്രക്കല (luna) പോലെയാണെന്നു പറയപ്പെടുന്നതു്. ക്രിസ്തുവും ദിവ്യവചനവും തുല്യമാഹാത്മ്യമുള്ളവയാണു്.

ജീവനും ആരോഗ്യവും പരിപോഷിപ്പിക്കപ്പെടുന്നതിനുവേണ്ടി ശാരീരികഭക്ഷണം നാം ദിവസേന രണ്ടും മൂന്നും പ്രാവശ്യം അനുഭവിക്കുന്നു. എന്നാൽ ആത്മാവിന്റെ ഭക്ഷണമായ ദൈവവചനം കേൾക്കുന്നതിനും വായിക്കുന്നതിനും ഹൃദിസ്ഥമാക്കുന്നതിനും നാം എത്രയോ അലസന്മാരാണു്! ഓർശ്ലത്തുനിന്നു യൂദന്മാർ ബാബിലോണിലേക്കു് അടിമകളായി കൊണ്ടുപോകപ്പെടുകയും അവിടത്തെ പ്രവാസത്തിനിടയിൽ ദൈവപ്രമാണങ്ങൾ അവരെ വായിച്ചു കേൾപ്പിക്കുവാൻ ബറൂക്കു് ദീർഘദർശി നിയോഗിക്കപ്പെടുകയും ചെയ്തു. എത്ര ആദ്ധ്യാത്മികാനന്ദത്തോടും തീവ്രമായ ആഗ്രഹത്തോടുംകൂടിയാണു് അവർ ബറൂക്കിനെ ശ്രവിച്ചതു്? "അവർ പ്രമാണങ്ങൾ വായിച്ചുകേട്ടപ്പോൾ കരയുകയും ഉപവസിക്കുകയും കർത്താവിന്റെ മുമ്പാകെ പ്രാർത്ഥിക്കുകയും ചെയ്തു." "സീയോനെ ഓർത്തപ്പോൾ ബാബിലോണിലെ ജീർണ്ണാവശിഷ്ടങ്ങളിന്മേൽ ഇരുന്നുകൊണ്ടു് ഞങ്ങൾ വിലപിച്ചു." "എന്റെ വലംകൈ ഞാൻ മറന്നാലും ഓർശ്ലമേ, നിന്നെ ഞാൻ മറക്കുകയില്ല." ഈ യൂദന്മാരുടെ സ്ഥിതിവിശേഷം തന്നെയാണു് നമുക്കും വന്നുഭവിച്ചിരിക്കുന്നതു്. നമ്മുടെ ജന്മദേശമായ സ്വർഗ്ഗീയ ഓർശ്ലമിൽനിന്നു വളരെ ദൂരത്തിൽ, ലോകമാകുന്ന ബാബിലോണിൽ, നാം പ്രവാസമനുഭവിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ സമാശ്വസിപ്പിക്കുന്നതിനും രക്ഷയുടെ സുവിശേഷം നമ്മെ അറിയിക്കുന്നതിനുമുള്ള ദിവ്യ സന്ദേശങ്ങളല്ലയോ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്? അതുകൊണ്ടു് നാമും യൂദന്മാരെപ്പോലെ ഉൽക്കടമായ ആകാംക്ഷയോടും ആനന്ദത്തോടും ദൈവവചനം സ്വീകരിക്കുന്നതിൽ ഉത്സുകരായിരിക്കണം.

മഹാനായ കോൺസ്റ്റൻടൈൻ ചക്രവർത്തി തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചുകൊണ്ടുള്ള ഒരു തിരുവെഴുത്തു് വനവാസിയായ വി. അന്തോണിസിനു് അയച്ചുകൊടുത്തു. ഇത്ര മഹാനായ ചക്രവർത്തി തൃക്കൈവിളയാടിക്കൊണ്ടു ഇപ്രകാരമൊരെഴുത്തു് കല്പിച്ചയക്കുവാൻ തിരുവുള്ളമുണ്ടായതിൽ മററു സന്യാസികൾ അത്ഭുതസ്തിമിതരായി. അപ്പോൾ വി. അന്തോണിസു അവരോടു പറഞ്ഞു: "എന്നെപ്പോലെ ഒരു മനുഷ്യൻതന്നെയായ ചക്രവർത്തിതിരുമനസ്സുകൊണ്ടു് എനിക്കു ഒരെഴുത്തയച്ചതിൽ അത്രയൊന്നും ആശ്ചര്യപ്പെടുവാനില്ല. എന്നാൽ ദൈവം അങ്ങേ പുത്രൻവഴിയായി നമ്മോടു സംസാരിക്കയും വി. ലിഖിതങ്ങൾ അയക്കുകയും ചെയ്തതോർത്തു് നിങ്ങൾ ആശ്ചര്യപ്പെടുവിൻ." ദൈവത്തിന്റെ ഒരു മഹാദാനമായ ദിവ്യപ്രബോധനങ്ങളെ കേൾക്കുന്നതിലും വായിച്ചറിയുന്നതിലും നാം ജാഗ്രതരാകണം. അത്താഴത്തിനു വീട്ടിൽ എല്ലാ അംഗങ്ങളും വട്ടമിട്ടിരുന്നു ശാരീരികഭക്ഷണം കഴിക്കുന്നതുപോലെതന്നെ, കുടുംബാംഗങ്ങളെല്ലാവരും കൂടിയിരുന്നു ആദ്ധ്യാത്മികഭക്ഷണമായ ദൈവവചനം ശ്രവിക്കട്ടെ. വേദപുസ്തകവും മററു സൽഗ്രന്ഥങ്ങളും എല്ലാവരും കൂടിയിരുന്നു വായിക്കുന്ന പതിവു് ഓരോ ഇടവകയിലും പ്രചരിക്കട്ടെ. കാരണവന്മാർക്കു വായിക്കുവാൻ വിഷമമാണെങ്കിൽ കുട്ടികൾ വായിക്കട്ടെ. അക്ഷരാഭ്യാസമുള്ളവരാണല്ലൊ വളർന്നുവരുന്നതലമുറ. ജോലിചെയ്തു ക്ഷീണിച്ചിട്ടാണെങ്കിൽ കിടന്നുകൊണ്ടെങ്കിലും ദൈവവചനം ശ്രവിക്കുക. ഏതുവിധവും ഭക്തിപരമായ പുസ്തകപാരായണം കുടുംബത്തിലെ അനുദിനച്ചടങ്ങായിത്തീരട്ടെ.

(ജെ. ചെമ്മണൂർ)



ഫാത്തിമായിലെ ദർശനം

# Temperaments

## The Sanguinic Temperament

*General character*: Love of a good time.

*External sign*: Talkativeness.

*Chief aim in life*: The pleasant and agreeable.

*Slogans*: "Sufficient for the day is the evil thereof."
"Let us eat, drink and be merry."
"Work can wait; let's enjoy ourselves now."
"Hail, hail, the gang's all here."

*Easiest virtues*: Justice, fair play, good fellowship, almsgiving, kindness, hospitality.

*Most difficult virtues*: Prudence, perseverance, self-denial, temperance, chastity.

*Frequent faults or sins*: Sensuality, vanity, time-wasting, lack of responsibility or sense of duty, procrastination, lack of moderation in sense enjoyments.

*Nature of feelings*: Quick to react, but not deep or lasting; moved easily to laughter or tears, and from one to the other without a lasting impression.

*Reaction to correction*: Very docile and repentant, quick to promise reform, though quick to break promise again. No hard feelings.

*Best fitted for*: Athletics, acting, or salesmanship, and any work that requires meeting and mingling with people, without too much responsibility for details.

## The Melancholic Temperament

*General character*: Excessive sadness

*External sign*: Moodiness, silence, aloofness.

*Chief aim in life*: To live in a dream world.

*Slogans*: "To be or not to be, that is the question."
"I am grown sick of this base world."
"Nobody understands me."
"Life is so complicated."
"Oh, woe is me!"

*Easiest virtues*: Studiousness, humility, loyalty, faith, prayer and contemplation.

*Most difficult virtues*: Justice, forgiveness, candour, cheerfulness, confidence.

*Frequent faults or sins*: Sensitiveness, antipathies, jealousy of friends' love, discouragement, scrupulosity and despair.

*Nature of feelings*: Deep and lasting; loves intensely and hates fiercely; feelings arise from imagination rather than from external things; relives feelings over and over.

*Reaction to correction*: Unless tactfully given, inclined to worry and brood over it, to take it more seriously than intended, even to despair.

*Best fitted for*: The fine arts: literature, painting etc., speculative study and research; teaching, preaching and writing on religion.

## The Choleric Temperament

*General character*: The desire to dominate and lead.

*External sign*: Dogged and untiring activity.

*Chief aim in life*: To succeed and be recognized as a leader.

*Slogans*: "Let the chips fall where they may."
"Every obstacle a stepping-stone."
"Aim at the top and don't look back."
"First place or nothing."

*Easiest virtues*: Diligence, perseverance, fortitude, self-denial, courage, liberality.

*Most difficult virtues*: Humility, meekness, tolerance, sympathy, forgiveness.

*Frequent faults or sins*: Arrogance, obstinateness, vindictiveness, envy, anger, revenge.

*Nature of feelings*: Powerful, expansive, sweeping all before them when in line with ambitions. Bitter, resentful, deep-seated against those who oppose.

*Reaction to correction*: Not humble or docile, but self-righteous and self-vindicating. Angrily puts blame on others.

*Best fitted for*: Executive positions, if faults checked and controlled. Makes an excellent farmer, where energies can be directed to conquer the land, not other people.

## The Phlegmatic Temperament

*General character*: Unemotional tranquility.

*External sign*: Easy-going freedom from worry or agitation under all circumstances.

*Chief aim in life*: to take it easy.

*Slogans*: "What's the hurry?"
"Why all the excitement?"
"There is always tomorrow."
"Peace at all costs."

*Easiest virtues*: Prudence, patience, meekness, neatness, forgiveness.

*Most difficult virtues*: Diligence, zeal, liberality, unselfishness.

*Frequent faults or sins*: Sloth, avarice love of ease, contentment with mediocrity, lack of repentance.

*Nature of feelings*: Slow to react, of low intensity, never greatly enthused or depressed.

*Reaction to correction*: Undisturbed by it, and requires more than usual prodding to make any progress.

*Best fitted for*: Scientific and mechanical detail work, experimental research, the practical trades and occupations. Good for personnel work, because of clear judgment unclouded by emotion.

*From the Liguorian*

ആരോഗ്യപംക്തി

# നീർപോളൻ

(പി. വി. പോൾ)

വേനൽക്കാലത്തിന്റെ ആരംഭത്തോടുകൂടി പൊട്ടിപ്പുറപ്പെടുന്ന ഒരു രോഗമാണു് നീർപോളൻ അഥവാ ചിക്കൻപോക്സ്. പോകാത്, ചൊള്ള എന്നീ പേരുകളിലും ഈ രോഗം അറിയപ്പെടുന്നു. ഈ രോഗം കാഴ്ചയിൽ വസൂരിയോടു ഏതാണ്ടു സാമ്യംവഹിക്കുന്നതുകൊണ്ടു, പലവിധത്തിലുള്ള തെററിദ്ധാരണകൾക്കും ഇടംനൽകുന്നു. താഴെ പറയുന്നവയാണു് അവതമ്മിലുള്ള ചില വ്യത്യാസങ്ങൾ:-

| വസൂരി | നീർപോളൻ |
|---|---|
| 1. പനി തുടങ്ങി മൂന്നാം ദിവസമാണു് തടിപ്പുകൾ സാധാരണ ദേഹത്തിൽ പൊന്തിക്കാണുക. | 1) പനിയും പോളങ്ങളും ഒരുമിച്ചാണു അനുഭവപ്പെടുന്നതു്. ചിലപ്പോൾ പോളങ്ങൾ കണ്ടതിനുശേഷമെ പനി തുടങ്ങാറുള്ളു. |
| 2. സാധാരണ കുരുക്കൾ, മുഖം, കയ്യ് മുതലായ ഭാഗങ്ങളിലാണു് കൂടുതൽ കാണുക. | 2) മുഖത്തും കയ്യിന്മേലും മററും കുറവും, മററുള്ള ഭാഗങ്ങളിൽ ധാരാളവും കാണുന്നു. |
| 3. പോളങ്ങൾ മുഴുവൻ ചലം നിറഞ്ഞ ചെറിയ അറകളായതുകൊണ്ടു് ഒരു സൂചി കൊണ്ടു കുത്തിയാൽപോലും മുഴുവൻ പൊട്ടുന്നില്ല. | 3) തീപ്പൊള്ളിയാൽ ഉണ്ടാകുന്ന പോളങ്ങൾപോലെയാണു് കാണുക. |
| 4. എല്ലാ പോളങ്ങളും ഒരേ ദിവസംതന്നെ കണ്ടുതുടങ്ങുന്നതുകൊണ്ടു അവയുടെ വളർച്ചയെല്ലാം ഒപ്പമായിരിക്കും. | 4) പോളങ്ങൾ തുടർച്ചയായി പല ദിവസങ്ങളിലും ഉണ്ടാകുന്നതുകൊണ്ടു, ദേഹത്തിന്റെ നാനാഭാഗത്തും കാണുന്ന പോളങ്ങൾക്കു് പല വലിപ്പവും വളർച്ചാഭേദങ്ങളും കാണാം. |
| 5. വസൂരി കുത്തിവെച്ചിട്ടുള്ളവർക്കും വസൂരി രോഗം ഉണ്ടായവർക്കും ഈ രോഗം സാധാരണമായി ഉണ്ടാകുന്നതല്ല. | 5) വസൂരി കുത്തിവെച്ചവർക്കും ഈ രോഗം ബാധിക്കാം. |
| 6. കുത്തിവെക്കാത്തവർക്കു് വസൂരി ബാധിച്ചാൽ ഒരുപക്ഷേ അംഗവൈകല്യമോ, കാഴ്ചക്കുറവോ, ചിലപ്പോൾ മരണംതന്നെയോ സംഭവിക്കാം. | 6) നീർപോളൻ ബാധിച്ചവർക്കു മരണമോ അംഗവൈകല്യമോ സംഭവിച്ചതായി അനുഭവത്തിലില്ല. |
| 7. രോഗം ഭേദമായാലും അടയാളം നിലനില്ക്കുന്നു. | 7) ഒരു കറുത്ത പുള്ളി അവശേഷിക്കുമെങ്കിലും കാലാന്തരത്തിൽ അവ നിശ്ശേഷം മാഞ്ഞുപോകുന്നു. |

കുട്ടികളിലാണു് പ്രായേണ ഈ രോഗം അധികമായി പടർന്നു പിടിച്ചു കാണുന്നതു്. അതുകൊണ്ടു സ്കൂൾ അധികൃതന്മാർ ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധപതിക്കേണ്ടതു അത്യാവശ്യമാണു്. രോഗാരംഭത്തിൽ വയറിളക്കുന്നതു രോഗത്തിന്റെ ശക്തി കുറയ്ക്കുവാൻ വളരെ നല്ലതാണു്. വസൂരിരോഗിയെപ്പോലെതന്നെ, ഈ രോഗിയേയും വേർതിരിച്ചു താമസിപ്പിക്കുന്നതും, മററു ആരോഗ്യമുറകൾ അനുഷ്ഠിക്കുന്നതുമാണു് ഇതിനുള്ള പ്രതിവിധി.

(മ. പ.)

ചെറുകഥ

# പിച്ചക്കാരൻ

(കെ. പി. ജോസഫ് ഉദയമ്പേരൂർ)

വിപ്ലവത്തിൽ വക്കച്ചൻ വലിയ ഒരു സാഹിത്യകാരനാണു്. "നഗ്നമായ യാഥാർത്ഥ്യ"ങ്ങളുടെ നഗ്നമായ ചിത്രങ്ങൾ നിറഞ്ഞ അദ്ദേഹത്തിന്റെ ചെറുകഥകൾ സാഹിത്യലോകത്തിൽ ഒരു കോളിളക്കംതന്നെയുണ്ടാക്കി. പുരോഹിതന്മാരുടെ ക്രമക്കേടുകളെപ്പററിയും അവർ നടത്തുന്ന ചൂഷണങ്ങളെപ്പററിയും വക്കച്ചൻ എഴുതിത്തള്ളിയതിനു കൈയും കണക്കുമില്ല. വക്കച്ചന്റെ ചെറുകഥ ഏതെങ്കിലും ആഴ്ചപ്പതിപ്പിലുണ്ടെന്നു കേട്ടാൽമതി വില്പനക്കാരന്റെ കൈയിൽനിന്നു പ്രതികൾ മുഴുവൻ നിമിഷനേരംകൊണ്ടു വിററഴിയുവാൻ. അങ്ങനെ പുരോഗമന സാഹിത്യസാവിയററിലെ സ്റ്റാലിനായിത്തീർന്നു സാഹിത്യസമ്രാട്ട് സഖാവു വക്കച്ചൻ.

"വെള്ളതേച്ച കുഴിമാടം", "നൂററൊന്നു കുട്ടക്കകൾ", "സിമിത്തേരിയിലേക്ക്", "കർബ്ബാനക്കുപ്പായം" ഇവയെല്ലാം വക്കച്ചൻ എഴുതിയ സുപ്രസിദ്ധങ്ങളായ ചെറുകഥകളാണു്. ആ ഓരോ ചെറുകഥകളിലും വക്കച്ചന്റെ അരിവാൾപോലെയുള്ള ഭാഷ പുരോഹിതന്മാരുടെ അനീതികളെയും അക്രമങ്ങളെയും അരിഞ്ഞു വീഴ്ത്തുവാനുള്ള ഉഗ്രതയോടെ ഉജ്ജ്വലതയുടെ ഉച്ചകോടിയിലെത്തിയിട്ടുണ്ടു്. ഇത്രമാത്രം വിപ്ലവപരങ്ങളായ പുരോഗമനകഥകൾ ഭാഷാസാഹിത്യത്തിലുണ്ടായിട്ടില്ലെന്നാണു് ഒരു നിരൂപകൻ പ്രസ്തുത കഥകളെപ്പററി അഭിപ്രായപ്പെട്ടതു്.

കണ്ണിനു മുമ്പിൽ കാണുന്നതു കണ്ടതുപോലെ കടലാസിലേക്കു പകർത്തുക. ഇതാണു് കഥയെഴുതുന്നതിൽ സഖാവു വക്കച്ചന്റെ മുദ്രാവാക്യം. വക്കച്ചന്റെ വീടിനു മുമ്പിലാണു് ദേവാലയം. അതുകൊണ്ടു് അയാളുടെ കണ്ണിനു മുമ്പിലാണു് ആ ദേവാലയത്തിലെ വൈദികൻ. അച്ചന്റെ അടുക്കളയിൽനിന്നു കറിയുടെയും മററും മണം നിത്യവും വക്കച്ചന്റെ മൂക്കിൽ വന്നടിക്കാറുണ്ടു്.

വക്കച്ചൻ കഥയെഴുതി തുടങ്ങുന്നകാലത്തു അയാളുടെ വീടു് ഓലമേഞ്ഞ ഒരു ചെറുകുടിലായിരുന്നു. അന്നയാൾക്കു നിത്യദാരിദ്ര്യമായിരുന്നു. അന്നൊക്കെ ആ അടുക്കളയിൽനിന്നു് ഇറച്ചിയുടേയും മീനിന്റേയും മണം വന്നു മൂക്കിൽ തുളഞ്ഞു കയറുമ്പോൾ, അയാളുടെ വായിൽ കൊച്ചലകൾ നൃത്തം ചെയ്യാറുണ്ടായിരുന്നു. അന്നു സഖാവു വക്കച്ചൻ ഒരു ചെറുകഥ എഴുതി അതിന്റെ പേരാണു് "നിരുത്തിപ്പൊരിച്ച കോഴി" ആ കഥയുടെ പ്രസിദ്ധി ഇന്നും നിശ്ശേഷം മാഞ്ഞുപോയിട്ടില്ലെന്നു വേണം പറയുവാൻ.

സഖാവു വക്കച്ചന്റെ ഇന്നത്തെ വീടു് ദേവാലയത്തെക്കാൾ പൊക്കമുള്ള ഒരു വലിയ മാളികയാണു. "പതിനാറു ദേഷിച്ചകഥകൾ" എന്ന ഏററവും പുരോഗമനപരമായ ഒരു ചെറുകഥാസമാഹാരമാണു് ആ മാളികപണിക്കുള്ള സകല പണവും നേടിക്കൊടുത്തതു്. രണ്ടുമാസത്തിനുള്ളിൽ എട്ടു പതിപ്പുകൾ വേണ്ടിവന്നു എന്നു പറയുമ്പോൾ അതിന്റെ അത്ഭുതാവഹമായ പ്രചാരത്തെപ്പററി ഊഹിക്കാമല്ലോ. ഇന്നു സാഹിത്യകാരൻ സഖാവു വക്കച്ചൻ തികച്ചും ഒരു പണക്കാരനായിരിക്കയാണു്. തന്റെ സാഹിതീസേവനത്തിനു സഹൃദയർ നൽകിയ ഹൃദയംഗമമായ ഈ പ്രോത്സാഹനത്തെപ്പററി വക്കച്ചൻ എപ്പോഴും അഭിമാനത്തോടുകൂടി പറയാറുണ്ടു്.

ഇന്നു അച്ചന്റെ അടുക്കളയിൽനിന്നു പുറത്തുവരുന്ന മണത്തെക്കാൾ നൂറിരട്ടി സ്വാദേറിയ മണം നൽകുവാൻ തക്കവണ്ണം സഖാവു വക്കച്ചന്റെ അടുക്കള പുരോഗമിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങനെ ആഡംബരത്തിൽ ആരെയും നാണിപ്പിക്കാൻ വക്കച്ചനു ഇന്നു സാധിക്കും.

ഒരു സുപ്രഭാതം. മനോഹരമായ കിഴക്കനാകാശച്ചെരുവിലേക്കു് അഭിമുഖമായിരുന്നു് വക്കച്ചൻ "പിച്ചക്കാരൻ" എന്ന ഒരു പുതിയ ചെറുകഥ എഴുതുകയാണു്.

"ഇന്നത്തെ ചീഞ്ഞളിഞ്ഞ വ്യവസ്ഥിതിയോടുള്ള ഒരു ചോദ്യചിഹ്നംപോലെ ദ്രവിച്ചുതീരാറായ ആ മനുഷ്യത്വം മുന്നോട്ടുനീങ്ങി. ഒട്ടിയൊടിഞ്ഞു കിടക്കുന്ന ആ ഉദരത്തിൽ വിശപ്പിന്റെ വിപ്ലവം പൊട്ടിത്തെറിക്കാറായ ഒരഗ്നിപർവ്വതംപോലെ ഉരുകിത്തിളയ്ക്കുകയാണു്."

ഇത്രയും വക്കച്ചൻ എഴുതിയപ്പോഴേക്കു സുഗന്ധമുള്ള ഒരു കപ്പു ചൂടുകാപ്പി മേശപ്പുറത്തുവന്നു. ഒരു വലിയ പ്ലേററിൽ പുഴുങ്ങിയ രണ്ടു താറാവിൻമുട്ടയും തൊലിയുരിച്ചു് കൊതിയൂറുന്ന വിധത്തിൽ മൂന്നു വലിയ നേന്ത്രപ്പഴങ്ങളും. വക്കച്ചൻ ഒരുകവിൾ കാപ്പികുടിച്ചു മുട്ടയുടെ തൊണ്ടു പൊളിച്ചു പഞ്ചസാരപൂശിക്കൊണ്ടുനിന്ന വേലക്കാരനോടു പറഞ്ഞു. എന്നിട്ടു് പുഴുങ്ങിയ നേന്ത്രപ്പഴം തെരുതെരെ രുചിയോടെ തിന്നുതുടങ്ങി. ഏതായാലും വിശപ്പിന്റെ ഒരഗ്നിപർവ്വതം പോയിട്ടു്, ഒരു ചെറിയ നെരിപ്പോടുപോലും സ്വന്തം വയററിൽ വെച്ചുകൊണ്ടിരിക്കുവാൻ വക്കച്ചൻ തയാറല്ലായിരുന്നു. തിന്നുന്നതിനിടയ്ക്കു എന്തോ രണ്ടുനാലു നല്ലവാക്കുകൾ തോന്നിയതു കടലാസിലേക്കു പകർത്തുവാനായി അയാൾ പേനയെടുത്തു; ഉടനെ പടിക്കൽ നിസ്സഹായത നിറഞ്ഞ ഒരു നിലവിളി: "പല്ലും തരുണ—ഇററു വെള്ളമെങ്കിലും."

വക്കച്ചൻ പടിക്കലേക്കു നോക്കി. ഒരു പിച്ചക്കാരൻ! വക്കച്ചൻ എഴുതുന്ന ചെറുകഥയുടെ ജീവനുള്ള രൂപംപോലെ ആ പിച്ചക്കാരൻ അവിടെ നിന്നു വക്കച്ചൻ പലപ്പോഴും ഇല്ലെന്നു പറയുകയും എഴുതുകയും ചെയ്തിട്ടുള്ള ആ "ദൈവം" അയച്ച ഒരു ചെകുത്താനെപ്പോലെ ആ പിച്ചക്കാരൻ അവിടെ നിന്നു. ഭോജനസുഖത്തിൽ കുളിച്ചു നിൽക്കുന്ന വക്കച്ചന്റെ നേരെ പൊട്ടിത്തെറിക്കാനുള്ള ഒരഗ്നിപർവ്വതംപോലെ ആ പിച്ചക്കാരന്റെ വയർ ഒട്ടിക്കിടന്നിരുന്നു. വക്കച്ചൻ കുടിക്കുന്ന കാപ്പിയുടെ ഒരു കവിളെങ്കിലും കിട്ടിയെങ്കിൽ അയാളുടെ വരണ്ട ചുണ്ടുകൾ നനവുമായിരുന്നു. ആ പഴത്തിന്റെ തൊലിയെങ്കിലും കിട്ടിയിരുന്നെങ്കിൽ അയാളുടെ നാവിൽ മാധുര്യത്തിന്റെ ഒരു നനവും വയററിൽ നിറവിന്റെ ഒരു തീകവുമുണ്ടാകുമായിരുന്നു.


സഖാവു വക്കച്ചനു അതു അത്ഭുതകരമായ ഒരു യാദൃച്ഛികതപോലെ തോന്നി അയാൾ വെറുക്കുന്ന ദൈവം ഇത്ര കുസൃതിയാണോ എന്നയാൾ ചിന്തിച്ചു. അല്ലെങ്കിൽ അയാൾ "പിച്ചക്കാരൻ" എന്ന കഥയെഴുതുമ്പോൾ, അതും സമൃദ്ധമായ ഒരു കാപ്പിമൂലം സ്വന്തം വയററിനെ സൽക്കരിക്കുമ്പോൾ, എന്തിനങ്ങനെ ഒരു പിച്ചക്കാരൻ ദുസ്സ്വപ്നം അയാളുടെ ഭോജനസുഖത്തിൽ കരിനിഴൽ വിരിക്കാനായി പടിക്കൽ വന്നു നിൽക്കണം!



സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മാള ഇടവകയിൽ വിശുദ്ധവാരത്തിൽ നടത്തിയ ഫ്രാൻസിസ്കൻ കപ്പൂച്ചിൻ മിഷൻ ധ്യാനത്തിന്റെ അവസാനദിവസം തൃശ്ശൂർ ബിഷപ്പു തിരുമേനി ആശീർവ്വാദകർമ്മത്തിനു വന്നപ്പോൾ എടുത്ത ഫോട്ടോ.

വായ നിറച്ചു രുചിയേറിയ പഴമാക്കിയശേഷം വക്കച്ചൻ വേലക്കാരനോടു ആ പിച്ചക്കാരനെ പുറത്താക്കി പടിയടയ്ക്കാൻ ആജ്ഞാപിച്ചു ആ അനുസരണമുള്ള വേലക്കാരൻ അതു പോലെ തന്നെ ചെയ്തു വക്കച്ചൻ സ്വാദേറിയ പഴവും രുചിയുള്ള മുട്ടയും മാധുര്യമേറിയ കാപ്പിയും കഴിച്ചശേഷം സൈ്വരമായി എഴുതുവാൻ വീണ്ടും പേനയെടുത്തു.

എഴുതിനിറുത്തിയ ഭാഗം അയാൾ ഒന്നുകൂടി വായിച്ചു:



ധ്യാനം നടത്തിയ പന്തലിൽ ദിവ്യബലി അർപ്പിക്കുന്നതിനു പ്രത്യേകമായി നിർമ്മിച്ച ബലിപീഠം.

"ഇന്നത്തെ വ്യവസ്ഥിതിയോടുള്ള ചോദ്യചിഹ്നംപോലെ, ദ്രവിച്ചു തീരാറായ ആ മനുഷ്യത്വം മുന്നോട്ടു നീങ്ങി ഒട്ടിയൊടിഞ്ഞു കിടക്കുന്ന ആ ഉദരത്തിൽ വിശപ്പിന്റെ വിപ്ലവം പൊട്ടിത്തെറിക്കാറായ ഒരഗ്നിപർവ്വതം പോലെ ഉരുകിത്തിളയ്ക്കുകയാണു്."

ആ മുഖവുര അവസാനിപ്പിക്കാൻ ഇനി ഒരു വാചകംകൂടി വേണം വക്കച്ചൻ ആലോചിച്ചു നെററി ചുളിച്ചു ചിന്തിച്ചു ഒന്നും കിട്ടിയില്ല. മുക്കിയെടുത്ത പേനത്തുമ്പിലെ മഷി അന്തരീക്ഷത്തിന്റെ ചൂടിൽ ആവിയായിത്തീർന്നുപോയി. എന്നിട്ടും അയാൾക്കൊന്നും തോന്നിയില്ല. അയാളുടെ ബുദ്ധി ശൂന്യമായി. ആലോചന നിശ്ചലമായി മിനുസമേറിയ ആ പേനത്തുമ്പിലൂടെയുള്ള മഷിയുടെ ഒഴുക്കു നിന്നു പോയ. അതുവരെയും വിമാനവേഗത്തോടെ പറന്നുകൊണ്ടിരുന്ന അയാളുടെ ഭാവന ചിറകൊടിഞ്ഞു നിലംപതിച്ചു പാറക്കെട്ടുകളെ തട്ടിത്തകർത്തു് ഉന്മേഷത്തോടെ ഒഴുകിയിരുന്ന അയാളുടെ ചിന്താസരിത്തു് അണകെട്ടിയാലെന്നവണ്ണം പെട്ടെന്നു നിന്നുപോയി. സമുദ്രംപോലെ നിറഞ്ഞു ഗർജ്ജിച്ചിരുന്ന അയാളുടെ വാഗ്ധോരണി ഒരു മരുഭൂമിപോലെ വരണ്ടു നിശ്ചലമായി. കാരണം?—

"ആ പിച്ചക്കാരൻ! ആ പിച്ചക്കാരൻ!!"

വക്കച്ചൻ പിറുപിറുത്തു. പൊതുജനങ്ങളുടെ ആ സാഹിത്യകാരന്റെ ഭാവനയുടെ കഴുത്തിനു കത്തിവച്ച ആ പിച്ചക്കാരനെ കാണുവാൻവേണ്ടി സഖാവിന്റെ കണ്ണുകൾ തിരഞ്ഞു.

അവൻ അപ്പോൾ ദേവാലയത്തിന്റെ പടിതുറന്നു അകത്തു കടക്കുകയായിരുന്നു. പിച്ചക്കാരൻ അച്ചന്റെ സന്ദർശനമുറിക്കഭിമുഖമായി ചെന്നു നിന്നു് എന്തോ പറഞ്ഞു അച്ചൻ പുറത്തു വന്നു എന്തോ സംസാരിച്ചു എന്നിട്ടകത്തേക്കുപോയി. ഒരു വലിയ ചട്ടി നിറയെ ചോറു കറിയുമായി അച്ചന്റെ "വലിയക്കാരൻ" വന്നു. അയാൾ അതു ദയാപൂർവ്വം പിച്ചക്കാരനു കൊടുത്തു സംതൃപ്തി നിറഞ്ഞ മുഖത്തോടും സന്തോഷം തുളുമ്പുന്ന കണ്ണുകളോടുംകൂടെ പടിക്കു പുറത്തു വന്നിരുന്നു പിച്ചക്കാരൻ അതു തിന്നുതുടങ്ങി. ആർത്തിയോടുകൂടി അതു മുഴുവൻ ഒരു നിമിഷംകൊണ്ടയാൾ തിന്നുതീർത്തു. നിറഞ്ഞുവീർത്ത ആ വയർ അയാൾ ഒന്നു തടവി ജീവിതത്തിലെ ഏററവും സുഭിക്ഷമായ ആ ഭക്ഷണത്തിന്റെ ദാതാവിനോടുള്ള കൃതജ്ഞത ആ മുഖത്തിൽ മുററിനിന്നു. ഇതെല്ലാം സഖാവു വക്കച്ചൻ കണ്ടു

പിച്ചക്കാരൻ റോഡരികിൽ നിന്നെഴുന്നേററു വക്കച്ചന്റെ വീട്ടിലേക്കു നോക്കി. നിശ്ചേഷ്ടനായിരുന്ന സഖാവിനെ കണ്ടുപിടിച്ചു എന്നിട്ടൊരു നോട്ടം തുറിച്ചുന്തിയ കണ്ണുകളോടെ ജ്വലിക്കുന്ന ഒരഗ്നിപർവ്വതത്തെക്കാൾ ഭയങ്കരമാണു് ആ കണ്ണുകളെന്നു വക്കച്ചനു തോന്നി പൊട്ടിയൊലിക്കുന്ന ലാവയെക്കാളും ചൂടേറിയതാണാ നോട്ടം.

വക്കച്ചൻ വിറങ്ങലിച്ചു അയാൾ ഭയപ്പെട്ടു. വിവരിക്കാവതല്ലാത്ത ഒരു പരിഭ്രമം, പറയാനാവാത്ത ഒരു ഭയങ്കരത, അയാളെ ആവരണംചെയ്തു. ചെറുകഥകൾകൊണ്ടു വാരിത്തൂത്ത അയാളുടെ പ്രശസ്തി പൊടുന്നനവെ ഉടഞ്ഞുപോകുന്നതുപോലെ അയാൾക്കു തോന്നി. ചെറുകഥകളിൽ അയാൾ അവകാശപ്പെട്ടിരുന്ന ആത്മാർത്ഥത ഇന്നയാൾക്കില്ലെന്നു മനസ്സിലായി ഭംഗിയേറിയ വാചകങ്ങളിൽ ചായംതേച്ചു കാണിച്ചിരുന്ന അയാളുടെ മനുഷ്യത്വം ഒരു ശവത്തേക്കാൾ മരവിച്ചതാണെന്നയാൾക്കു തോന്നി. അയാൾ എഴുതിക്കൂട്ടിയ കഥകളും ചെയ്തുകൂട്ടിയ പ്രസംഗങ്ങളും ആത്മാർത്ഥതയില്ലായ്മയുടെ വെറും പേക്കോലം തുള്ളലുകളാണെന്നും വെളുത്തൊലിച്ച സ്വാർത്ഥതയുടെ പൊള്ളയായ ജല്പനങ്ങളാണെന്നും അയാൾക്കു തീർച്ചയായി.

അല്പസമയത്തേക്കു വക്കച്ചന്റെ മുഖം ഒരടച്ചുറമൂക്രുമ്പുപോലെ വിളറിപ്പോയി. ഒടുവിൽ തീവ്രമായ ഒരു നിശ്ചയത്തിന്റെ നിഴലാട്ടം, ദൃഢമായ ഒരു തീർച്ചയുടെ പ്രതിഫലനം വക്കച്ചന്റെ മുഖത്തു നിഴലിച്ചു. അയാൾ നേരെ മുറിയിലേക്കു നടന്നു. അല്പ സമയം

(ശേഷം 8-ാം പേജിൽ)

## എൽത്തുരുത്തു ബോർഡിംഗ്

എൽത്തുരുത്തു സെൻറ് അലോഷ്യസ് ഹൈസ്കൂൾ മദ്ധ്യവേനൽ അവധികഴിഞ്ഞു് മേയ് 3-ാംനു തുറക്കുന്നതാണു്. മേയ് 15-ാംനു മുതൽ അഡ്മിഷൻ ആരംഭിക്കും. ഈ കൊല്ലവും കുട്ടികൾക്കു് ബോർഡിങ്ങിൽ എല്ലാ സൗകര്യങ്ങളും ഉണ്ടു്. ബോർഡിങ്ങു് ഫീസ് 175 ക മാത്രം. കൂടുതൽ വിവരങ്ങൾക്കു് എഴുതി ചോദിക്കുക.

Rev. Fr. Heraclius C. D., Rector

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി. പാണ്ടിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.

റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 22 | ERNAKULAM, MAY 11, 1949 | No 36


# കത്തോലിക്കാ കോൺഗ്രസിലെ പ്രായോഗിക പാഠങ്ങൾ

കഴിഞ്ഞയാഴ്ചയിൽ രാമപുരത്തുവച്ചു നടന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 24-ാമതു സമ്മേളനം പലതുകൊണ്ടും അത്ഭുതപൂർവ്വകമായ ഒന്നായിരുന്നുവെന്നു കാണുന്നതിൽ ഞങ്ങളത്യന്തം സന്തോഷിക്കുകയും തൽഭാരവാഹികളെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു. നാലുമെത്രാന്മാരുടെ മഹനീയമായ സാന്നിദ്ധ്യവും സഹകരണവും സമ്മേളനച്ചടങ്ങുകളെ സവിശേഷം പവിത്രീകരിക്കുവാൻ പര്യാപ്തമായിരുന്നു. സമ്മേളനച്ചടങ്ങുകളിൽ അദ്ധ്യക്ഷത വഹിച്ച അവൈദികപ്രമുഖന്മാരിൽ മൂന്നുപേർ പേപ്പൽബഹുമതികളാൽ സമലംകൃതരും ഒരാൾ കൊച്ചിയിലെ ഒരു ബ. മന്ത്രിയും ആണെന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. മിഷൻപ്രദർശനം ഇക്കൊല്ലത്തെ സമ്മേളനച്ചടങ്ങുകളുടെ കത്തോലിക്കമായ ചൈതന്യത്തിനും പ്രയോജനത്തിനും വളരെയധികം മാററു കൂട്ടിയിട്ടുണ്ട്. മലബാർ കാത്തലിക്ക് യൂത്ത് ലീഗിൻെറ വാർഷികസമ്മേളനം കോൺഗ്രസിൻെറതിനോടനുബന്ധിച്ചു നടത്തപ്പെട്ടതും അഭിനന്ദനീയംതന്നെ.

### കത്തോലിക്കരുടെ കർത്തവ്യം

കോൺഗ്രസ്സ് സമ്മേളനം ഉൽഘാടനംചെയ്ത മദ്രാസ് മെത്രാപ്പോലീത്താ മത്തിയാസ് തിരുമേനിയുടെ വാക്കുകൾ കോൺഗ്രസിനു മാർഗ്ഗദർശനം നല്കുവാൻ തികച്ചും പര്യാപ്തമാണ്. "അടിയന്തിരവും അതിപ്രധാനവും അപരിഹാര്യവുമായ ഒരു കർത്തവ്യം നമുക്കുണ്ടായിരിക്കുന്നു; അതു നമ്മുടെ സത്വരശ്രദ്ധയെ അർഹിക്കുന്നുമുണ്ട്. കത്തോലിക്കരായ നമുക്കു ഭാരതത്തിലേ പൗരന്മാരെന്നനിലയിൽ ദേശോദ്ധാരണപദ്ധതിയിൽ നമ്മുടെ സ്ഥാനം വഹിക്കുന്നതിനും, രാജ്യത്തിൻെറ ധാർമ്മികവും സാമൂഹ്യവും സാമ്പത്തികവുമായ അഭിവൃദ്ധിയിൽ നമ്മുടെ വീതം നല്കുന്നതിനും ചുമതലയും കടമയും ഉണ്ടെന്നുള്ളതാണത്. നിങ്ങളുടെ പ്രവിശ്യയിലെ ജനസംഖ്യയിൽ മൂന്നിലൊന്നുവരുന്ന നിങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഈ കടമ കൂടുതൽ നിർബന്ധിതമായിരിക്കുന്നു. ഈ പ്രവിശ്യയുടെ ഭാവിതവ്യതകളെ രൂപപ്പെടുത്തുന്നതിൽ നിങ്ങളുടെ ഭാഗം വഹിക്കാതെ നിങ്ങൾ പിന്മാറിനിൽക്കുകയും, രാഷ്ട്രീയ ജീവിതപ്രവാഹം നിങ്ങളിൽനിന്നകന്നൊഴുകുവാൻ അനുവദിക്കുകയും ചെയ്യുന്നതായാൽ അതു കത്തോലിക്കരെന്ന നിലയിലുള്ള നിങ്ങളുടെ ഒരു കർത്തവ്യവിലോപമായിരിക്കുന്നതാണ്." പ്രസ്തുത കർത്തവ്യം അതിൻെറ നാനാമുഖങ്ങളിൽ നിർവ്വഹിക്കുവാൻ പ്രയോജനപ്പെടുന്നതും പ്രചോദനം നല്കുന്നതുമായ പ്രസംഗങ്ങളും ചർച്ചകളും പ്രമേയാവതരണങ്ങളുമാണ് സമ്മേളനച്ചടങ്ങുകളിൽ ഉൾക്കൊണ്ടിരുന്നതെന്നു കാണുന്നതു ഏററവും സന്തോഷാവഹംതന്നെ.

### വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസരംഗത്തിൽ കത്തോലിക്കരായ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതും പങ്കുവഹിക്കേണ്ടതുമായ ചില പ്രവർത്തനങ്ങളിലേക്കു വിദ്യാഭ്യാസസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച ഷെവലിയർ രത്നസ്വാമി നമ്മുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു. "സ്കൂൾ നടത്തുവാൻ ആഗ്രഹിക്കുന്ന ജനവിഭാഗക്കാർക്ക് അവ അനുവദിച്ചുകൊടുക്കണമെന്നും, അങ്ങനെയുള്ള സ്കൂളുകളിൽ ആ വിഭാഗത്തിൻെറ മതത്തിനു വ്യക്തിജീവിതത്തേയും സാമുദായികജീവിതത്തേയും സംബന്ധിച്ചിടത്തോളമുള്ള നിലയ്ക്കു യോജിച്ച ഒരു സ്ഥാനം അനുവദിക്കണമെന്നും നാം വാദിക്കതന്നെ ചെയ്യണം. ഗവർമ്മെൻറുകൾ മതവിദ്യാഭ്യാസത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ—പ്രവിശ്യകളിലെ വിദ്യാഭ്യാസമന്ത്രിമാരിൽ അങ്ങനെ വിശ്വസിക്കാത്തവർ ആരുമില്ല—പാഠപദ്ധതികളിലും ടൈംടേബിളിലും അതിനു പ്രമുഖസ്ഥാനംതന്നെ അനുവദിക്കണം. സർക്കാർസ്കൂളുകളിൽ മതത്തിനു ഈ സ്ഥാനം അനുവദിക്കാൻ നിവൃത്തിയില്ലെങ്കിൽ വിഭാഗീയവിദ്യാലയങ്ങളിലെങ്കിലും അപ്രകാരം ചെയ്യണം." ക്രിസ്ത്യാനികളായ നമുക്കു വിദ്യാഭ്യാസരംഗത്തു നേതൃത്വം നല്കാവുന്ന ഇതരമാർഗ്ഗങ്ങളേയും ഈ മഹാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്: "വ്യവസായവിദ്യാലയങ്ങളോ സാങ്കേതികവിദ്യാലയങ്ങളോ നാടൊട്ടുക്കുണ്ടാക്കുന്നതിനു നമ്മുടെ വിദ്യാഭ്യാസസംഘടനകൾ മുതിർന്നാൽ അതു നാം ചെയ്യുന്ന വലിയ ഒരു രാജ്യസേവനമായിരിക്കും. ഓരോ രൂപതയ്ക്കും ഓരോ വ്യവസായവിദ്യാലയമായിരിക്കണം നമ്മുടെ ആദ്യലക്ഷ്യം." ക്രിസ്തീയവിദ്യാഭ്യാസാധികൃതർക്കു അവസരം നല്കുന്ന മറെറാരു സരണിയെപ്പററിയും ഷെവലിയർ അവർകൾ ഊന്നിപ്പറഞ്ഞു. അതു വയോജനവിദ്യാഭ്യാസമാണ്. ഓരോ ഇടവകയിലും നമുക്കു ഒരു വയോജനവിദ്യാഭ്യാസകേന്ദ്രം വീതം തുടങ്ങാം. മതാദ്ധ്യാപനത്തിനുള്ള സന്നദ്ധസംഘങ്ങളോ, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, ലീജിയൺ ഓഫ് മേരി എന്നീ സംഘടനകളിൽ ഏതെങ്കിലുമൊന്നോ വയോജനവിദ്യാഭ്യാസഭാരം കൈയേൽക്കുന്നതു നന്നായിരിക്കും. പ്രായപൂർത്തിവോട്ടവകാശത്തോടുകൂടി സാർവത്രികമായ സാക്ഷരത്വം സാധിക്കേണ്ടതാണെന്നുള്ള രാഷ്ട്രീയലക്ഷ്യത്തിലും സാക്ഷരത്വം തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കുമെന്നുള്ള സാമ്പത്തികലക്ഷ്യത്തിലും ഉപരിയായി, സാക്ഷരരായ ക്രിസ്തീയർ അവരുടെ മതത്തെ കൂടുതൽ സമർത്ഥമായി ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുമെന്നുള്ള ബോധം വയോജനവിദ്യാഭ്യാസവിഷയത്തിൽ ഉത്സാഹം കാണിക്കുന്നതിനും പ്രയത്നിക്കുന്നതിനും നമുക്കു പ്രചോദനം നല്കേണ്ടിയിരിക്കുന്നു."

സമ്പത്തികസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച കൊച്ചിയിലെ ബ. വിദ്യാഭ്യാസമന്ത്രി സി. എ. ഔസേപ്പ് അവർകൾ കേരളകത്തോലിക്കരുടെ വിദ്യാഭ്യാസപരിശ്രമങ്ങളെ പരാമർശിച്ചു നല്കിയ ഒരുൽബോധനവും ചിന്താർഹമാണ്. "തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ ഒന്നാംഗ്രേഡ് കോളെജുകൾ കത്തോലിക്കാസ്ഥാപനങ്ങളായി നടത്തുന്നുണ്ട്. ഇനിയും ഉപരി വിദ്യാഭ്യാസത്തിനുമാത്രമായി കൂടുതൽ കോളെജുകൾ സ്ഥാപിക്കുന്നതിനു കത്തോലിക്കാസ്ഥാപനങ്ങളോ കത്തോലിക്കാധികൃതസ്ഥാനങ്ങളോ ശ്രമിക്കുന്നതായി എൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സംരംഭങ്ങളിൽനിന്നു പിൻമാറുവാൻ ഞാൻ അവയിൽ ഇടപെട്ടിട്ടുള്ളവരോടു അപേക്ഷിക്കുന്നു."

### സാമ്പത്തികരംഗം

സാമ്പത്തികരംഗത്തു കത്തോലിക്കർക്കു നിർവഹിക്കാവുന്നതും അവർ നിർവഹിക്കേണ്ടതുമായ ചുമതലകളെ ബ. മന്ത്രി ഔസേപ്പ് അവർകൾ തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. "സോഷ്യലിസം, കമ്മ്യൂണിസം എന്നിവയുടെ ആദികാരണം പട്ടിണിയാകയാൽ പട്ടിണിയെ നീക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടിപ്പിടിക്കാതെ സോഷ്യലിസത്തേയും കമ്മ്യൂണിസത്തേയും വിജയകരമായി നേരിടുന്നതിനു സാദ്ധ്യമല്ല. വ്യക്തികളും സമുദായങ്ങളും ഒത്തൊരുമിച്ചും കാര്യക്ഷമമായ പരിപാടിയോടുകൂടിയും പ്രവർത്തിക്കേണ്ടതു ആവശ്യമാണ്." അനന്തരം അദ്ദേഹമിങ്ങനെ ചോദിച്ചു: "നമ്മുടെ അധീനത്തിലുള്ള വിദ്യാലയങ്ങളിൽക്കൂടെ സോഷ്യലിസം കമ്മ്യൂണിസം എന്നിവയെ തടയുന്നതിനു നാമെന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടോ? നമ്മുടെ സമുദായാംഗങ്ങൾ നിയന്ത്രിക്കുന്ന തൊഴിൽശാലകളിലും കാർഷികസ്ഥാപനങ്ങളിലും ബാങ്കുകൾ മുതലായവകളിലും തൊഴിലാളിയെസംബന്ധിച്ച സമുദായനീതിപാലനത്തിനു നാം യത്നിക്കുന്നുണ്ടോ? രൂപതകൾ, പള്ളികൾ മുതലായ നമ്മുടെ മതസ്ഥാപനങ്ങളുടെ വിസ്തൃതമായ ഭൂസ്വത്തുക്കളേയും അവയുടെ ആദായത്തേയും വിനിയോഗിക്കുന്നതിൽ സമുദായനീതിക്കനുസൃതമായും ആ നീതിയെ പാലിക്കുന്നതിനു പര്യാപ്തമായ നിലയിലും നാം പ്രവർത്തിക്കുന്നുണ്ടോ? ഇപ്രകാരമുള്ള ഒരു മനഃപരിശോധന അത്യാവശ്യമായിട്ടുണ്ട്." അദ്ദേഹമിങ്ങനെ തുടർന്നു: "നമ്മുടെ ദേവാലയങ്ങൾ നമ്മുടെ സ്ഥിതിക്കനുസരിച്ചുള്ളതും നമ്മുടെ സംസ്കാരത്തെ പ്രതിബിംബിപ്പിക്കുന്നതും ആയിരിക്കണമെന്നു സമ്മതിക്കാം. എന്നാൽ അനവധി ജീവൽപ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിരിക്കുന്ന ഈ സാഹചര്യങ്ങളിൽ അങ്ങനെയുള്ള ചെലവുകൾ നിയന്ത്രിക്കുകയും ചുരുക്കുകയും ചെയ്യേണ്ടതു അത്യാവശ്യമാണ്. വമ്പിച്ച മഹാസൗധങ്ങൾ നിർമ്മിക്കുന്നതിലും അത്യധികസുഖസൗകര്യാദികൾക്കായുള്ള ചെലവുകളിലും വസ്ത്രാഭരണാദികളിലുള്ള ഭ്രമത്തിലുംനിന്നു നമ്മുടെ സമുദായാംഗങ്ങൾ വിരമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു." കുടിൽവ്യവസായങ്ങളെപ്പററി അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "വിദ്യുച്ഛക്തി ധാരാളമായി അടുത്തഭാവിയിൽ ലഭിക്കുന്നതാകയാൽ പല തരത്തിലുള്ള കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുവാൻ സാധിക്കുന്നതാണ്. സാധുജനസംരക്ഷണത്തിനു അത്യാവശ്യമായ ഒരു മാർഗ്ഗമാണത്. സമുദായത്തിലെ സമ്പന്നരായ വ്യക്തികളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ബദ്ധശ്രദ്ധരായി പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു."

### പരസ്പരസഹായസംഘങ്ങളും മിച്ചനിക്ഷേപഫണ്ടും

സമ്പത്തികവിഷയത്തിൽ നാം സ്വീകരിക്കേണ്ട സൃഷ്ടിപരങ്ങളായ മാർഗ്ഗങ്ങളെപ്പററി ഷെവലിയർ ജോസഫ് തളിയത്ത് തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രതിപാദിക്കുകയിൽ ഊന്നിപ്പറഞ്ഞതു പരസ്പരസഹായസംഘങ്ങളുടേയും മിച്ചനിക്ഷേപഫണ്ടിൻെറയും കാര്യങ്ങളാണ്. "കഴിഞ്ഞകൊല്ലം തത്തംപള്ളിയിൽവച്ചുകൂടിയ കോൺഗ്രസിൽ അടുത്ത വാർഷികയോഗത്തിനുമുമ്പായി അൻപതിൽ കുറയാതെ പരസ്പരസഹായസംഘങ്ങൾ കോൺഗ്രസിൻെറ ശ്രമഫലമായി നടപ്പിൽവരുത്തേണ്ടതാണെന്നുള്ള ഒരു പ്രമേയം പാസാക്കുകയുണ്ടായ"യെന്നു പ്രസ്താവിച്ചശേഷം അതു നടപ്പിൽവരുത്തുവാൻ ചെയ്ത ശ്രമങ്ങളുടെ ഒരു ചെറിയ വിവരണം അദ്ദേഹം നല്കി. "പരസ്പരസഹായതത്വങ്ങൾ അടിസ്ഥാനപ്പെടുത്തിത്തന്നെ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും അവരുടെ ചെറിയ സമ്പാദ്യങ്ങൾ നിക്ഷേപിക്കുന്നതിനു സൗകര്യപ്പെടുന്ന ഒരു പദ്ധതി പല ഇടവകകളിലും കഴിഞ്ഞകൊല്ലം നടപ്പിൽവരുത്തിയിട്ടുണ്ട്" എന്നും അദ്ദേഹം പ്രസ്താവിച്ചു. അതിൻെറ ഒരു വിവരണവും പ്രസംഗത്തിൽ നല്കപ്പെട്ടു. "ഈ ഫണ്ടുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലുള്ളവർ ഇക്കാര്യത്തിൽ വളരെ ഉത്സാഹികളായി കാണപ്പെടുന്നുണ്ടെന്നാണ് എൻെറ അറിവ്. ഇങ്ങനെയുള്ള ഫണ്ടുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കാൻ യാതൊരു വിഷമവുമില്ല. ഞായറാഴ്ചതോറും കുർബാനകഴിഞ്ഞ് അരമണിക്കൂർ നേരം ഇതിലേക്കായി വിനിയോഗിക്കാൻ സൗമനസ്യമുള്ള ഒന്നുരണ്ടു പേർ ഓരോ ഇടവകയിലും ഇടവകവികാരിമാരെ സഹായിക്കാനുണ്ടായാൽ മതി. തൊഴിലാളികളേയും കുറഞ്ഞ ആദായം ലഭിക്കുന്നവരേയും മിതവ്യയശീലം പഠിപ്പിക്കാൻ ഈ ഏർപ്പാട്ട് ഏററവും പററിയതാണ്. പാശ്ചാത്യരാജ്യങ്ങളിലുള്ള മിക്ക സെൻറ വിൻസെൻറ് ഡി പോൾ സംഘങ്ങളോടും അനുബന്ധിച്ച് ഇമ്മാതിരി ഫണ്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെനിബാങ്ക്സ് (Penny Banks) എന്നപേരിലാണ് അവ അറിയപ്പെടുന്നത്. സെൻറ് വിൻസെൻറ് ഡി പോൾ സംഘങ്ങൾ നടത്തുന്നതോ അല്ലാത്തതോ ആയുള്ള ഇമ്മാതിരി മിച്ചനിക്ഷേപഫണ്ടുകൾ കേരളത്തിലെ എല്ലാ ഇടവകകളിലും ഉണ്ടാകുന്നപക്ഷം പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും അതു എത്രയോ വലിയ ഒരനുഗ്രഹമായിരിക്കും! അടുത്തവർഷത്തിൽ ഇമ്മാതിരി ഫണ്ടുകളും ശരിയായ പരസ്പരസഹായസംഘങ്ങളും കൂടുതലായി സ്ഥാപിക്കുന്നതിനു നാമെല്ലാവരും സവിശേഷം ശ്രദ്ധപതിക്കേണ്ടതാണ്."

### തൊഴിലാളിപാഠശാലകൾ

തൊഴിലാളിസംഘടനകളെ കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽനിന്നു രക്ഷിക്കുവാൻ അമേരിക്കയിലും മററും കത്തോലിക്കരായ സ്ത്രീപുരുഷന്മാർ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളെപ്പററി വിവരിച്ചശേഷം ഷെവലിയർ തളിയത്ത് ഇപ്രകാരം ഉൽബോധിപ്പിച്ചു: "ന്യൂയോർക്കു നഗരത്തിൽ കമ്മ്യൂണിസ്റ്റുകാർ കാണിക്കുന്ന വിദ്യകൾതന്നെയാണ് എറണാകുളത്തും ആലപ്പുഴയുമുള്ള കമ്മ്യൂണിസ്റ്റുകാരും പ്രയോഗിക്കുന്നത്. അവർക്കു അവിടെയും ഇവിടെയും ഉണ്ട് പഠനക്കളരികളും മററും. ആ കളരികളിൽവച്ചാണ് തൊഴിലാളികളെ തങ്ങളുടെ വശത്താക്കാനുള്ള വിദ്യകൾ അവർ അഭ്യസിപ്പിക്കുന്നത്. ന്യൂയോർക്കിലുള്ളതുപോലെ തൊഴിലാളികൾക്കായി നിശാപാഠശാലകൾ നമ്മുടെ തൊഴിലാളി കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടതു എത്രയോ അത്യാവശ്യമാണ്. എന്നാൽ മാത്രമേ നമുക്കു ട്രേഡ് യൂണിയൻ സംഘങ്ങളെ കമ്മ്യൂണിസ്റ്റുകളുടെ പിടിയിൽനിന്നും വിമോചിപ്പിക്കുവാൻ സാധിക്കയുള്ളു. ഇന്നു നാം ഒന്നു രണ്ടു സ്ഥലത്തു സമ്മർസ്കൂൾ നടത്തുന്നതിൽ സമുദായ നീതിയെപ്പററിയും മററും അഭ്യസനം നല്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ തൊഴിലാളികളോ തൊഴിലാളിനേതാക്കളോ ആയിരിക്കയില്ലല്ലോ ഈ സമ്മർ സ്കൂളിൽ സംബന്ധിക്കുന്നത്. തൊഴിലാളികളിൽത്തന്നെ കാര്യവിവരമുള്ള നേതാക്കളെ നാം സൃഷ്ടിക്കാത്തകാലത്തോളം ട്രേഡ്യൂണിയനുകൾ കമ്മ്യൂണിസ്റ്റുകാർക്കു വിധേയമായിത്തന്നെ നില്ക്കും. ട്രേഡ് യൂണിയനുകൾ കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽ നിന്നും മോചിപ്പിക്കപ്പെട്ടാൽ പിന്നെ കമ്മ്യൂണിസ്റ്റുകാരെ ഭയപ്പെടാനുമില്ല."

പാണ്ഡിത്യവും പക്വതയും പരിജ്ഞാനവുമുള്ള നേതാക്കന്മാർ നല്കിയിട്ടുള്ള മേലുദ്ധരിച്ച ഉൽബോധനങ്ങൾ ഏററവും വിവേകപൂർവ്വകവും ആവശ്യകവും കാലോചിതവുമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. വളരെ പണം ചെലവുചെയ്തു സമ്മേളനങ്ങൾ നടത്തുകയും അവയിൽ മഹായോഗ്യന്മാരെ വരുത്തി പ്രസംഗിപ്പിക്കുകയും ചെയ്തതുകൊണ്ടുമാത്രം നമുക്കും സമുദായത്തിനും രാജ്യത്തിനും പുരോഗതി ഉണ്ടാകുകയില്ലല്ലോ. പ്രസംഗങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുരോഗമനമാർഗ്ഗങ്ങളെ നിഷ്കർഷമായി സ്വീകരിച്ചു പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ആകയാൽ പ്രസ്തുത നിർദ്ദേശങ്ങൾ കഴിയുംവേഗം പ്രവൃത്തിയിൽ വരുത്തുവാൻ നമുക്കു ശ്രമിക്കാം.

---

## അമ്മ

"അമ്മ" എന്ന പേരിൽ ഒരു ത്രൈമാസികം നടത്തുവാൻ റവ. ഫാ. ജോസഫ് മാവുങ്കൽ അവർകൾക്കു ലൈസൻസ് കിട്ടിയിരിക്കുന്നതായറിയുന്നു. പ്രഥമലക്കം സെപ്റ്റംബർ 8-ാം നു- പുറപ്പെടുന്നതായിരിക്കും.

## പ്രസാധകക്കുറിപ്പുകൾ

### കത്തോലിക്കായുവാക്കൾ

കത്തോലിക്കായുവാക്കൾക്കായി പ്രാർത്ഥിക്കുക എന്നുള്ളതാണ് ജപമാലപ്രേഷിതസംഘത്തിന്റെ മേയ മാസത്തിലെ പൊതുനിയോഗം. പരിശുദ്ധപിതാവ് തന്റെ ആശ പ്രധാനമായി നിക്ഷേപിച്ചിരിക്കുന്നതു കത്തോലിക്കായുവാക്കളിലാണെന്നു ഒന്നിലധികം പ്രാവശ്യം വ്യക്തമാക്കിയിട്ടുണ്ട്. 1947 ഡിസംബർ 8-ാംനു ഇറ്റാലിയൻ കത്തോലിക്കായുവാക്കന്മാരോട് അവിടുന്നു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ധർമ്മധീരരും കർമ്മകുശലരുമായ യുവാക്കളേ, നിങ്ങളുടെ നില എവിടെയാണെന്ന് ആരെങ്കിലും നിങ്ങളോടു ചോദിക്കുകയാണെങ്കിൽ, സദാ പുരോഗമനോന്മുഖമായി, സമരത്തിന്റെ മുന്നണിയിൽത്തന്നെ എന്നു മറുപടിപറയാൻ നിങ്ങൾ സന്നദ്ധരായിരിക്കണം." അന്ധകാരത്തിന്റെ ശക്തികളുമായുള്ള സമരത്തിൽ വിജയംവരിക്കണമെങ്കിൽ, കത്തോലിക്കായുവാക്കൾ വിജ്ഞാനമതികളും ധൈര്യവാന്മാരും മതനിഷ്ഠയുള്ളവരുമായിരിക്കണമെന്നു അവിടുന്നു തുടർന്നു പ്രസ്താവിച്ചു. 1948 ജനുവരി 4-ാംനു നടത്തിയ പ്രഭാഷണത്തിൽ മാർപ്പാപ്പാതിരുമേനി, യുവത്വം എപ്രകാരം വിശുദ്ധിയോട് അനുബന്ധമായിരിക്കണമെന്നതിനെപ്പററി പ്രതിപാദിക്കുകയുണ്ടായി. ചാരിത്രശുദ്ധി, നിർമ്മലമനസ്സാക്ഷി, മാതാപിതാക്കന്മാരോടും മേലധികാരികളോടുമുള്ള ആദരവ് ആദിയായ ഗുണങ്ങളുടെ വിളനിലമായിരിക്കണം യുവാക്കൾ എന്ന് അവിടുന്നു സമർത്ഥിച്ചു. അവർ ക്രിസ്തുവിനാൽ നിറഞ്ഞവരായിരിക്കണമെന്നും, ദിവ്യനാഥനെ വിജ്ഞാനം വഴി തങ്ങളുടെ ബുദ്ധിയിലും, ക്രിസ്തീയനിയമാനുഷ്ഠാനംവഴി തങ്ങളുടെ ഇച്ഛാശക്തിയിലും, ദിവ്യകാരുണ്യസ്വീകരണംവഴി തങ്ങളുടെ ഹൃദയത്തിലും വഹിക്കണമെന്നും മാർപ്പാപ്പാതിരുമേനി ഉൽബോധിപ്പിച്ചു. ഏവംവിധം ക്രിസ്തീയാദർശങ്ങളാൽ ഭരിക്കപ്പെടുന്നവരും, സഭാശത്രുക്കൾ വയ്ക്കുന്ന വലകളിൽ കുടുങ്ങാത്തവരും, നിർമ്മതപ്രസ്ഥാനങ്ങളുടെ വെല്ലുവിളിയെ ചെറുത്തുനില്ക്കുവാൻ വേണ്ട കെല്പുള്ളവരുമായ യുവജനങ്ങളാണ് ഇന്നത്തെ ഏററവും വലിയ ആവശ്യം. അത്തരമൊരു സൈന്യനിരയെ രൂപവൽക്കരിക്കുന്നതിനുവേണ്ടിയാണ് ഇന്നു വിവിധദേശങ്ങളിൽ സമ്മർസ്കൂളുകളും ഏകാന്തധ്യാനങ്ങളും നടത്തപ്പെടുന്നതു്. അവയെല്ലാം വിജയപ്രദമാകുന്നതിനും, കത്തോലിക്കായുവാക്കൾ വിജ്ഞാനത്തിലും വിശ്വാസത്തിലും അടിയുറച്ചവരായി സഭാസേവനം പ്രശസ്തമായി നിർവ്വഹിക്കുന്നതിനും വേണ്ടി ഈ മാസത്തിൽ നമുക്കു പ്രാർത്ഥിക്കാം. പെൺകുട്ടികളുടെ ഇടയിൽ വേദപ്രചാരവേലയ്ക്കായുള്ള ദൈവവിളി വർദ്ധിക്കുക എന്നുള്ളതാണ് ഈ മാസത്തെ മിഷൻനിയോഗം.

### 32-ാം വാർഷികം

അടുത്ത മേയ് 13-ാംനു പരിശുദ്ധ കന്യകമറിയം ഭുവനപ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഫാത്തിമായിൽവച്ച് മൂന്നു കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടതിന്റെ 32-ാം വാർഷികമാണ്. ദിവ്യകന്യക ആ കുട്ടികളോടു പാപപരിഹാരാർത്ഥം പ്രായശ്ചിത്തംചെയ്യുന്നതിനും പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും പ്രത്യേകിച്ച് ജപമാല ചൊല്ലുന്നതിനും ആവശ്യപ്പെട്ടു. ഈ സംഭവം നടന്നതു് ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനഘട്ടത്തിലായിരുന്നു. രണ്ടാം ലോകമഹായുദ്ധാവസരത്തിലും മാതാവ് പലയിടങ്ങളിലും പ്രത്യക്ഷപ്പെട്ട് അന്നു ഫാത്തിമായിൽ വച്ചു ചെയ്ത അഭ്യർത്ഥന പുതുക്കുകയുണ്ടായി. 1942-ൽ ഫാത്തിമായിൽ മാതാവു പ്രത്യക്ഷയായതിന്റെ രജതജൂബിലി ആഘോഷിക്കപ്പെട്ടപ്പോൾ പരിശുദ്ധ പിതാവു ലോകം മുഴുവനും മറിയത്തിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചകാര്യവും പ്രസ്താവ്യമാണ്. ഈയിടെ മാരാവു് ഫിലിപ്പൈൻസിൽ ലിപ്പ എന്ന സ്ഥലത്തു് പലപ്രാവശ്യം ഒരു കർമ്മലീത്താർത്ഥിനിക്കു പ്രത്യക്ഷയായി ഫാത്തിമായിലെ അഭ്യർത്ഥനതന്നെ ആവർത്തിക്കുകയുണ്ടായി. റഷ്യയുടെ മാനസാന്തരവും കമ്മ്യൂണിസത്തിന്റെ നാശവും സാധിക്കണമെങ്കിൽ അധികമാളുകൾ പരിഹാര പ്രവൃത്തികൾ ചെയ്യുകയും മാതാവിന്റെ വിമലഹൃദയത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യണമെന്നാണു് മാതാവിന്റെ സന്ദേശങ്ങളിൽനിന്നു മനസ്സിലാകുന്നതു്. മാതാവിന്റെ ആഗ്രഹം ഫലപ്രദമാക്കുന്നതിനു അത്യുത്സാഹത്തോടുകൂടെ മുന്നിട്ടു പ്രവർത്തിക്കുന്നവരിൽ ഒരുത്തനാണ് അമേരിക്കയിലെ റവ. ഫാദർ ജോൺ റയൻ എസ്. ജെ. അദ്ദേഹത്തിന്റെ പരിശ്രമഫലമായി കന്യകമറിയത്തിന്റെ വിമലഹൃദയനാമത്തിലുള്ള "പാപപരിഹാരസഖ്യം" മൂന്നുകൊല്ലംമുമ്പ് സ്ഥാപിക്കപ്പെട്ടു. ഒരു കൊല്ലംമുമ്പ് പരിശുദ്ധ പിതാവ് അതിനെ ഒരു പ്രത്യേക തിരുവെഴുത്തുവഴി അനുഗ്രഹിക്കുകയുണ്ടായി. ഈ സഖ്യത്തിൽ ഇപ്പോൾ 36 രാജ്യങ്ങളിൽ (ഇൻഡ്യയുൾപ്പെടെ) നിന്നുമായി ഇരുപത്തിആറായിരത്തിൽപ്പരം ആളുകൾ ചേർന്നിട്ടുണ്ട്. അവരുടെ പേരുകളടങ്ങിയ രണ്ടു വലിയ പുസ്തകങ്ങൾ ഈ അടുത്തുവരുന്ന വെള്ളിയാഴ്ച, ഇപ്പോൾ അമേരിക്കയിൽനിന്നു ഫാത്തിമായിലേക്കു തീർത്ഥയാത്രചെയ്യുന്നവരിൽ ഒരുവനായ ഫാദർ ജോൺ റയൻ എസ്. ജെ. തന്നെ മേയ് 13-ാംനു ഫാത്തിമാമാതാവിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നതാണ്.

## അടുത്ത ആഴ്ചയിൽ

മേയ്

15 ഞാ: ഉയിപ്പ് 4-ാം ഞായർ
16 തി: യോഹന്നാൻ നെപ്പുസ്യാനോസ്, ശെമയോൻ സ്തോക്ക്
17 ചൊ: പാസ്കൽ ബായി ലാൺ
18 ബു: വെനാന്തിസ്
19 വ്യാ: പത്രോസ് സെലസ്തീനോസ്
20 വെ: ബെർണർദീനോസ് സെനൻസിസ്
21 ശ: അനിസെത്തോസ്

## ജയഭാരതം

തേവരെനിന്നും ഷെവ. സി. ജെ. വക്കിയുടെ നേതൃത്വത്തിൽ പ്രസിദ്ധപ്പെടുത്തിവരുന്ന "ജയഭാരതം" ത്രൈമാസികത്തിന്റെ 2-ാം ലക്കവും കൈപ്പററി നന്ദിപറയുന്നു. ഷെവ. സി. ജെ. വക്കി. ശ്രീമാന്മാരായ എസ്. പരമശിവയ്യർ ബി. എസ് സി, എം. എൻ. വിജയൻ, പി. എ. ഡാനിയൽ ബി. എസ് സി., ജെ. സി. മത്തായി എം. എ. മുതലായവരുടെ ലേഖനങ്ങളും, ശ്രീമാന്മാരായ നമ്പാത്തു ശിവരാമമേനോൻ, ജി. ശങ്കരക്കുറുപ്പു, പി. ജെ. ജോൺ ബി. എ. ബി. ററി. മുതലായവരുടെ കവിതയും ശ്രീ എം. എം. മാണി എം. എ. യുടെ ചെറുകഥയും മററും അടങ്ങിയ ഈ ലക്കം സർവ്വഥാ ആകർഷകമായിരിക്കുന്നു.

## ഷിമ്മിന്റെ മഞ്ഞക്കടലാസ്

മേല്പടി "സത്യദീപ"ലേഖനം വായിച്ചതിന്റെ ഫലമായി "St. Thomas" എന്ന അപരനാമത്തിൽ ഒരാൾ കൊല്ലം മെത്രാനച്ചൻ തിരുമനസ്സിലെപേർക്കു അയച്ചുകത്തും പണവും തിരുമനസ്സുകൊണ്ടു കൈപ്പററി നന്ദിപറയുന്നു. അയച്ചുതന്ന സഹായം തൊബിയാസ് എന്ന വൈദികവിദ്യാർത്ഥിക്കുപകരിക്കുന്നതായിരിക്കും. പ്രസ്തുത ഉപകർത്താവിനു് മെത്രാനച്ചൻ തിരുമനസ്സിലെ പൈതൃകാശീസ്സ്. (സെക്രട്ടറി)

## മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചു

വത്തിക്കാൻ മേയ് 10. പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. ലിയാക്കത്താലിഖാനും പത്നിയും മാർപ്പാപ്പാതിരുമേനിയെ മുഖംകാണിക്കുകയുണ്ടായി. പ്രസ്തുത സംഭവത്തിന്റെ സ്മാരകമായി തിരുമേനി സന്ദർശകർക്കു മെഡലുകൾ സമ്മാനിച്ചു. പാക്കിസ്ഥാനും പാക്കിസ്ഥാൻ പൗരന്മാരുടെ ക്ഷേമത്തിനുംവേണ്ടി താൻ പ്രാർത്ഥിക്കുന്നതാണെന്നു അവിടുന്നു പ്രസ്താവിക്കുകയുണ്ടായി. റോയിട്ടർ

പരേതനായ

## ഫാ. ലപ്പാർ എസ്. ജെ.

കാണ്ടി സെമ്മിനാരിയിൽ 1920 മുതൽ 1935 വരെ റെക്ടറായിരുന്ന റവ. ഫാദർ ഫ്രാൻസിസ് സേവ്യർ ലപ്പാർ എസ്. ജെ. ഇക്കഴിഞ്ഞ മേയ് 3-ാംനു ചൊവ്വാഴ്ച പ്രസ്തുത സെമ്മിനാരിയിൽ വച്ചു നിര്യാതനായിരിക്കുന്നു. തലേദിവസം അദ്ദേഹം ദിവ്യബലി അർപ്പിക്കുകയും സെമ്മിനാരി വിദ്യാർത്ഥികളുടെ കുമ്പസാരം കേൾക്കുകയും മററും ചെയ്തതാണ്. മരിച്ച ദിവസം കാലത്തും കുർബാന ചൊല്ലുന്നതിനാഗ്രഹിച്ചെങ്കിലും ക്ഷീണം നിമിത്തം അതിനു സാധിക്കായ്കയാൽ ദിവ്യകാരുണ്യം സ്വീകരിക്കുക മാത്രമേ ചെയ്തുള്ളു. ദേഹാസ്വാസ്ഥ്യം ക്രമേണ വർദ്ധിച്ചു ഒരുമണിക്കു ഡോക്ടർ വന്നപ്പോൾ ഏതാനും മണിക്കൂറുകൾ കൂടി മാത്രമേ ഫാ. ലപ്പാർ ജീവിക്കയുള്ളു എന്നു അഭിപ്രായപ്പെട്ടു. ഉടൻതന്നെ വെരി റവ. റെക്ടർ മരണാസന്നനായ വന്ദ്യവൈദികനു് അന്ത്യലേപനം നല്കി. തദനന്തരം സെമ്മിനാരി വിദ്യാർത്ഥികൾ രോഗിയുടെ മുറി സന്ദർശിച്ചു് തങ്ങളുടെ വാത്സല്യപിതാവിനു് അന്ത്യയാത്ര പറഞ്ഞു. 5.25 നു് അദ്ദേഹത്തിന്റെ നിർമ്മലാത്മാവ് ഇഹലോകവാസം വെടിഞ്ഞു് ശാന്തിയുടെയും സമാധാനത്തിന്റെയും സാമ്രാജ്യത്തിൽ നിത്യവിശ്രമം കൊള്ളുന്നതിനായി പോയി. ശവസംസ്കാരകർമ്മം മേയ് 5-ാംനു



വ്യാഴാഴ്ച മിഷൻ സുപ്പീരിയരുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

മരിക്കുമ്പോൾ ഫാ. ലപ്പാറിനു് 66 വയസ്സു പ്രായമുണ്ടായിരുന്നു. കാണ്ടിസെമ്മിനാരിയിലെ റെക്ടർ, പ്രൊഫസ്സർ, പ്രീഫെക്ട്, ആത്മീയോപദേഷ്ടാവ് എന്നീ നിലകളിൽ ഇൻഡ്യ, പാക്കിസ്ഥാൻ, ബർമ്മ, സിലോൺ, മൊറീഷ്യസ് എന്നീ രാജ്യങ്ങളിലെ വിവിധരൂപതകളിൽപ്പെട്ട അഞ്ഞൂറോളം വൈദികരുടെ പരിശീലനത്തിൽ കഴിഞ്ഞ 35 കൊല്ലക്കാലം ഇദ്ദേഹം സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. കാണ്ടി കേന്ദ്രമാക്കി സ്ഥാപിക്കപ്പെട്ടിട്ടുള്ള അപ്പസ്തോലിക് യൂണിയന്റെ ഡിറക്ടർ ഇദ്ദേഹമായിരുന്നു. ഈ നിലയിൽ ഫാ. ലപ്പാർ 50 രൂപതകളിൽപ്പെട്ട 400 ഓളം വൈദികർക്കും മേലദ്ധ്യക്ഷന്മാർക്കും ആത്മീയോപദേശം നല്കിക്കൊണ്ടിരുന്നു. റാഞ്ചിയിൽനിന്നും പുറപ്പെടുന്ന "ക്ലർജി മന്തിലി"യുടെ പത്രാധിപന്മാരിലൊരാൾ എന്നനിലയിലും അനേകം ലേഖനങ്ങളുടെ കർത്താവെന്നനിലയിലും ഇദ്ദേഹം ഭാരതത്തിലെ എല്ലാ വൈദികർക്കും സുപരിചിതനായിരുന്നു. ഇദ്ദേഹത്തിന്റെ നിര്യാണംമൂലം കാണ്ടിസെമ്മിനാരിക്കു സ്നേഹനിധിയായ ഒരു പിതാവും ഇൻഡ്യയിലേയും അയൽരാജ്യങ്ങളിലേയും ഒട്ടനവധി വൈദികർക്ക് ഒരാത്മീയ ഗുരുഭൂതനുമാണു നഷ്ടമായിരിക്കുന്നതു്. പാവനചരിതനായ പരേതന്റെ ആത്മാവിനു് ദൈവം നിത്യവിശ്രാന്തി നൽകുമാറാകട്ടെ. R. I. P.

---

ബ്ര. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. S. D.

---

## പ്രാദേശിക വാർത്തകൾ

—എറണാകുളം മാതൃസംഘത്തിന്റെ വാർഷികം മേയ് 8-ാംനു കൊണ്ടാടിയിരിക്കുന്നു. പൊതുയോഗത്തിൽ റവ. ഫാദർ മാർസൽ സി. ഡി. എം. എ. ആദ്ധ്യക്ഷ്യം വഹിക്കുകയും മിസിസ് മേരി പൊന്നപ്പൻ ബി. എ. ബി. ടി. ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

—പൂവത്തോട് "യൂത്ത്സ് മിഷൻ" ലീഗിന്റെ വാർഷിക യോഗം റവ. ഫാ. ജോസഫ് വേഴമ്പത്തോട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 1-ാംനു 3 മണിക്ക് സ്ഥലം സൺഡേസ്കൂൾ ഹാളിൽവച്ച് നടന്നിരിക്കുന്നു. മി. കെ. ജെ. മത്തായി ബി. എ., റവ. മാത്യു വി. ചെങ്ങളം എന്നിവർ തദവസരത്തിൽ പ്രസംഗിക്കുകയുണ്ടായി.

—കൂടല്ലൂർ സൺഡേസ്കൂൾ, സൊഡാലിറ്റി, കത്തോലിക്കാ പ്രവർത്തനസംഘം മുതലായവയുടെ സംയുക്തവാർഷികം റവ. ഫാ. തോമസ് പരുവനാനി. ബി. എ.; ബി. ട. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കയുണ്ടായി. തദവസരത്തിൽ റവ ജോസഫ് കുവള്ളൂർ ബി. എ. റവ. സക്കറിയാസ് വേരനാനിക്കൽ ബി. എ. എന്നിവർ ഉജ്ജ്വലതമായി പ്രസംഗിക്കുകയുണ്ടായി.

—മാർപ്പാപ്പാ തിരുമനസ്സിലെ പൗരോഹിത്യ ജൂബിലി മഹാമഹം, മിൻസെന്റിദിനം, ഗ്രന്ഥാലയ വാർഷികം ആദിയായവ ആഘോഷിക്കുന്നതിനായി പറപ്പൂക്കര പള്ളിമണ്ഡപത്തിൽവച്ച് മേയ് 1-ാംനു റവ. ഫാ. ജോസഫ് തോട്ടകത്തു ബി. എ. ബി. ടി. യുടെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച പൊതുയോഗം കൂടുകയുണ്ടായി. മി. കെ. എ. പോൾ, മിസ യോവാന്ന കെ. ജെ, മെ. പി. ഡി. പൗലോസ്, ടി. എൽ. പൗലാസ്, ഇ. വി. യോഹന്നാൻ ആദിയായവർ പ്രസംഗങ്ങൾ ചെയ്തു.

## മന്ത്രിസഭയിൽ

മുസ്ലീംലീഗ് മെമ്പർ മി. ടി. എ. അബ്ദുള്ളായെ തിരുവിതാംകൂർ മന്ത്രിസഭയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## പാചകയോഗം

(കുടുംബിനി)

മുന്തിരിങ്ങാപഴം ജാം

മുന്തിരിങ്ങാപഴം കഴുകി ശുദ്ധിയാക്കിയശേഷം കുറച്ചു വെള്ളമൊഴിച്ചു് ഞെക്കിപ്പിഴിഞ്ഞു അരിച്ചെടുക്കുക. അതിൽ ആവശ്യാനുസരിച്ചു പഞ്ചസാര ചേർത്തു അടുപ്പത്തുവച്ചു ശേഷം പാകമായിവരുമ്പോൾ അല്പം നാരങ്ങാനീരും കുറച്ചു എസെൻസും ചേർത്തു് യോജിപ്പിച്ചു് പാനിപാകത്തിൽ ഇറക്കിവച്ചു് നനവില്ലാത്ത പാത്രത്തിലാക്കി സൂക്ഷിക്കാവുന്നതാണ്.

ഗേൾസ് ഇംഗ്ലീഷുഹൈസ്കൂൾ
മുതലക്കോടം, തൊടുപുഴ (ല. ഠ)
ഈ ഇടവം 3-ാംനു iv ഫാറം തുറക്കുന്നു. സൗകര്യപ്രദമായ ബോർഡിംഗും ഉണ്ടായിരിക്കും.
മാനേജർ

വിജ്ഞാനവീഥി

## പ്രസിദ്ധീകരണാനുമതി

ക്രിസ്തീയ വിശ്വാസവും സന്മാർഗ്ഗവും സംരക്ഷിക്കുന്നതിനു ചുമതലപ്പെട്ടിരിക്കുന്ന കത്തോലിക്കാതിരുസ്സഭ ഗ്രന്ഥങ്ങളുടെ കാര്യത്തിൽ നിഷ്കൃഷ്ടമായ ചില നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ രണ്ടിനത്തിൽ പെടുന്നവയാണ്. ആദ്യത്തെ ഇനത്തിൽപ്പെട്ട നിയമങ്ങൾ ചില പ്രത്യേകതരം ഗ്രന്ഥങ്ങൾ തിരുസ്സഭയുടെ ഔദ്യോഗിക പരിശോധനയും അംഗീകാരവും കൂടാതെ പ്രസിദ്ധീകരിക്കരുതെന്നു ആജ്ഞാപിക്കുന്നു. (കാനോന 1385—1394) രണ്ടാമിനത്തിൽപ്പെട്ട നിയമങ്ങൾ ചില പ്രത്യേകതരം ഗ്രന്ഥങ്ങൾ സഭാംഗങ്ങൾ വായിക്കുന്നതിനെ നിരോധിക്കുന്നു. (കാനോന 1395—1405) പ്രസിദ്ധീകരണാനുമതി സംബന്ധിച്ചുള്ള പ്രധാന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

I ഔദ്യോഗികപരിശോധനയും അംഗീകാരവും കൂടാതെ താഴെപറയുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതാകുന്നു.

1. വേദപുസ്തകം, ദൈവശാസ്ത്രം, സഭാചരിത്രം, കാനോൻനിയമം, സ്വാഭാവിക ദൈവശാസ്ത്രം (Natural Theology), സന്മാർഗ്ഗശാസ്ത്രം എന്നിത്യാദി, മതപരവും സാന്മാർഗ്ഗികവുമായ കാര്യങ്ങളെ പരാമർശിക്കുന്ന ഗ്രന്ഥങ്ങൾ, പ്രാർത്ഥനകൾ, ഭക്തിപരമോ മതസംബന്ധമോ ആയ ചർച്ചകൾ, ധാർമ്മികമോ ആദ്ധ്യാത്മികമോ മിസ്റ്റിക്കലോ ആയ ശിക്ഷണം സംബന്ധിച്ചുള്ള പ്രതിപാദനങ്ങൾ ആദിയായവ അടങ്ങി



ഫാത്തിമായിൽ പരിശുദ്ധ കന്യകയെ ദർശിച്ച മൂന്നു ബാലകർ— യസീന്ത, ഫ്റാൻസീസ്, ലൂസി.

യിരിക്കുന്ന ഗ്രന്ഥങ്ങളും ലഘുലേഖകളും; പൊതുവെ പറഞ്ഞാൽ, മതത്തേയും സന്മാർഗ്ഗത്തേയുംപററി എന്തെങ്കിലും വിശേഷവിധിയായി പ്രതിപാദിക്കുന്ന എല്ലാത്തരം ലിഖിതങ്ങളും.

2. പ്രാർത്ഥനകളോടുകൂടിയോ, കൂടാതെയോ അച്ചടിക്കുന്ന വിശുദ്ധ ചിത്രങ്ങൾ (കടലാസുരൂപങ്ങൾ).

II മേൽപ്പറഞ്ഞതരം ഗ്രന്ഥങ്ങളും രൂപങ്ങളും പ്രസിദ്ധീകരിക്കുന്നതിനു അനുമതി നല്കുവാൻ ഗ്രന്ഥകാരന്റെയോ ചിത്രകാരന്റെയോ രൂപതാദ്ധ്യക്ഷനും, ഗ്രന്ഥങ്ങളും ചിത്രങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്ന സ്ഥലത്തെ രൂപതാദ്ധ്യക്ഷനും, അവ മുദ്രണം ചെയ്യപ്പെടുന്ന സ്ഥലത്തെ രൂപതാദ്ധ്യക്ഷനും അധികാരമുണ്ട്. അവരിൽ ആരെങ്കിലും ഒരാളുടെ അനുമതി മതിയാകുന്നതാണ്. ഒരു വൈദികാദ്ധ്യക്ഷൻ അനുമതി നിഷേധിച്ചാൽ ആ വിവരം ധരിപ്പിക്കാതെ മറെറാരു വൈദികാദ്ധ്യക്ഷനിൽനിന്നും അനുമതിക്കായി അപേക്ഷിച്ചുകൂടാത്തതാകുന്നു. സന്യാസസഭാംഗങ്ങൾ അവരുടെ ഉന്നത മേലധികാരിയുടെ (Higher Superior) അനുവാദവും നേരത്തെതന്നെ വാങ്ങിച്ചിരിക്കണം.

III "ദൈവദാസ"രെ സിദ്ധർ എന്നും പുണ്യവാന്മാർ എന്നും നാമകരണം ചെയ്യുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ റീത്തുകളുടെ തിരുസംഘത്തിന്റെ അനുമതി കൂടാതെ പ്രസിദ്ധീകരിച്ചുകൂടാത്തതാകുന്നു.

IV ബന്ധവിമോചനങ്ങളെക്കുറിച്ചുള്ള എല്ലാത്തരം ലിഖിതങ്ങളും—ഗ്രന്ഥങ്ങൾ, സംക്ഷേപങ്ങൾ, ഗ്രഹ്യഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ആദിയായവ ഉൾപ്പെടെ—സ്ഥലത്തെ വൈദികാദ്ധ്യക്ഷന്റെ അനുമതി കൂടാതെ പ്രസിദ്ധീകരിച്ചുകൂടാത്തതാകുന്നു.

V ഇടവക വൈദികർ തങ്ങളുടെ രൂപതാദ്ധ്യക്ഷന്മാരുടെ അനുവാദം കൂടാതെയും സന്യാസസഭാംഗങ്ങൾ തങ്ങളുടെ ഉന്നതാധികാരിയുടേയും സ്ഥലത്തെ വൈദികാദ്ധ്യക്ഷന്റേയും അനുവാദം കൂടാതെയും ലൗകികവിഷയങ്ങളെക്കുറിച്ചുപോലും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയോ, പത്രങ്ങളിലും മാസികകളിലും മററും ലേഖനമെഴുതുകയോ, അവയുടെ അധിപരായിരിക്കുകയോ ചെയ്തുകൂടാത്തതാകുന്നു. കത്തോലിക്കാമതത്തിനോ സന്മാർഗ്ഗത്തിനോ എതിരായുള്ള ലേഖനങ്ങൾ സാധാരണമായി പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിലും മാസികകളിലും അത്മായരായ കത്തോലിക്കർപോലും യാതൊന്നും എഴുതിക്കൂടാത്തതാകുന്നു. അങ്ങനെ എഴുതണമെങ്കിൽ, തക്കതായ കാരണങ്ങൾ ഉണ്ടായിരിക്കുകയും ആ കാരണങ്ങൾ വൈദികാദ്ധ്യക്ഷനെ ബോദ്ധ്യപ്പെടുത്തി അദ്ദേഹത്തിന്റെ അനുവാദം വാങ്ങിച്ചിരിക്കയും വേണം.

[നിരോധിതഗ്രന്ഥങ്ങളെപ്പററി അടുത്ത ലക്കത്തിൽ]

## അറിയിപ്പ്

ആരക്കുഴ ഏജൻസിയിൽനിന്നും സത്യദീപം പത്രം വാങ്ങുന്നവരായ മാന്യവരിക്കാർ, മുൻകുടിശിഖകൾ തീർത്തും ആറാറുമാസത്തെ വരിസംഖ്യ എങ്കിലും മുൻകൂർ തന്നും എന്നോടു രസീതുവാങ്ങി പത്രപ്രവർത്തനത്തെ സഹായിക്കണമെന്നു് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്നു് സബ് ഏജൻറു്
പൗലോസു് വി. മലേക്കുടി

## പിച്ചക്കാരൻ

(5-ാം പേജ് തുടർച്ച)

കഴിഞ്ഞു് ഒരു കെട്ടു കടലാസുമായി പുറത്തുവന്നു. ഒരു തീപ്പെട്ടിക്കൊള്ളിയുരച്ചു് അയാളതു കത്തിച്ചുകളഞ്ഞു. അങ്ങനെ വക്കച്ചന്റെ സാഹിത്യയശസ്സംഭങ്ങളായ ആ കഥകൾ—നിറുത്തിപ്പൊരിച്ച കോഴിയും, നൂററൊന്നു കുടുക്കകളും, കുർബാനക്കുപ്പായവും മററും—ചാമ്പലായി. സുഖകരമായ ഒരു സംതൃപ്തിയോടെ സാഹിത്യകാരൻ സഖാവു വക്കച്ചൻ വെളിയിലേക്കു നോക്കി. പ്രാഞ്ചിപ്രാഞ്ചിപ്പോകുന്ന പിച്ചക്കാരന്റെ രൂപം അയാൾ വളരെയകലെ ദർശിച്ചു!

## വത്തിക്കാൻ വിശേഷങ്ങൾ

വിശുദ്ധ വത്സരം സംബന്ധിച്ചുള്ള മാർപ്പാപ്പായുടെ ബൂള അടുത്ത മേയ് 28-ാം നു-, കർത്താവിന്റെ സ്വർഗ്ഗാരോഹണദിവസം, ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നതാണെന്നു വത്തിക്കാൻ റേഡിയോ പ്രസ്താവിച്ചിരിക്കുന്നു. മാസത്തിലൊരിക്കൽ തീർത്ഥകർക്കുവേണ്ടി പരിശുദ്ധപിതാവു് വി. പത്രോസിന്റെ ദേവാലയത്തിൽ ദിവ്യബലി സമർപ്പിക്കുന്നതായിരിക്കും. വി. എവുജീനിന്റെ നാമത്തിൽ പണിചെയ്യുവരുന്ന ദേവാലയത്തിന്റെ പ്രതിഷ്ഠ 1950 ജൂൺ 2-ാം നു- മാർപ്പാപ്പാതിരുമേനി നിർവ്വഹിക്കുന്നതാണ്. വിശുദ്ധ വത്സരത്തിൽ ജൂൺ 8-ാം നു- നടത്തുന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ തിരുമേനി പങ്കുകൊള്ളുന്നതാണെന്ന വാർത്തയും പ്രക്ഷേപണം ചെയ്യപ്പെട്ടിരിക്കുന്നു. "വിശുദ്ധവത്സരവാതിലുകൾ" 1949 ക്രിസ്തുസിന്റെ തലേദിവസം തുറക്കപ്പെടുന്നതും 1950-ൽ അതേ ദിവസം അടയ്ക്കപ്പെടുന്നതുമാണ്. വിശുദ്ധരുടെ നാമകരണച്ചടങ്ങുകൾ 1950-ലെ പന്തക്കുസ്താ കഴിഞ്ഞുള്ള മൂന്നാം ഞായറാഴ്ച നടത്തപ്പെടും. സിദ്ധരുടെ നാമകരണച്ചടങ്ങുകൾ അന്നുമുതൽ അക്കൊല്ലം ഒക്ടോബർ 20-ാം നു- വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ഉണ്ടായിരിക്കും.

എല്ലാനിറത്തിലും സാററിൻ സിൽക്കിൽ
മുത്തുക്കുടകൾ തയ്യാറുണ്ടു്
കൊളമ്പോ സാരിവർക്ക്സ്, ബ്രോഡ്‌വേ എറണാകുളം

## ചോദ്യോത്തരപംക്തി

**ചോ:** ആദ്യമായി നാട്ടുഭാഷയിൽ വേദപുസ്തകം വിവർത്തനംചെയ്തു പൊതുജനങ്ങൾക്കു വായിക്കാൻ കൊടുത്തതു പ്രോട്ടസ്റ്റൻറു നവീകരണക്കാരനായ മാർട്ടിൻ ലൂതറാണെന്നു പറയുന്നതു ശരിയാണോ?

**ഉ:** അല്ല. മാർട്ടിൻ ലൂതർ ജനിച്ചതു 1483-ലാണ്. അദ്ദേഹത്തിന്റെ ജർമ്മൻ ബൈബിൾ 1530-ൽ മാത്രമെ പ്രസിദ്ധീകൃതമായുള്ളു. അതിനു മുൻപു വിവിധ യൂറോപ്യൻ നാട്ടുഭാഷകളിലുള്ള വിവർത്തനങ്ങൾ എഴുപതിൽപ്പരം പതിപ്പുകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ന്യൂയോർക്കിലെ പോളിസ്റ്റ് ഫാദേഴ്സിന്റെ ലൈബ്രറിയിൽ, 1483-ൽ (ലൂതർ ജനിച്ച കൊല്ലം) അടിച്ച ഒരു ജർമ്മൻ ബൈബിളിന്റെ പ്രതി ഇപ്പോഴും കാണാവുന്നതാണ്. അതു ന്യൂറംബർഗ്ഗിൽവച്ചു എ. കോബർഗർ എന്നയാൾ ഒൻപതാംപതിപ്പായി അടിപ്പിച്ചിട്ടുള്ള ഒരു ജർമ്മൻ പരിഭാഷയാകയാൽ ലൂതറിന്റെ ജനനത്തിനു മുൻപുതന്നെ അദ്ദേഹത്തിന്റെ നാട്ടുഭാഷയിൽ വേദപുസ്തകം എത്രയധികം പ്രചരിച്ചിരുന്നു എന്നൂഹിക്കാമല്ലോ. അദ്ദേഹത്തിന്റെ വിവർത്തനത്തിനു മുൻപു വൾഗേററിൽ (ലത്തീൻ) നിന്നു 14 ജർമ്മൻ പരിഭാഷകളും 5 ലോഡച്ച വിവർത്തനങ്ങളും ഉണ്ടായിരുന്നെന്നും അവകൂടി നോക്കിയാണ് അദ്ദേഹം തർജ്ജമചെയ്തതെന്നും പ്രത്യക്ഷത്തിൽ കാണാവുന്നതാണെന്നു് The Cambridge Modern History (1902, Vol. I Page 64) എന്ന പുസ്തകത്തിൽ പറയുന്നു. ജർമ്മൻ വിവർത്തനങ്ങൾ കൂടാതെ ലൂതറിന്റെ ജനനത്തിനു 5 കൊല്ലം മുൻപു 1478-ൽ സ്പാനിഷിലും 1471-ൽ ഇററാലിയനിലും, 1478, 1484, 1487 ഈ കൊല്ലങ്ങളിൽ ഫ്റഞ്ചിലും ബൈബിൾ വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. വൈക്ലിഫിന്റെ കാലത്തിനു വളരെ മുൻപുതന്നെ നല്ല പുണ്യവും പഠിപ്പും ഉള്ള ആളുകൾ വേദപുസ്തകം ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തിരുന്നെന്നും അതു നല്ലയാളുകൾ ഭക്തിപുരസ്സരം വായിച്ചിരുന്നെന്നും വിശുദ്ധ തോമസ്മൂർ പ്രസ്താവിക്കുന്നു. ഇവയിൽ നിന്നെല്ലാം പ്രോട്ടസ്റ്റൻറുകാരാണ് ആദ്യമായി നാട്ടുഭാഷയിലുള്ള വേദപുസ്തകവിവർത്തനങ്ങൾ പൊതുജനങ്ങൾക്കു നല്കിയതെന്നു പറയുന്നതു എത്ര അബദ്ധമാണെന്നു വിശദമാകുന്നുണ്ടല്ലോ.

(Fr. A.)

## മാർപ്പാപ്പായുടെ സന്ദേശം

ഉയിർപ്പുതിരുനാൾ കഴിഞ്ഞു പിറെറദിവസം ഐറിഷ് റിപ്പബ്ളിക്കു് ഉൽഘാടനം ചെയ്യപ്പെട്ടപ്പോൾ പരിശുദ്ധ പിതാവു് പ്രസിഡൻറ് ഒ കെല്ലിക്കു ഒരു മംഗളാശംസാസന്ദേശം അയച്ചുകൊടുത്തു.

ഡബ്ളിനിലെ പ്രൊകത്തീഡ്റലിൽ നടത്തിയ ആഘോഷമായ പാട്ടുകുർബാനയോടുകൂടെയാണ് ഉൽഘാടനച്ചടങ്ങുകൾ ആരംഭിച്ചതു്. പ്രസ്തുത കുർബാനയിൽ പ്രസിഡൻറും പ്രൈംമിനിസ്റ്റർ മി. കോസ്ററെല്ലോയും മററു ഗവമ്മെൻറുദ്യോഗസ്ഥന്മാരും സംബന്ധിച്ചിരുന്നു. പ്രൈംമിനിസ്ററർ കൊസ്ററെല്ലോ പരിശുദ്ധ പിതാവിനു് അയച്ച ഒരു സന്ദേശത്തിൽ, ഐറിഷ് ജനതയുടെ നേട്ടങ്ങളിൽ ഏററവും മഹത്തായതും അഭിമാനകരമായതും ഐർലണ്ടിന്റെ പുത്രന്മാരും പുത്രിമാരും ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനായി ചെയ്തുവരുന്ന പരിശ്രമങ്ങളാണെന്നു് പ്രസ്താവിച്ചിരുന്നു.

വത്തിക്കാന്റെ

## മുന്നറിയിപ്പ്

രണ്ടുകൊല്ലം മുമ്പ്, റോമിനു സമീപമുള്ള ട്രെഫോൻടെയിൻ എന്ന സ്ഥലത്തു മാതാവു പ്രത്യക്ഷപ്പെട്ടെന്നുള്ള ഒരു വാർത്ത പ്രചരിക്കയുണ്ടായല്ലൊ. എന്നാൽ തിരുസ്സഭാധികാരികൾ പ്രസ്തുതദർശനത്തിന്റെ വാസ്തവികതയെപ്പററി വിധി പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു്, അവിടെ പരസ്യവന്ദനം നടത്തുന്നതിനെ തിരുസ്സഭ നിരോധിച്ചിരിക്കുന്നു.

10 അടി പൊക്കമുള്ള

## അരുളിക്ക

വിശുദ്ധവത്സരത്തിൽ സ്പെയിനിലെ വലൻസയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഉപയോഗിക്കുവാനിരിക്കുന്ന അരുളിക്കയ്ക്കു 10 അടി പൊക്കമുണ്ടു്. അതിന്റെ തൂക്കം 1 ടൺ ആണ്. പഴയനിയമത്തിലെ വിശുദ്ധന്മാരുടേയും പുതിയ നിയമത്തിലെ അപ്പസ്തോലന്മാ



ഫാത്തിമായിൽ 1924 മേയ് 13-ാം നു- ഉണ്ടായ അത്ഭുതകരമായ പുഷ്പവൃഷ്ടിയുടെ ഫോട്ടോ. ഇതെടുത്തതു് അമേരിക്കൻ വൈസ് കോൺസൽ സിഞ്ഞോർ എ. ആർ. മാർട്ടിൻസ് ആണ്.

രുടേയുമായി 100 ചിത്രങ്ങൾ അതിന്മേൽ ലേഖനം ചെയ്തിട്ടുണ്ടു്. 44,000 പവനാണ് പ്രസ്തുത അരുളിക്കയുടെ വില.

## വിവാഹം

കൊച്ചി വിദ്യാഭ്യാസമന്ത്രി ശ്രീ സി. എ. ഔസേപ്പിന്റെ മകൻ മി. പോൾ ബി. എ. ബി. എല്ലും ശ്രീ പി. ജെ. ജോർജ്ജിന്റെ മകൾ മിസ് ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് മേയ് 9-ാം നു- നടത്തപ്പെട്ടു. വധുവിന്റെ പിതൃസഹോദരീപുത്രനായ റവ. ഫാദർ ജോസഫ് കിഴക്കുതലയാണ് വിവാഹം ആശീർവ്വദിച്ചതു്. തദനന്തരം മലബാർമെയിൽപത്രാധിപർ റവ. ഫാ. തോമസ് വെള്ളത്തേടത്തു് ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു.

പൊലീസ് ഡെപ്യൂട്ടികമ്മീഷണർ മി. ഇന്നസൻറു് പാപ്പാളിയുടെ മകൾ മിസ് സൂസന്നയും എടവനക്കാട്ട് മാളിയേക്കൽ വക്കീലിന്റെ മകൻ മി. തോമസ് ബി. എസ് സിയും തമ്മിലുള്ള വിവാഹം എറണാകുളം സെൻറ് ഫ്റാൻസീസ് കത്തീഡ്റലിൽവച്ചു് മേയ് 9-ാം നു- നടത്തപ്പെട്ടു. മോൺ. ജോസഫ് വൈപ്പിശ്ശേരി വിവാഹം ആശീർവ്വദിക്കുകയും റവ. ഡോക്ടർ ജോൺ നെടുന്തിലത്തു പ്രസംഗം നടത്തുകയും ചെയ്തു.

# തൊഴിലാളിമിത്രമായ കർദ്ദിനാൾ

(എൻ. സി. മാത്യു, ബി. എ. എൽ. ടി.)

19-ാം നൂററാണ്ടു് ബ്രിട്ടീഷ് ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടമാണു്. നെപ്പോളിയനെതിരായി സിദ്ധിച്ച അന്തിമവിജയം, വിക്ടോറിയാ മഹാറാണിയുടെ സമാധാനസംപൂർണ്ണവും സുദീർഘവുമായ സൽഭരണം, വാണിജ്യവ്യവസായവികാസം, സാമ്പത്തികോൽക്കർഷം, ജനായത്തഭരണക്രമത്തിന്റെ പുരോഗതി എന്നിവയെല്ലാം ഇക്കാലത്തെ പ്രത്യേകതകളാണു്. കൂടാതെ ലോകചരിത്രഗതിയെത്തന്നെയും നിയന്ത്രിക്കുന്നതിനു പ്രാപ്തരായ പല മഹാന്മാരുടെ ജീവിതകാലവുമായിരുന്നു പ്രസ്തുതനൂററാണ്ടു്.

ഇക്കാലത്തെ മഹാവ്യക്തികളുടെകൂട്ടത്തിൽ പ്രഥമഗണനീയനാണു് കർദ്ദിനാൾ ഹെൻറി എഡ്വേർഡു് മാനിംഗു്. ധനികനായ ഒരു ലണ്ടൻ വർത്തകപ്രമാണിയുടെ മകനായി 1807-ൽ അദ്ദേഹം ജനിച്ചു. പിതാവു് യാഥാസ്ഥിതികകക്ഷിയിലെ ഒരു പ്രമുഖാംഗവും പാർലിമെൻറു സാമാജികനുമായിരുന്നു. കത്തോലിക്കവിരുദ്ധമനോഭാവത്തിൽ ഏററം മുന്നണിയിൽ നിന്നിരുന്ന എവാൻജലിക്കൽ പ്രോട്ടസ്റ്റണ്ടു് സഭയിൽ പെട്ട മാനിംഗു് കുടുംബത്തിൽ പിൽക്കാലത്തു കത്തോലിക്കസഭയുടെ സംരക്ഷകനായിത്തീർന്ന കർദ്ദിനാൾ ജാതനായതു് ദൈവപരിപാലനയുടെ ഒരു പ്രത്യേകതയായിരിക്കാം.

ഒരു ഇംഗ്ലീഷ്കാരന്റെ ഭാവി മുൻകൂട്ടി നിർണ്ണയിക്കുക അസാദ്ധ്യമാണെന്നു സാധാരണ പറയാറുണ്ടു്. നമ്മുടെ കഥാനായകന്റെ ജീവിതം ഈ പ്രമാണത്തെ സ്ഥിരീകരിക്കുന്നതാണു്. ഒരു കട്ടത്ത യാഥാസ്ഥിതികകുടുംബത്തിൽ, കത്തോലിക്കവിരുദ്ധമായ അന്തരീക്ഷത്തിൽ വളർന്നുവന്ന ബാലനെ "ഹാരോ" യിലേക്കും, ഉടനെ ഓക്സ്ഫോർഡിലേക്കും വിദ്യാഭ്യാസത്തിനു നയച്ചു. കോളെജ് പഠനത്തിനിടയ്ക്കു്, പിൽക്കാലത്തു ഇംഗ്ലണ്ടിലെ പ്രഥമ ലിബറൽ പ്രധാനമന്ത്രിപദം അലങ്കരിച്ച ഗ്ലാഡ്സ്റ്റന്റെ സഖിത്വം സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഉന്നതവിദ്യാഭ്യാസാനന്തരം, തന്റെ സ്നേഹിതന്മാരായ സഹപാഠികളോടൊപ്പം ഏതെങ്കിലും മാന്യമായ ജീവിതവൃത്തി സ്വീകരിക്കുന്നതിനു യുവാവായ മാനിംഗു് ഒരുങ്ങിയിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ, പിതാവിന്റെ വ്യാപാരത്തിലുണ്ടായ അപജയം കുടുംബസ്വത്തുക്കൾ മുഴുവനും നഷ്ടപ്പെടുന്നതിനു കാരണമായി. ഈ അത്യാഹിതം മാനിംഗിന്റെ യുവഹൃദയത്തെ വല്ലാതെ ക്ഷോഭിപ്പിച്ചു. സമ്പൽസമൃദ്ധിയുടെയും ഐശ്വര്യാവസ്ഥയുടെയും നശ്വരതയെപ്പററി അദ്ദേഹം ചിന്തിച്ചു. അധികം താമസിയാതെ സ്വജീവിതം ദൈവത്തിനായി അർപ്പിക്കാൻ നിശ്ചയിക്കയും ആംഗ്ലേയസഭയിലെ ഒരു വൈദികനായി പട്ടമേൽക്കുകയും ചെയ്തു.

ഉത്തമാദർശങ്ങളുടെ പ്രേരണമൂലം സംഭവിച്ച ഈ മാനസികപരിവർത്തനം സഭയുടെ ഉന്നമനത്തിനു ഈ യുവവൈദികൻ ഉപയോഗപ്പെടുത്തിവന്നു. സസെക്സിലെ ഗ്രാമീണ ഇടവകയുടെ ഭരണത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ഉത്സാഹവും കാര്യക്ഷമതയും അധികാരികളുടെ ശ്രദ്ധയെ ആകർഷിച്ചു. ഉന്നതമായ ആർച്ച്ഡീക്കൻ പദവിയിലേക്കു മാനിംഗു് ഉയർത്തപ്പെട്ടു.

ഇതിനിടയ്ക്കു്, ഗുണവതിയും, അതിവസുന്ദരിയുമായ ഒരു യുവതിയെ അദ്ദേഹം വിവാഹംചെയ്തിരുന്നു. രണ്ടുകൊല്ലം കഴിഞ്ഞു. തന്റെ പ്രേമഭാജനമായ ഈ മഹതിയുടെ അകാലനിര്യാണം മാനിംഗിനു തീരാത്ത സന്താപകാരണമായി. പിൽക്കാലത്തു അവരെപ്പററി സംസാരിക്കുക ചുരുക്കമായിരുന്നെങ്കിലും, ആ സ്ത്രീരത്നം സ്വയം എഴുതി ഉപയോഗിച്ചിരുന്ന ഒരു ചെറുപ്രാർത്ഥനപുസ്തകം തന്റെ അനുദിനപ്രാർത്ഥനയിൽ മുടക്കമില്ലാതെ അദ്ദേഹം ഉപയോഗിച്ചുവന്നു. ഭാര്യാവിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ പൂർണ്ണമായും ഇടവകഭരണത്തിൽത്തന്നെ അർപ്പിച്ചു.

ഇംഗ്ലണ്ടിലെ കത്തോലിക്കസഭാചരിത്രത്തിൽ അവിസ്മരണീയമായ ഒരു സ്ഥാനം വഹിക്കുന്ന ഓക്സ്ഫോർഡ് പ്രസ്ഥാനം ന്യൂമന്റെ നേതൃത്വത്തിൽ അത്യധികം ശക്തിപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. മാനിംഗു് അതിനോടു ആചിരേണ ബന്ധപ്പെട്ടു. അദ്ദേഹം ഇതിനകം സുപ്രസിദ്ധനായ ഒരു വശ്യവാഗ്മിയായിത്തീർന്നിരുന്നു. അധികകാലം കഴിയുന്നതിനുമുമ്പു സത്യം ഗ്രഹിച്ചു ന്യൂമൻ കത്തോലിക്കസഭയിൽ പ്രവേശിച്ചു. ആറുകൊല്ലംകൂടി കഴിഞ്ഞു മാനിംഗും അദ്ദേഹത്തെ അനുഗമിച്ചു.

അന്നു മാനിംഗിനു 44 വയസ്സുമാത്രം പ്രായമായിരുന്നു. കേവലം മദ്ധ്യവയസ്കനായിരുന്ന അദ്ദേഹം തന്റെ ശോഭനമായ ഭാവി ഇപ്രകാരം വലിച്ചെറിയുന്നതു മൗഢ്യമാണെന്നു പലരും പ്രവചിച്ചു. തന്റെ മിത്രങ്ങളെല്ലാം ശത്രുക്കളായി. സഭയിലെ ആർച്ച്ഡീക്കനും സമുദായത്തിലെ നേതാവുമായി സർവ്വാദൃതനായിരുന്ന അദ്ദേഹം ഏവരാലും തിരസ്കൃതനായി; സമുദായത്തിൽനിന്നു ബഹിഷ്കൃതനുമായി. എന്നാൽ ഏവംവിധ ദുരനുഭവങ്ങൾ നിസ്സാരങ്ങളും താൽക്കാലികങ്ങളും മാത്രമായി ഏവക്കും പിന്നീടു അനുഭവപ്പെട്ടു. ക്രമേണ അദ്ദേഹത്തിന്റെ പ്രവർത്തനരംഗം പട്ടണത്തിലേക്കു മാറി. വിവിധമണ്ഡലങ്ങളിലും തന്റെ വ്യക്തിമാഹാത്മ്യം പ്രകടിപ്പിച്ചുകൊണ്ടു അദ്ദേഹം വർത്തിച്ചു. ബഹുമാനവും പ്രസിദ്ധിയും ധാരാളമായി ആർജ്ജിച്ചു. അദ്ദേഹത്തിന്റെ പ്രശസ്തി രാജ്യസീമകളെ അതിലംഘിച്ചു്, സർവ്വലോകത്താലും അംഗീകൃതമായി. "ആധുനികകാലത്തെ ഏററം മഹാനായ ക്രിസ്ത്യാനി"യെന്നു അദ്ദേഹത്തിന്റെ എതിർപക്ഷത്താൽ സംബോധനചെയ്യപ്പെടത്തക്കവിധം വിവിധകക്ഷികളുടെയും നേതാക്കന്മാരുടെയും മതിപ്പും വിശ്വാസവും അദ്ദേഹം സമ്പാദിച്ചു.



സിസ്റ്റർ മേരി ലൂസി.
ഫാത്തിമാസന്ദേശം ശ്രവിച്ച
മൂന്നു കുട്ടികളിൽ ഇവർ മാത്ര
മേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു.

കത്തോലിക്കസഭയിൽ പ്രവേശിച്ചതിനുശേഷം ആർച്ച്ഡീക്കൻ മാനിംഗിന്റെ ഗുണപൗഷ്കല്യങ്ങൾ അന്നത്തെ വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്തായായിരുന്ന കർദ്ദിനാൾ വൈസ്മന്റെയും പാപ്പായായിരുന്ന പീയൂസ് നവമന്റെയും സവിശേഷശ്രദ്ധയിൽ പെടാൻ ഇടയായതു അദ്ദേഹത്തിന്റെ ഭാഗ്യമായി കരുതണം. അക്കാലത്തുമാത്രം പുനഃസ്ഥാപിതമായ ഇംഗ്ലീഷ് ഹയരാർക്കിയുടെ നേതാവെന്ന നിലയിൽ സഭയുടെ ക്രമീകരണം സാധിക്കുന്നതിൽ കർദ്ദിനാൾ വൈസ്മൻ ഉത്തമനായ ഒരു സഹകാരിയെ ആരാഞ്ഞുകൊണ്ടിരിക്കുമ്പോഴാണു് മാനിംഗിന്റെ മതപരിവർത്തനം സംഭവിച്ചതു്. കാലക്രമേണ അവർ ഉററമിത്രങ്ങളും സഹപ്രവർത്തകരുമായി. വൈസ്മൻ നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ ജോലി പൂർത്തിയാക്കുന്നതിനു മാനിംഗിനെയാണു് തൽസ്ഥാനത്തു നിയമിച്ചതു്. തന്റെ ജീവിതത്തിലെ ശേഷിച്ച 27 കൊല്ലക്കാലവും ഇംഗ്ലണ്ടിലെ കത്തോലിക്കസഭയുടെ പുനരുജ്ജീവനശ്രമങ്ങളെ ശ്രേയസ്കരമായി നയിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ലണ്ടനിലെ ദരിദ്രസങ്കേതങ്ങൾ ഉദ്ധരിക്കുന്നതിനും, പട്ടാളം, ജയിൽ, ആതുരശാല, ആശുപത്രി എന്നിവയിൽ മതാനുഷ്ഠാനത്തിനു സൗകര്യമുണ്ടാക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. ഫ്ളോറൻസ് നൈററിംഗേലിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആതുരശുശ്രൂഷായതനങ്ങൾക്കും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും സഹകരണവും സിദ്ധിച്ചിരുന്നു.

കർദ്ദിനാൾ മാനിംഗു് ഏവംവിധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു് ഇംഗ്ലണ്ടിലെ സഭയെ ഉദ്ധരിക്കുന്നതിനിടയ്ക്കു്, യൂറോപ്പിൽ ശ്രദ്ധാർഹങ്ങളായ പല സംഭവങ്ങളും നടന്നുകൊണ്ടിരുന്നു. ഗാരിബാൾഡി പ്രഭൃതികളുടെ നേതൃത്വത്തിൽ നടന്ന ഇററാലിയൻ ദേശീയപ്രവർത്തനങ്ങൾ സഭയുടെ അനാദരത്തിലും, പേപ്പൽരാജ്യത്തിന്മേലുള്ള കൈയേററത്തിലും അവസാനിച്ചു. അനീതിയിൽ അധിഷ്ഠിതമായ ഈ രാഷ്ട്രീയ പരിവർത്തനങ്ങളിൽ പ്രോട്ടസ്റ്റണ്ടു് രാജ്യങ്ങൾ അനാസ്ഥ പ്രകടിപ്പിച്ചു. കത്തോലിക്കരാജ്യങ്ങളാകട്ടെ സഹതാപം പ്രകടിപ്പിച്ചെങ്കിലും രാഷ്ട്രീയപരിവർത്തനങ്ങൾ അവരെ നിരുത്സാഹപ്പെടുത്തി. ഇങ്ങനെ സഭയുടെ ഭൗതികശക്തിയുടെ അസ്തിത്വംതന്നെയും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരുന്ന വിപൽഘട്ടത്തിൽപ്പോലും സുപ്രധാനങ്ങളായ പല ആദ്ധ്യാത്മികപ്രശ്നങ്ങളും ഉദയം ചെയ്തു. കത്തോലിക്ക പണ്ഡിതന്മാരുടെ ഇടയിൽ മൗലികമായ പല വിഷയങ്ങളിലും അഭിപ്രായവ്യത്യാസം കണ്ടുതുടങ്ങി. ഇതിനെല്ലാം ഉചിതമായ പ്രതിവിധി കണ്ടുപിടിക്കുന്നതിനായി 1869-ൽ പീയൂസ് പാപ്പാ വത്തിക്കാൻ സൂനഹദോസു വിളിച്ചുകൂട്ടി. ഇതിൽ മാനിംഗു കർദ്ദിനാൾ അതിപ്രധാനമായ സ്ഥാനം വഹിച്ചു. അദ്ദേഹത്തിന്റെ അസാമാന്യപാണ്ഡിത്യത്തിന്റെയും, ധിഷണാവിലാസത്തിന്റെയും ഫലം സാർവ്വത്രികസഭയുടെ അനുഭവത്തിനായി സിദ്ധിച്ചതു ദൈവപരിപാലനയുടെ മറെറാരു ഉദാഹരണമാണു്.

വത്തിക്കാൻ കൗൺസിലിൽ കർദ്ദിനാൾ മാനിംഗിനു ലഭിച്ചതരത്തിലുള്ള വിജയം സാമാന്യമനുഷ്യനെ പ്രവൃത്തിരംഗത്തുനിന്നു അഭിമാനപൂർവ്വം വിരമിപ്പിക്കുവാൻ മതിയാകുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതശേഷം വിശ്രമരഹിതനായിത്തന്നെ അദ്ദേഹം കഴിച്ചു. പള്ളികൾ, സ്കൂളുകൾ, കോളെജുകൾ എന്നിവ സ്ഥാപിക്കുന്നതിനും കത്തോലിക്ക പൗരന്മാരുടെ അവകാശങ്ങൾ അംഗീകൃതമാക്കുന്നതിനുമുള്ള നിസ്തന്ദ്രപരിശ്രമങ്ങൾക്കിടയ്ക്കു് അവശരുടെയും മർദ്ദിതരുടെയും ഉദ്ധാരണം അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യമാക്കിയിരുന്നു. മദ്യപാനം, വേശ്യാവൃത്തി, അടിമത്തം എന്നിങ്ങനെ സമുദായത്തിലെ ദുരാചാരങ്ങളെയെല്ലാം അദ്ദേഹം സധീരം എതിർത്തു.

എന്നാൽ ഇക്കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഏററവും പ്രധാനമായി ഗണിക്കപ്പെടുന്നതു തൊഴിലാളികളുടെ ഉദ്ധാരണത്തിനായുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളാണു്. ലോകത്തിന്റെ നാനാഭാഗങ്ങളിലും തൊഴിലാളികൾ മർദ്ദിക്കപ്പെടുന്നുവെന്നു അദ്ദേഹം മനസ്സിലാക്കി, അവരുടെ ക്ലേശങ്ങളെ ലഘൂകരിക്കാൻ യത്നിച്ചുവന്നു. "റേരും നൊവാരും" ലേഖനം തയ്യാറാക്കുന്നതിനിടയ്ക്കു ലെയോ പാപ്പാ പലപ്പോഴും കർദ്ദിനാൾ മാനിംഗിനോടു ആലോചിച്ചിരുന്നു. പാപ്പായുടെ സാമുദായികശ്രമങ്ങളിലെല്ലാം മാനിംഗു് കർദ്ദിനാൾ അദ്ദേഹത്തെ സഹായിച്ചിരുന്നു. തൊഴിലാളികൾക്കു നൽകുന്ന സഹായം ഉപവിപ്രവർത്തനമെന്നതിനേക്കാൾ അനീതിയുടെ പരിഹാരമായിമാത്രം പരിഗണിക്കപ്പെടണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സുപ്രസിദ്ധമായ ലേഖനം പ്രസിദ്ധീകൃതമായപ്പോൾ കർദ്ദിനാൾ മാനിംഗും തന്റെ മരണത്തോടു വളരെ അടുത്തിരുന്നെങ്കിലും, അതിനെ ഇംഗ്ലണ്ടിലെ സഭയ്ക്കായി പ്രദാനംചെയ്തു സംതൃപ്തിയടയുകയുണ്ടായി. ലേഖനം അവതരിപ്പിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു: "ജനക്കൂട്ടത്തിന്റെമേൽ എനിക്കു അലിവുതോന്നുന്നു" എന്നു മരുഭൂമിയിൽ ഉച്ചരിക്കപ്പെട്ട ദൈവവചനങ്ങൾക്കുശേഷം അദ്ധ്വാനിക്കയും ക്ലേശിക്കയും ചെയ്യുന്നവർക്കുവേണ്ടി ലെയോ പതിമൂന്നാമന്റേതുപോലെ സ്നേഹവും സഹതാപവും നിറഞ്ഞ വചസ്സുകൾ മറെറങ്ങും കേൾക്കപ്പെട്ടിട്ടില്ല." തൊഴിലാളിപ്രശ്നത്തെപററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഏതാണ്ടിപ്രകാരമായിരുന്നു: "അമിതവും വർദ്ധമാനവുമായ ആദായവും, ചുരുങ്ങിയതും ക്ലിപ്തവുമായ കൂലിയുംതമ്മിൽ ഇത്രവലിയ അന്തരം പാലിക്കുമ്പോൾ സംതൃപ്തരായിരിക്കയെന്നുള്ളതു കേവലം അമാനുഷികവും അപ്രായോഗികവുമാണു്...... ധാരാളമുള്ളവരെക്കാൾ കൂടുതലായി, സമ്പത്തിനു അർഹരായിരിക്കുന്നതു ഇല്ലാത്തവരാണു്...ധനികനു വലിയ നഷ്ടം സംഭവിച്ചുകഴിഞ്ഞാലും നിത്യവൃത്തിക്കുള്ള മാർഗ്ഗം കണ്ടെന്നുവരാം. ദരിദ്രനാകട്ടെ അല്പമായ ഒരു നഷ്ടംകൊണ്ടു നാശമടഞ്ഞുപോകും"......"സ്വന്തമായ ഒരു കുഞ്ഞിനെ വളർത്താനില്ലാതെ കുടുംബം ഉണ്ടാകുന്നില്ല, കുടുംബമില്ലാതെ ഗാർഹികജീവിതമില്ല, ഗാർഹികജീവിതം സുശക്തമല്ലാത്തപ്പോൾ സാമുദായികവും രാഷ്ട്രീയവുമായ സുസ്ഥിതി പ്രായോഗികമാകുന്നുമില്ല."

———

## നീഗ്രോസർവ്വകലാശാല

ബെൽജിയത്തിലെ ലൂവേൻ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ബെൽജിയംകോംഗോയിലെ നീഗ്രോകൾക്കായി ഒരു സർവ്വകലാശാല സ്ഥാപിച്ചിരിക്കുന്നു. അതിന്റെ പേർ "ലൂവേനിയും" എന്നായിരിക്കുന്നതും അതിന്റെ മേൽനോട്ടം ജസ്വീററ് വൈദികർ വഹിക്കുന്നതുമാണു്.

ട്രാവൻകൂർ
ഫെഡറൽ ബാങ്കു് ക്ലിപ്തം
ആലുവാ, അങ്കമാലി, പെരുമ്പാവൂർ
ഡെപ്പോസിററ് നിരക്കു്
1 കൊല്ലം $4\frac{1}{2}\%$, 2 കൊല്ലം $5\frac{1}{2}\%$, 3 കൊല്ലം 5%. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4%, സേവിംഗ്സ് 3%, കറൻറ് $1\frac{1}{2}\%$.
എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണു്
ക്യാപ്ററൻ ഫ്റാൻസിസ് പാനികുളം, B. A., M. B. B. S., D. A. (Eng.), ചെയർമൻ
കെ. പി. ഉറുമീസ്, B. A., B. L., മാനേജിംഗ് ഡിറക്ടർ

റോയിസ് നിറം
സാററിൻ സിൽക്കിൽ
കുർബാനക്കുപ്പായം
തയ്യാറുണ്ടു്
കുർബ്ബാനക്കുപ്പായം,
കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾക്കു്
കൊളംബോ സാരിവർക്സ്,
ബ്രോഡ് വെ-എറണാകുളം.

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *

(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

## നവീകൃതരീതി

"Renaissance" എന്നതിനു് നവജന്മം എന്നർത്ഥം. സാഹിത്യത്തിന്റേയും കലയുടേയും സർവ്വശാഖകളിലും പഴയ ഗ്രീക്കുകാരും റോമന്മാരും ആർജിച്ച സംസ്കാരങ്ങളെക്കുറിച്ചുണ്ടായ ഔത്സുക്യത്തിന്റെ ബഹിർഗ്ഗതിയെ ഉദ്ദേശിച്ചു നൽകപ്പെട്ട ഒരു വിശേഷനാമമാണു് മേൽപ്രസ്താവിച്ച പദം. 15-ാം ശതാബ്ദത്തിൽ ഈ അഭിനിവേശം ഇററലിയിൽ അവതരിക്കയും 16-ാം ശതകത്തിൽ വ്യവസ്ഥിതരൂപത്തിലെത്തുകയും 17-ാം നൂററാണ്ടിൽ പരമാഭിവൃദ്ധി പ്രാപിക്കയും അനന്തരയുഗത്തിൽ ഒന്നാകെ ക്ഷീണദശയിലേക്കു മടങ്ങുകയും ചെയ്തു. ഇതിന്റെ വംശാവലി മനസ്സിലാക്കുന്നതിനു നാം അല്പം പിന്തിരിഞ്ഞു സഞ്ചരിക്കേണ്ടിയിരിക്കുന്നു. പൂർവ്വഭൂമിയിൽ വളർച്ചപ്രാപിച്ച ബസിലിക്കാരീതി ഗ്രീക്കുശില്പത്തോടു അശേഷം ബന്ധമില്ലാത്തതും, പ്രത്യുത, സാരതരമായ കാര്യങ്ങളിലെല്ലാം റോമൻരീതിയോടു ദൃഢസംപൃഷ്ടവുമായിരുന്നു. (ഇഷ്ടികകൊണ്ടും കോൺക്രീററുകൊണ്ടുമുള്ള സ്തംഭങ്ങൾ, ശീർഷഗോളങ്ങൾ, വൃത്താകാരമായ ആർച്ചുകൾ, വാതായനങ്ങൾ എന്നിവ ഉദാഹരണം.) നേരേമറിച്ചു് റോമിൽത്തന്നെ ഉത്ഭവിച്ചു വളൎന്ന ബസിലിക്കാരീതിയാകട്ടെ ചുരുക്കം ചില സംഗതികളിൽ മാത്രമേ റോമൻസംവിധാനങ്ങളോടു കൂടിയതായിരുന്നുള്ളു. അധികപങ്കും ഗ്രീക്കുശില്പത്തെ അനുകരിച്ചാണു് അതു പുഷ്ടിപ്രാപിച്ചതു്. (ഒഴുക്കൻഭിത്തികൾ, ക്ലാസ്സിക്കൽസ്തംഭങ്ങൾ, ശിലാന്തികളുടെ അടിക്കട്ടകൾ, മരംകൊണ്ടുള്ള മേൽക്കൂട്ടുകൾ എന്നിവ ദൃഷ്ടാന്തം.) എന്നാൽ രണ്ടു രീതികളും ഉൽകൃഷ്ടമായ ശില്പസിദ്ധാന്തങ്ങളെ സംബന്ധിച്ചിടത്തോളം ആവുന്നത്ര ദൂരം പുരോഗമിക്കാതിരുന്നില്ല. റോമൻസ്ക്യൂരീതി റോമൻ ബസിലിക്കയാൽ സ്തന്യപാനം ചെയ്യിക്കപ്പെട്ടു് ക്രമേണമാത്രം തനതായ ഐകരൂപ്യത്തിലും അലങ്കാരാദർശങ്ങളിലും മേന്മതേടി ഒരു പുതിയരീതിയായി പരിണമിക്കയാണുണ്ടായതു്. ഗോത്തിക്കു്പ്രസ്ഥാനം പ്രസ്തുത പദ്ധതിയിൽനിന്നു അഭിനവമായ ഒരു ശില്പശൈലിയുടെ സ്വീകരണത്താൽ പ്രായേണ വേർപിരിഞ്ഞുണ്ടായ ഒരു ഉപശാഖയാണെന്നും പറയാം. കെട്ടിടങ്ങളുടെ പൊതുവായരൂപം രണ്ടു മാർഗ്ഗങ്ങളിലും ഒന്നുതന്നെ. എന്നാൽ ഈ എല്ലാ രീതികൾക്കും സർവ്വസാമാന്യമായ ഒരു സ്വഭാവമുണ്ടായിരുന്നതു പ്രത്യേകം ശ്രദ്ധേയമത്രെ. അന്യോന്യമത്സരത്തിൽനിന്നും നൂതനപ്രാപ്തിക്കുള്ള ക്ഷിപ്രപ്രചോദനത്തിൽനിന്നും വിമുക്തമായിരുന്നു അവ. ഉപര്യുപരി ലബ്ധമായ പരിചയാധിക്യത്തിൽ അടിയുറച്ചു്, പ്രകൃത്യാ, അഥവാ ക്രമോന്മുഖമായിട്ടാണു് ആ രീതികൾ വളരുകയും സാങ്കേതിക വൈദഗ്ദ്ധ്യത്തിലും അലങ്കാരാഭിരുചിയിലും ദൃഢതരമായ പ്രതിഷ്ഠപ്രാപിക്കയും ചെയ്തതു്.

പ്രാദേശിക പാരമ്പര്യങ്ങളോ മാതൃകകളോ ഒന്നും ഇല്ലാതിരുന്ന ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ റോമൻസ്ക്യൂ ഗോത്തിക്ക് രീതികൾ സർവ്വത്ര നിർബാധം പ്രചരിപ്പിക്കാൻ ശില്പികൾക്കു സന്ദർഭങ്ങൾ കണ്ടുകിട്ടി. ഈ മൂന്നു രാജ്യങ്ങളിലും ക്രൈസ്തവശില്പം ഗ്രീക്ക് റോമൻ പ്രസ്ഥാനങ്ങളുടെ നവീനാവതാരത്തിൽനിന്നുതന്നേയും വേഗത്തിൽ വിമുക്തമായി വളൎന്നു. പ്രത്യുത, ഇററലിയിലാകട്ടെ പഴയ റോമൻ സ്മാരകമന്ദിരങ്ങൾ ബഹുലമായിരുന്നതിനാൽ അവയുടെ ആകർഷണത്തിൽനിന്നു് ബുദ്ധിവിട്ടത്തി സ്വച്ഛന്ദം വ്യാപരിക്കാൻ കലാകൃത്തുകൾ ശക്തരായില്ല. തന്നിമിത്തം അവിടെ റോമൻസ്ക്യൂരീതി മിക്കവാറും മൂലരൂപത്തിൽത്തന്നെ അവശേഷിക്കയും ഗോത്തിക്ക് പ്രസ്ഥാനം ഫ്രാൻസിൽനിന്നും ജർമ്മനിയിൽനിന്നും ഉള്ള ഒരുവിധ പശ്ചാൽപ്രയാണത്തിനുമാത്രം വഴികണ്ടെത്തുകയും ചെയ്തതേയുള്ളു. രണ്ടിനും ആ നാട്ടിൽ അസങ്കീർണ്ണമായ അഭിവൃദ്ധി ഒരിക്കലും ഉണ്ടായില്ല. റോമൻഗ്രീക്ക് ആദർശങ്ങളുടെ കലപ്പാണു് അവിടെ എന്നും നിലനിന്നിരുന്നതു്. കൂടാതെ 13-ാം 15-ാം ശതാബ്ദങ്ങളിൽ അനേകം ഇററല്യർവിദ്യാലയങ്ങളിൽ കലാപരിശീലനം സംബന്ധിച്ച വലിയ ചില മാററങ്ങളും ഉണ്ടായി. ഇതിന്റെ ഫലം വാസ്തവത്തിൽ അധികതരം പ്രത്യക്ഷപ്പെട്ടതു രാജധാനികൾ, പ്രഭുഭവനങ്ങൾ ആദിയായി മതാത്മകങ്ങളല്ലാത്ത മന്ദിരങ്ങളുടെ നിർമ്മിതിയിലായിരുന്നു. അക്കാലത്തെ പ്രതാപത്തിന്റേയും സുഖലോലുപതയുടെയും കൊഴുപ്പായിരുന്നു ഇതിനു നിദാനം. എന്നാൽ ഗോത്തിക്ക് സംവിധാനത്തിന്റെ ചില അംശങ്ങളെങ്കിലും പ്രസ്പഷ്ടമായിഉൾക്കൊള്ളുന്ന ഫ്ളോറൻസ് കത്തീഡ്രൽ നേപഥ്യപഥത്തിൽ സാക്ഷാൽ ക്ലാസ്സിക്കൽ (ഗ്രീക്ക് റോമൻ) സമ്പ്രദായങ്ങളോടുകൂടിയതായിട്ടത്രെ പരിലസിച്ചതു്. ആകയാൽ കലകളുടെ നവീകരണ സംരംഭം 15-ാം നൂററാണ്ടിൽ ഫ്ളോറൻസിൽ വിദ്യാലയത്തിലും അതൊന്നിച്ചു ബെസൻറയിൻ കലച്ചകളോടു കൂടി ക്ലാസ്സിക്കൽരീതികളെ അംഗീകരിച്ചിരുന്ന വെനീസിലും ആദ്യം സമാരംഭിച്ചതായിക്കരുതാം. നിർദ്ദിഷ്ടകേന്ദ്രങ്ങളിൽ ഈ രീതികൾ ഉൽഘാടനം ചെയ്യപ്പെട്ടെങ്കിലും പ്രചാരംപ്രാപിക്കയുണ്ടായില്ല. എന്നാൽ അല്പകാലം കഴിഞ്ഞു റോമിൽ വിപുലമായ ഒരു ഭവനോല്പാദനപരിശ്രമം ആരംഭിച്ചപ്പോൾ പുതിയ വിദ്യാലയത്തിലെ ഫ്ളോറൻസിൽ കലാകാരന്മാർ അവിടെ കൂട്ടംകൂടുകയും പണികളിൽ സ്വന്തം രുചി ആരോപിക്കയും ചെയ്തു. 1453-ൽ കോൺസ്റ്റൻറിനോപ്പിൾ അധഃപതിച്ചു. കിഴക്കുനിന്നു് സാഹിത്യപരവും മററുമായ അമൂല്യനിധികൾ സിദ്ധിക്കുന്നതിനും ഗ്രീക്കുസംസ്കാരത്തെ പ്രത്യുദ്ധരിക്കുന്നതിനും സഹായമായ ആ നഗരത്തിന്റെ വീഴ്ചമൂലം ഇററാലിയൻ ക്ലാസ്സിക്കൽ പ്രസ്ഥാനത്തോടുള്ള ഭക്തി ചിരഗുണീഭവിക്കാൻ സംഗതിയായി. മാത്രമല്ല, അഗസ്റ്റസ്സിന്റെ കാലത്തെ ഒരു തക്ഷകവര്യനായിരുന്ന വിററ്രൂവിയസിന്റെ ശില്പലേഖനങ്ങൾ, റോമിലെ നഷ്ടശിഷ്ടങ്ങൾക്കു മദ്ധ്യേ മറഞ്ഞുകിടന്ന പ്രതിമകൾ, ഇതരപുരാണവസ്തുക്കൾ എന്നിവയുടെ പുനഃപ്രാപ്തിയും ആ ഭക്തിയെ അത്യധികം ഉത്തേജിപ്പിക്കാതിരുന്നില്ല. ഏതന്മൂലം പുതിയ പുറപ്പാടു് ഒരു മഹാഭ്രാന്തായി മൂർദ്ധന്യമണഞ്ഞും അന്തർഗ്ഗതമായ ഗുണമൊന്നും നോക്കാതെ ക്ലാസ്സിക്ക് ഇനത്തിൽപ്പെട്ട സകലതേയും ക്ലാസ്സിക്ക് എന്ന ഏകകാരണത്താൽമാത്രം ഹൃദയമലിഞ്ഞു അഭിനന്ദിക്കാൻ തുടങ്ങി. കൂടാതെ ക്ലാസ്സിക്ക് അല്ലെന്ന കാരണത്താൽ മറെറല്ലാററിനേയും ഗുണദോഷവിവേചനംവിട്ടു് വെറുക്കുകയും അപരിഷ്കൃതമായി പരിഗണിക്കയും ചെയ്തു.

## നവീകൃതരീതിയുടെ നേതാക്കന്മാർ

ക്ലാസ്സിക്ക്സമുദ്ധാരണത്തിന്റെ പുരോഗാമികൾ സമർത്ഥന്മാരെന്നു മാത്രമല്ല ആ പ്രസ്ഥാനത്തിനുമുമ്പു പ്രബലീഭവിച്ചിരുന്ന ശില്പസംവിധാനങ്ങളിൽ നല്ല തഴക്കവും പഴക്കവും സിദ്ധിച്ചവരുമായിരുന്നു. പക്ഷേ പുതിയ രീതിയിൽ തികഞ്ഞ ഏതെങ്കിലും വാസനയാകട്ടെ അപരിഹാര്യമായ പ്രയോഗപരിജ്ഞാനമാകട്ടെ അവർക്കുണ്ടായിരുന്നില്ല ഈ സാഹചര്യങ്ങളിൽ ലഘുതരവും സാമാന്യമാത്രവുമായ പരീക്ഷണങ്ങൾ നടത്തുന്നതിനേ അവർക്കു കഴിയുമായിരുന്നുള്ളു. എന്നാൽ പകരം പൂർവ്വരീതികൾ അനുസരിച്ചുണ്ടായ ഏതു ഭവനമാതൃകയേയും നിശ്ശങ്കം വെല്ലുവിളിക്കത്തക്കവണ്ണം നവീനമട്ടിൽ ബ്രഹ്മാണ്ഡതുല്യമായ ഏർപ്പാടുകൾ വേഗം ഉല്പാദിപ്പിക്കാൻ അവർ ആഗ്രഹിച്ചു. ഇതിന്റെ ഫലം ആനയ്ക്കും ആടിനും കൂടി ഒന്നു് എന്നതായിരുന്നു. പല ശില്പശാസ്ത്രകാരന്മാരും പാരമ്പര്യമെന്നപോലെ അബദ്ധസ്വഭാവങ്ങൾ നിഷ്കർഷിച്ചുതന്നാക്കാതെ നവീകൃതരീതിയെപ്പററി ക്രമാധികം പ്രശംസിക്കാൻ താല്പര്യമുള്ളവരായി കാണപ്പെടുന്നു. എന്നാൽ ആധുനികകാലത്തു് ഓരോ രീതിയുടേയും സ്വഭാവം സൂക്ഷ്മവിചിന്തനം ചെയ്തു എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ടു്. അവയിൽ ഒന്നായ ചാറൽസ് ഹെർബർട്ട് മൂർ എഴുതിയിട്ടുള്ള "Character of Renaissance Architecture" എന്ന പുസ്തകം ഈ ലേഖനത്തിനു് ആധാരമായ മറെറല്ലാകൃതികളേയും അതിശയിച്ചു് പ്രകൃതരീതി നിഷ്പക്ഷബുദ്ധ്യാ നിരീക്ഷണംചെയ്തിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാകുന്നു.

റോമിൽ നവീകൃതരീതിയുടെ നേതാക്കന്മാരായുണ്ടായവരിൽ മൂന്നുപേരുടെ പേരുകളെങ്കിലും ഇവിടെ പ്രത്യേകം പറയേണ്ടതുണ്ടു്. കാരണം അവർ രീതിയുടെ മൂന്നു വ്യത്യസ്തവിഭാഗങ്ങളുടെ പ്രണേതാക്കളായിരുന്നു എന്നുള്ളതാണു്.

(1) ബ്രമന്റെ (Bramante 1444-1514) ഉദാരവും വാസ്തുശാസ്ത്രസമ്പൂർണ്ണവുമായ തന്റെ പ്ലാനുകൾ വെച്ചുകൊണ്ടു് പരിമിതമായ ഒരു പരീക്ഷണം നടത്തി കാര്യമായ പണികളാൽ ശില്പരീതി പുതുക്കി പ്രചരിപ്പിക്കാൻ യത്നിച്ചുവെങ്കിലും ഒരു പണിയും ആകർഷകമാക്കിത്തീർക്കാൻ പ്രാപ്തനായില്ല.

(2) വിഗ്നോല (Vignola 1507-1573) ക്ലാസ്സിക്കൽഘടകങ്ങളുടെ ശരിയായ ഒരനുകരണമാണു് നടത്തിയതെങ്കിലും ഒന്നും തൃപ്തികരമാംവണ്ണം മുഴുമിക്കാൻ കഴിയാതെ പരാജയമടഞ്ഞു.

(3) മൈക്കൽ ആൻജലൊ (Michel Angelo 1475-1564) സ്വന്തം ബുദ്ധിവൈഭവംകൊണ്ടു യാതൊന്നിനും കീഴ്പെടുകയോ എന്തിനെയെങ്കിലും അനുകരിക്കയോ ചെയ്യാതെ ശില്പനപഥ്യവൃത്തികൾ സ്വതന്ത്രമായിത്തന്നെ നിർവ്വഹിക്കയും അങ്ങനെ ഭാവിയിലേക്കു് അനിയന്ത്രിതമായ വഴി തുറക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കലാവൃത്തി നിസ്തുലമെങ്കിലും കുറച്ചൊക്കെ ചിത്രസമ്മിതമായിരുന്നു.

മേൽപ്പറഞ്ഞ പുരോഗാമികളുടെ നേതൃത്വത്തിന്റേയും അവർ നൽകിയ പ്രചോദനത്തിന്റേയും പ്രഥമഘട്ടം ഏകദേശം 16-ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധമെന്നു കണക്കാക്കാം. അകൃത്രിമമെങ്കിലും അല്പിയസ്സായ ബ്രമന്റെയുടെ തിരുപ്പുറപ്പാടും അസ്വതന്ത്രവും അചേതനവുമായ വിഗ്നോലയുടെ അനുകരണവും ലോകദൃഷ്ടിയിൽ തൃപ്തികരമാംവണ്ണം പിന്തുടർച്ചയ്ക്കോ അർഹമായില്ല. മൈക്കൽ ആൻജലോയുടെ കണ്ടുപിടുത്തവൈഭവവും ചിത്രകാരിതയും പ്രയോജനപ്രദമായി അവശേഷിച്ചു. അവ നവീനമാതൃകകൾക്കും വിപുലമായ നേപഥ്യങ്ങൾക്കും വേണ്ടിയുള്ള അവിശ്രാന്തമായ തൃഷ്ണയ്ക്കു ഉണർച്ചനൽകിയ ഒരു രീതിയായി റൊക്കോക്കൊ (Rococo) എന്ന പേരിൽ അനുവൃത്തിപ്രാപിച്ചു. ഫ്രാൻസ്, സ്പെയിൻ, ജർമ്മനി, ഇംഗ്ലണ്ടു് എന്നീ രാജ്യങ്ങളിൽ നവീകൃതരീതി ഈ രൂപത്തിലാണു് ഒരേകാലത്തു പ്രചാരം കൈക്കൊണ്ടതു്. പിരിഞ്ഞ തൂണുകൾ, പരന്ന തട്ടങ്ങൾ, ഉരുളുകൾ, ഓറക്കൽസ്തംഭങ്ങൾ, വളഞ്ഞമുഖപ്പുകൾ, വിശേഷമാല്യങ്ങൾ, അർദ്ധകൂടങ്ങൾ, അന്യോന്യവിഭക്തങ്ങളായ മുഖവാരങ്ങൾ, തന്മയത്വത്തോടുകൂടിയ ചിത്രങ്ങൾ, പ്രതിമകൾ ഇത്യാദി ആകൃതിയുടെ വ്യവസ്ഥാരാഹിത്യവും ക്രമമില്ലായ്മയും, നേപഥ്യത്തിന്റെ ദുർവ്യയഹേതുകമായ വിവിധസംഭരണങ്ങളുംകൊണ്ടു റൊക്കോക്കോരീതി പ്രത്യേക ലക്ഷണയുക്തമായിത്തീരുകയും 1550-നു ശേഷം പരമസുന്ദരമായി എണ്ണപ്പെടുകയും ചെയ്തു. പഴയ ക്ലാസ്സിക്ക് സംസ്കാരത്തോടു തോന്നിയ മഹാഭക്തിയോടുകൂടി അതിനെ അനുകരിച്ചു് ആരംഭിച്ച പ്രസ്ഥാനം തൽപ്രാഥമികാംശങ്ങളുടെ ചിലവിശേഷങ്ങളോടുള്ള ബന്ധംമാത്രംപുലത്തിക്കൊണ്ടു് പ്രധാനതരമായ സകല ധർമ്മങ്ങളേയും നിരസിച്ചു ഒരു രീതിയിൽച്ചെന്നവസാനിക്കയെന്നതു് അത്ഭുതാവഹമത്രെ. എന്നാൽ സംഭവിച്ചതു അപ്രകാരമായിരുന്നു.

* പകർപ്പവകാശം ലേഖകനു്

---

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 മെസൊപ്പൊട്ടേമിയ, പാർഥിയ, ലിക്കോണിയ. 2 പലസ്തീന. 3 എത്തിയോപ്പിയ, പേർഷ്യ, മസിഡോണിയ, സിറിയ.

---




"എന്റെ ലേഖനത്തെപ്പററി നിങ്ങൾക്കെന്താണഭിപ്രായമുള്ളതു്?"

"അതിൽ ഉദ്ധരിച്ചിട്ടുള്ള ടാഗോറിന്റെ ചില ആശയങ്ങൾ വളരെ നന്നായിരിക്കുന്നു."

* * *

വേദോപദേശക്ലാസിൽ അദ്ധ്യാപിക: "ഞാനൊരു പാവദോഷം ചെയ്തിട്ടുണ്ടെന്നു വിചാരിക്കുക. പെട്ടെന്നൊരു ബോധക്ഷയം വരികയും അതോടുകൂടി ഞാൻ മരിക്കുകയുംചെയ്താൽ എന്തു സംഭവിക്കും?"

വിദ്യാർത്ഥിനി: "ഞങ്ങൾക്കു ഇന്നു അവധികിട്ടും."

* * *

കന്യാസ്ത്രീ: "തോമസേ, നീ മാത്രമേ ലോകത്തിലുണ്ടായിരുന്നുള്ളുവെങ്കിൽ ഈശോ നിനക്കുവേണ്ടി മരിക്കുമായിരുന്നോ?"

തോമസ്: "ഒരിക്കലുമില്ല."

"മരിക്കുമായിരുന്നു" എന്നു പറയിപ്പിക്കുന്നതിനായി കന്യാസ്ത്രീ വീണ്ടും ചോദിച്ചു:

"അതെന്തേ്യ?"

തോമസ്: "ഈശോയെ കൊല്ലുന്നതിനു് ആരും ഉണ്ടായിരിക്കയില്ല".

* * *

"കുട്ടീ, നാലുമണിക്കൂറായി ഈ ചൂണ്ടയുമായി നീ ഇവിടെ ഇരിക്കുന്നതു ഞാൻ കാണുന്നു. ഇതുവരെ ഒരു മീനെങ്കിലും നിന്റെ ചൂണ്ടയിൽ കൊത്തിയില്ല. ഇങ്ങനെ വൃഥാ സമയം ചിലവാക്കുന്നതു മണ്ടത്തരമല്ലേ?"

"വെറുതെ ചൂണ്ടയുംപിടിച്ചുകൊണ്ടിരിക്കുന്ന എന്നെ നോക്കിയിരുന്നു നാലുമണിക്കൂർ ചെലവാക്കിയ നിങ്ങൾ വളരെ ബുദ്ധിമാൻതന്നെ."

* * *

പൊലീസുകാരന്റെ ഭാര്യ ഉറങ്ങിക്കിടന്നിരുന്ന തന്റെ ഭർത്താവിനെ തട്ടിയുണർത്തിക്കൊണ്ടു "കള്ളൻ! കള്ളൻ!!" എന്നു സസംഭ്രമം വിളിച്ചുപറഞ്ഞു. തന്റെ ഉറക്കത്തിനു ഭംഗംവരുത്തിയതിൽ ദേഷ്യപ്പെട്ടുകൊണ്ടു പൊലീസുകാരൻ ഗർജ്ജിച്ചു: "ഇന്നു രാഘവൻപിള്ളയുടെ ഡ്യൂട്ടിയാണെന്നറിഞ്ഞുകൂടേ?"

## പ്രത്യേകാനുകൂല്യം

ഇടവകവൈദികരായോ സന്യാസവൈദികരായോ ജോലിചെയ്യാനാഗ്രഹിക്കുന്ന ബാലന്മാർക്കു് നാഗർകോവിൽ സലേഷ്യൻ വൈദികരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കാർമ്മൽ ഹൈസ്കൂളിൽ പ്രത്യേകസൗകര്യങ്ങളും ആനുകൂല്യങ്ങളും നല്കപ്പെടുന്നതാണു്. ഓരോരുത്തരും ക്ലാസ്ഫീസും ബോർഡിംഗ്ഫീസും ഉൾപ്പെടെ കൊല്ലത്തിൽ 200 ക. മാത്രം അടച്ചാൽ മതിയാകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്കു താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കുക.

Rev. Fr. Rector.
Carmel E. H. School,
Kottar, Nagercoil.

## കത്തോലിക്കാപത്രം

ലണ്ടനിൽനിന്നു പുറപ്പെടുന്ന "യൂണിവേഴ്സ്" പത്രത്തിനു് 1949-ൽ 25 000 വരിക്കാർ കൂടുതൽ ഉണ്ടായിട്ടുള്ളതായറിയുന്നു ഇപ്പോൾ ആകപ്പാടെ 225,000 പ്രതികൾ ചിലവാകുന്നുണ്ടു്.

ഗ്രന്ഥാവലോകനം

## ശ്രീയേശുനാടകം—ശാന്തിസന്ദേശം

(ഗ്രന്ഥകർത്താ: വി എസ്. ആൻഡ്രൂ. പൗരൻപ്രസ്സ്, എറണാകുളം. പേജ് 68. വില 12 ണ.)

കൈരളിയുടെ ദൃശ്യകലാസമ്പത്തിനു് ശ്രീമാൻ വി. എസ്. ആൻഡ്രൂ അവർകളുടെ സേവനം എത്ര അമൂല്യമാണെന്നു ഭാഷാഭിമാനികളെ പറഞ്ഞറിയിക്കേണ്ടതില്ല. പ്രകൃതഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള കവിമൂർദ്ധന്യന്മാരുടേയും പണ്ഡിതപ്രവീണന്മാരുടേയും പ്രശംസാപത്രങ്ങൾതന്നെ ഈ വസ്തുത സ്ഥിരീകരിക്കുന്നുണ്ടു്. കാവ്യരചനയിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വിദഗ്ദ്ധതൂലിക ഒട്ടധികം ക്രൈസ്തവചരിത്രങ്ങളെ നാടകവേദിയിൽ തന്മയത്വപൂർവ്വം ചിത്രീകരിച്ചിട്ടുണ്ടു്. അവയിൽ സർവ്വഥാ അഗ്രഗണ്യമായ "ക്രിസ്തുനാഥവിജയം", ഞാറയ്ക്കൽ സന്മാർഗ്ഗവിലാസനടനസമിതിയുടെ അഭിനയചാതുരിയിൽ ചേർന്നിണങ്ങി കേരളത്തിലെങ്ങും പ്രസിദ്ധമായിത്തീർന്നിട്ടുള്ളതാണു്.

ഇവിടെ നിരൂപണത്തിനു മുമ്പിലിരിക്കുന്ന "ശാന്തിസന്ദേശ"മാകട്ടെ, പ്രസ്തുത ക്രിസ്തുനാഥവിജയത്തിന്റെ, നവീകൃത പുനഃപ്രകാശനമാണു് എന്നുള്ളതുതന്നെ ഇതിന്റെ വൈശിഷ്ട്യം വ്യക്തമാക്കുന്നുണ്ടല്ലോ. പ്രതിപാദ്യവിഷയം ഗ്രന്ഥാഭിധാനത്തിൽനിന്നുതന്നെ സുവിദിതമാണു്. ക്രൈസ്തവതത്വസംഹിതകളുടെ ജീവത്തായ ഘടകങ്ങളെല്ലാം യേശുനാഥന്റെ മൂന്നുവർഷത്തെ പരസ്യജീവിതത്തിൽ സംഗ്രഹിച്ചിരിക്കുന്നു. യോഹന്നാൻ സ്നാപകന്റെ ആഗമനം, ജ്ഞാനസ്നാനദാനം, ക്രിസ്തുനാഥന്റെ മലയിലെ പ്രസംഗം, അത്ഭുതപ്രവർത്തനങ്ങൾ, സ്നാപകന്റെ അന്ത്യം, മേരിമഗ്ദലനായുടെ മാനസാന്തരം, എന്നീ പ്രമേയങ്ങളാണു് ഈ ശാന്തിസന്ദേശത്തിൽ സമാഹരിച്ചിട്ടുള്ളതു്. ചരിത്രവസ്തുതകൾക്കു കെട്ടുതൽതട്ടാതെ ചമൽക്കാരകാരകമായ രസനിഷ്പത്തിയിലും, അലങ്കാരഭംഗിയിലുംകൂടെ അവയെ ചേർത്തിണക്കി സുന്ദരമായ സംഭാഷണശൈലിയിൽ പ്രതിഫലിപ്പിക്കണമെന്നുള്ളതാണു് ചരിത്രനാടകകൃത്തിനു് അഭിമുഖീകരിക്കേണ്ട പ്രയാസം. പ്രകൃതഗ്രന്ഥകാരൻ ഈ വൈഷമ്യങ്ങളെ ബുദ്ധിപൂർവ്വം തരണംചെയ്തിട്ടുണ്ടെന്നു ഗ്രന്ഥത്തിലെ ഏതുരംഗവും സാക്ഷ്യം വഹിക്കുന്നുണ്ടു്. (മഗ്ദലനമറിയവും ലാസറിന്റെ സഹോദരി മറിയവും ഒരാൾതന്നെയോ, അഥവാ രണ്ടുപേരോ എന്നുള്ള വസ്തുത ഇനിയും ചരിത്രകാരന്മാരുടെയിടയിൽ വാദഗ്രസ്തമായിരിക്കുന്നതിനാൽ അതിനെപ്പററി ഇവിടെ പരാമർശിക്കുന്നില്ല.)

"നവംനവങ്ങളും വിപ്ലവപരങ്ങളുമായ നാടകങ്ങളെക്കൊണ്ടു കൈരളി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ പഴയ പല്ലവിയുമായി പുറപ്പെടുന്നതിന്റെ ഔചിത്യത്തെ ചിലർ ചോദ്യംചെയ്തേക്കാം" എന്നു ഗ്രന്ഥകാരൻ സംശയിക്കുന്നു. പക്ഷെ, ഒരിക്കലും പുതനത്വം മായാത്ത ഒരു സന്ദേശം ലോകത്തിനു് ആരെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അതു ക്രിസ്തുനാഥൻമാത്രമാണു്. വ്യർത്ഥാചാരങ്ങളുടെ കൂരിരുട്ടിൽ, കൊടുംപാപത്തിന്റെ നീചദാസ്യത്തിൽക്കിടന്നു വീർപ്പുമുട്ടിയ മനുഷ്യരാശിയിൽ ധാർമ്മികവിപ്ലവത്തിനു ബീജാവാപംചെയ്തതും അവിടുന്നല്ലാതെ മററാരുമല്ല. അവിടുത്തെ ദിവ്യചരിതം എന്നും പുതുമയേറിയതും വിപ്ലവപരവുമാണു്. കാലദേശാദി വൈജാത്യങ്ങൾക്കതീതമായി വ്യാപരിക്കുന്ന അവിടുത്തെ ദിവ്യോപദേശങ്ങളുടെ തന്മയത്വപൂർവ്വകമായ ചിത്രീകരണം ആധുനികലോകത്തിനു തികച്ചും പ്രയോജനപ്രദമാണെന്നുള്ളതിൽ സന്ദേഹത്തിനവകാശമില്ല.

പ്രേക്ഷകരുടെ കഴുത്തിൽ ചുററുന്ന "പെരുമ്പാമ്പു" വാചകങ്ങൾ, ശ്രോതൃമണ്ഡലങ്ങൾ ത്രസിച്ചു് ഇടിമുഴക്കംപോലെ പാഞ്ഞുപോകുന്ന ശബ്ദകോലാഹലങ്ങൾ, എന്നിങ്ങനെ ആധുനികനാടകവേദിയിൽ പ്രയോഗിക്കപ്പെടുന്ന അർത്ഥശൂന്യമായ അംവുകളൊന്നും പ്രകൃതഗ്രന്ഥത്തിൽ കാണുന്നില്ല. ആശയാവിഷ്കരണത്തിനുവേണ്ടി സുന്ദരമായ പദങ്ങൾ അടുക്കുകമാത്രമേ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളു. സ്നാപകന്റെയും യേശുനാഥന്റെയും പ്രസംഗങ്ങൾ, മഗ്ദലനായുടെ പശ്ചാത്താപം മുതലായ ഭാഗങ്ങൾ പരിശോധിച്ചാൽ ഈ പരമാർത്ഥം മനസ്സിലാക്കാം. എന്നിരിക്കിലും ചിലയിടത്തെല്ലാം ദീർഘസമാസങ്ങൾ പരിവർജ്ജിച്ചിരുന്നെങ്കിൽ പ്രതിപാദനരീതി കുറെക്കൂടെ ആകർഷകമാകുമായിരുന്നു.

ഗ്രന്ഥത്തിൽ ഭിന്നമാത്രമായി കാണപ്പെടുന്ന പ്രയോഗവൈരൂപ്യങ്ങൾ പ്രൂഫ് പരിശോധനയിൽ വന്നുകൂടിയ പിശകായിരിക്കാം (പതിവൃത, ശ്രേഷ്ഠം, മുതലായവ). അടുത്ത പതിപ്പിൽ അവ പരിഹരിക്കപ്പെടുമെന്നു പ്രത്യാശിക്കാം.

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി അവർകളുടെ ആശയസമ്പുഷ്ടമായ അവതാരികയോടുകൂടി, എറണാകുളം പൗരൻപ്രസ്സിൽ ആകർഷകമായി മുദ്രണംചെയ്യപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിനു, കേരളത്തിലെ എല്ലാ കുടുംബങ്ങളിലും, വിശിഷ്യാ ക്രൈസ്തവകുടുംബങ്ങളിൽ, പ്രവേശനം ലഭിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ശ്രീയേശുനാടകത്തിന്റെ ഉത്തരഭാഗമായ "പരമപരിത്യാഗം"കൂടെ ഉടൻതന്നെ പ്രസിദ്ധീകരിക്കാൻ ഗ്രന്ഥകാരനോടഭ്യർത്ഥിച്ചുകൊണ്ടു് അദ്ദേഹത്തിനു സകല മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

(J. K. C.)

---

വേദശാസ്ത്രപംക്തി

## പരിശുദ്ധ കുർബാന

### യഥാർത്ഥസാന്നിധ്യം

കത്തോലിക്കരായ നാം വിശ്വസിക്കുന്നു പരിശുദ്ധ കുർബാനയിൽ മിശിഹാ എഴുന്നെള്ളിയിരിപ്പുണ്ടെന്നു്. നമ്മുടെ ദൃഷ്ടിയിൽ കൂദാശ ചെയ്യപ്പെട്ട തിരുവോസ്തി വെറും ഒരപ്പക്കഷണമല്ല; കൂദാശചെയ്യപ്പെട്ട വീഞ്ഞു വെറും ദ്രാക്ഷാരസമല്ല; അവ കുരിശിൽ മനുഷ്യരക്ഷാർത്ഥം ഹോമിക്കപ്പെട്ട മിശിഹായുടെ—യഥാർത്ഥത്തിൽ ദൈവവും യഥാർത്ഥത്തിൽ മനുഷ്യനുമായ മിശിഹായുടെ—മാംസരക്തങ്ങളാണു്. കൂദാശ ചെയ്യപ്പെട്ടതിനുശേഷം അപ്പത്തിനും വീഞ്ഞിനും ബാഹ്യമായി, എന്നു പറഞ്ഞാൽ നിറത്തിലോ, തൂക്കത്തിലോ, രുചിയിലോ, വലിപ്പത്തിലോ മറേറാ യാതൊരു വ്യത്യാസവും സംഭവിക്കുന്നില്ല; സംഭവിക്കുന്നുണ്ടെന്നു നാം പറയുന്നുമില്ല പക്ഷേ ആന്തരികമായി, വാസ്തവികമായി, അപ്പത്തിലും വീഞ്ഞിലും ഒരു മാററം സംഭവിക്കുന്നുണ്ടെന്നും, അവയിൽ മിശിഹാ ദൈവികവും മാനുഷികവുമായ സ്വഭാവങ്ങളോടുകൂടെ ഉൾപ്രവേശിക്കുന്നുണ്ടെന്നും നാം സുദൃഢം വിശ്വസിക്കുന്നു. നമ്മുടെ ഈ വിശ്വാസത്തിനുള്ള ആധാരങ്ങൾ ഏവയെന്നു പരിശോധിക്കുന്നതു്, അതു സജീവവും ജീവദായകവും ആകുന്നതിനും, ഇതരരുടെ ദൃഷ്ടിയിൽ നമ്മുടെ വിശ്വാസം അന്ധമല്ല, യുക്തിയുക്തമാണെന്നു തെളിയുന്നതിനും സഹായകമായിരിക്കും.

ക്രിസ്തീയ പ്രബോധനങ്ങളിലും വിശ്വാസസംഹിതയിലും പരിശുദ്ധ കുർബാനയിലെ ദിവ്യനാഥസാന്നിധ്യംപോലെ അത്രമാത്രം പ്രസ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള വേറൊന്നു വേദപുസ്തകത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടാണു് ഏതാണ്ടു പതിനൊന്നാം നൂററാണ്ടുവരെ ആ വിശ്വാസം കത്തോലിക്കാതിരുസ്സഭയിൽ മാത്രമല്ല, സഭയിൽനിന്നു പിരിഞ്ഞുപോയ ശിശ്മസഭകളിൽപ്പോലും വിവാദവിഷയമാകാഞ്ഞതു്. 9-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ജോൺസ്കോട്ടു് എറിജനയുടെ "ക്രിസ്തുവിന്റെ ശരീരവും രക്തവും" എന്ന പുസ്തകത്തിൽ, യഥാർത്ഥസാന്നിധ്യത്തെ നിഷേധിക്കുന്ന സംശയാസ്പദവും പിൽക്കാലങ്ങളിൽ വിവാദകാരണവും ആയ ചില പ്രസ്താവനകൾ കാണുന്നുണ്ടു്. എങ്കിലും അദ്ദേഹത്തിന്റെ വിശ്വാസത്തിനു ഇളക്കം തട്ടിയിരുന്നില്ല. പതിനൊന്നാം നൂററാണ്ടിൽ ബെരെങ്കേരിയസ് (1000-1088) അതിനെ പാടെ നിഷേധിക്കാൻ സാഹസപ്പെട്ടു പക്ഷേ, അദ്ദേഹവും മരിക്കുന്നതിനു എട്ടുപത്തു കൊല്ലം മുൻപുതന്നെ അബദ്ധസിദ്ധാന്തങ്ങളെ പിൻവലിക്കുകയും സഭയുമായി ഐക്യപ്പെടുകയും ചെയ്തുവെന്നതു പ്രസ്താവ്യമാണു്.

16-ാം നൂററാണ്ടിലെ മതവിപ്ലവനേതാവായിരുന്ന ലൂതർ മാമോദീസായും കുർബാനയും (നാഥന്റെ അത്താഴം) മാത്രമേ കൂദാശകളായി സ്വീകരിച്ചുള്ളു. അവപോലും അദ്ദേഹത്തിന്റെ നോട്ടത്തിൽ വരപ്രസാദമാർഗ്ഗങ്ങളായിരുന്നില്ല; നമ്മുടെ പാപപരിഹാരത്തെപ്പററി മിശിഹാ ചെയ്ത വാഗ്ദാനങ്ങളുടെ ഈടുകൾ മാത്രമായിരുന്നു. ആ ലൂതർപോലും യഥാർത്ഥസാന്നിധ്യത്തെ നിഷേധിക്കയുണ്ടായില്ല. കത്തോലിക്കരായ നാം വിശ്വസിക്കുന്ന തരത്തിലുള്ള ഒരു സാന്നിധ്യമല്ല ലൂതർ സ്വീകരിച്ചതെങ്കിലും യഥാർത്ഥസാന്നിധ്യത്തിലുള്ള വിശ്വാസത്തെ അദ്ദേഹം മുറുകെ പിടിച്ചിരുന്നു. അക്കാലത്തെ മറെറാരു വിപ്ലവനേതാവായിരുന്ന സ്വിംഗ്ലി യഥാർത്ഥസാന്നിധ്യപ്രബോധനത്തെ തിരസ്കരിച്ചപ്പോൾ എത്രമാത്രം വാശിയോടും ഉദ്വേഗത്തോടുംകൂടെയാണു് ലൂതർ എതിരിട്ടതു്! ഈ അഭിപ്രായവ്യത്യാസംമൂലം അവർ തമ്മിലുണ്ടായ പിളർപ്പിനെ പരിഹരിക്കുന്നതിനു മാർബർഗ്ഗിൽ വെച്ചു (1529) ഒരു കോൺഫറൻസുപോലും നടത്തപ്പെട്ടു പക്ഷേ അന്നു് ആ പരിശ്രമം പരാജയപ്പെടുകയാണുണ്ടായതു്.


ആ അവസരത്തിൽ ലൂതർ താഴെ ചേർക്കുന്ന പ്രസിദ്ധമായ പ്രസ്താവന ചെയ്തു "നമുക്കവകാശമായി ലഭിച്ചിട്ടുള്ള രക്ഷയുടെ സത്യങ്ങൾ പാപ്പാധിപത്യത്തിലാണെന്നു് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥ വേദപുസ്തകവും യഥാർത്ഥമാമോദീസായും, അൾത്താരയിലെ യഥാർത്ഥ കൂദാശയും, പാപവിമോചനത്തിനുള്ള യഥാർത്ഥ താക്കോലുകളും പ്രസംഗിക്കുന്നതിനുള്ള യഥാർത്ഥമായ അധികാരവും കർത്തൃപ്രാർത്ഥന ഉൾക്കൊള്ളുന്ന യഥാർത്ഥ വേദോപദേശവും, പത്തു പ്രമാണങ്ങളും, വിശ്വാസത്തിന്റെ വിഷയങ്ങളും നാം കാണുന്നതു് പാപ്പാധിപത്യത്തിലാണെന്നുകൂടെ നാം ഏററുപറയണം. പാപ്പാധിപത്യത്തിലാണു് യഥാർത്ഥ ക്രിസ്തുമതത്തെ, ക്രിസ്തുമതത്തിന്റെ യഥാർത്ഥ സാരാംശത്തെ, നാം കാണുന്നതെന്നു ഞാൻ പറയുന്നു."

പാപ്പാധികാരത്തിനു കീഴ്പ്പെട്ടിരുന്ന ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ ലൂതറിനു എതിരായി കൂദാശകളെപ്പററി എഴുതിയ പ്രഖ്യാതമായ ഗ്രന്ഥത്തിൽ യഥാർത്ഥസാന്നിദ്ധ്യത്തെ സമർത്ഥിച്ചിരുന്നു. വിഷയാസക്തിനിമിത്തം പാപ്പാധികാരത്തെ വലിച്ചെറിഞ്ഞു് ആംഗ്ലിക്കൻ സഭയുടെ ജനയിതാവും പരമാധികാരിയും ആയിച്ചമഞ്ഞപ്പോഴും അദ്ദേഹം പരിശുദ്ധ കുർബാനയെപ്പററി യാതൊരു അവിശ്വാസവും പ്രകടിപ്പിച്ചില്ലെന്നുമാത്രമല്ല, അസന്നിഗ്ദ്ധമായ ഭാഷയിൽ അതേററു പറയുകകൂടെ ചെയ്തിരുന്നു.

പക്ഷേ കാലാന്തരത്തിൽ മിക്കവാറും എല്ലാ പ്രോട്ടസ്റ്റൻറുമതവിഭാഗക്കാരും (അവർ ശതക്കണക്കിനുണ്ടു്) ദിവ്യനാഥന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ ചോദ്യം ചെയ്യുന്നവരായി. ശരിയായ പൗരോഹിത്യം അവരുടെ ഇടയിൽ ഇല്ലാത്തതുകൊണ്ടു് ദിവ്യനാഥസഹവാസം അവർക്കില്ലാതായിത്തീർന്നിരിക്കുന്നു. എങ്ങനെയായാലും ലൂതറും പിൻഗാമികളും വേദപുസ്തകപ്രസ്താവങ്ങളെ വലിച്ചുനീട്ടി വ്യാഖ്യാനിച്ചും വെട്ടിക്കുറുക്കി നശിപ്പിച്ചും പാരമ്പര്യവിശ്വാസത്തെ ചവിട്ടിത്തേച്ചു മായിച്ചും തൃപ്തിയടയുന്ന കാഴ്ച മർമ്മഭേദകമായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, യഥാർത്ഥസാന്നിദ്ധ്യത്തെ നിരാക്ഷേപമായി സമർത്ഥിക്കുവാൻ വേദപുസ്തകസാക്ഷ്യങ്ങൾ തികച്ചും പര്യാപ്തങ്ങളാണു്. മൂന്നു വ്യത്യസ്തങ്ങളായ രേഖകളാണു് അതേപ്പററി വേദപുസ്തകത്തിൽ നാം കാണുന്നതു്. ഈ കൂദാശയെക്കുറിച്ചു് ദിവ്യരക്ഷകൻ ചെയ്ത വാഗ്ദാനം ഒന്നാമത്തേയും, പെസഹാ വ്യാഴാഴ്ച അത്താഴത്തിനുശേഷം നടന്ന കൂദാശാസ്ഥാപനം രണ്ടാമത്തേയും, ആദിമക്രിസ്ത്യാനികളുടെ വിശ്വാസത്തെ സംബന്ധിച്ചു് വി. പൗലോസ് നൽകുന്ന സാക്ഷ്യം മൂന്നാമത്തേയും അനിഷേധ്യവും നിർണ്ണായകവും ആയ തെളിവുകളാകുന്നു.

T. K.



ഫാത്തിമായിൽ രോഗികളെ ദിവ്യകാരുണ്യംകൊണ്ടു് ആശീർവ്വദിക്കുന്നു.


### ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറൻറു | $1\frac{1}{2}$ ശതമാനം |
| സേവിംഗ്സു് | 3 |
| ഷോർട്ടു് നോട്ടീസു് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | $4\frac{1}{2}$ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്കു് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല


## റോമിൽ വിശുദ്ധവാരം

ഇംഗ്ലണ്ടു്, ഫ്രാൻസ്, അമേരിക്ക, സ്വിററ്സർലൻറ്, ആസ്ട്രിയ, സ്വീഡൻ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽനിന്നുവന്ന 20,000 തീർത്ഥകരുൾപ്പെടെ ഒരു ലക്ഷംപേർ റോമിലെ വി. പത്രോസിന്റെ ബസിലിക്കായിലേയും മററു ബസിലിക്കാകളിലേയും വിശുദ്ധവാരാഘോഷങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

Sathya Deepam
Vol. 22 Ernakulam May 11, 1949 No. 36

## ഫാത്തിമാമാതാവും കേരളവും

(1-ാം പേജ് തുടർച്ച)

യ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ സജ്ജമാക്കിയിരുന്നാൽമാത്രം മതി.

### നാം എന്തു ചെയ്യണം?

ഫാത്തിമാമാതാവിനെ സ്വീകരിക്കുന്നതിനു നാമേവരും ചെയ്യേണ്ട ബാഹ്യവും ആന്തരികവുമായ സജ്ജീകരണങ്ങളെപ്പററി അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാർ സമുചിതങ്ങളായ് ഉദ്ബോധനങ്ങളും സന്ദർഭാനുസൃതങ്ങളായ നിർദ്ദേശങ്ങളും യഥാവസരം നമുക്കു നല്കാതിരിക്കുകയില്ല. തന്നിമിത്തം, ആ വിഷയത്തെപ്പററി എന്തെങ്കിലും മുൻകൂട്ടി പ്രസ്താവിക്കുക അവിഹിതമായിരുന്നേക്കാം. എന്നാൽ, ഒരു സംഗതി തീർച്ചയാണു്: ഫാത്തിമായിലേ ജപമാലാരാജ്ഞി ചൂണ്ടിക്കാണിച്ച വിധത്തിൽ ആദ്ധ്യാത്മികമായ ഒരു ഒരുക്കം—ആന്തരികമായ ഒരു പരിവർത്തനം—നടത്തുവാനായിരിക്കും വന്ദ്യപിതാക്കന്മാർ പ്രധാനമായി നമ്മോടാവശ്യപ്പെടുവാൻ പോകുന്നതു്. സർവ്വാംകഷമായ ഒരു ആത്മപരിശോധന; നവചൈതന്യപ്രദമായ പൊതു ദിവ്യകാരുണ്യസ്വീകരണം; അനുദിനജീവിതത്തിൻെറ ക്രൈസ്തവീകരണം—ഒററ വാക്കിൽ, പശ്ചാത്താപം, പരിഹാരം, ജീവിതനവീകരണം. ജപമാലയെ ആലംബവും കേന്ദ്രവുമാക്കിക്കൊണ്ടു പുരോഗമിക്കേണ്ട നമ്മുടെ ഭാവിജീവിതത്തിൻെറ താദൃശമായ സമാരംഭം സമാധാനവും സൗഭാഗ്യവും കളിയാടുന്ന ഒരു നവയുഗത്തിൻെറ പ്രോൽഘാടനമായിരിക്കുമെന്നു സകാരണം പ്രതീക്ഷിക്കാം.

### ഫാത്തിമാസന്ദേശപ്രചാരണം


ഫാത്തിമായിലേ സംഭവങ്ങൾ കഴിഞ്ഞിട്ടു് കൊല്ലങ്ങൾ ഒരു മുപ്പത്തഞ്ചോടടുക്കുവാൻ പോകുന്നു. യൂറോപ്യൻ ഭാഷകളിൽ, പ്രത്യേകിച്ചു് ഇംഗ്ലീഷിൽ, ഫാത്തിമാ സന്ദേശങ്ങളെപ്പററി പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ കിട്ടാൻ കഴിയുമായിരുന്നു; എന്നിട്ടും ഇപ്പോൾ മാത്രമാണു് അവയെപ്പററി കേരളീയർ അറിഞ്ഞറിഞ്ഞു വരുന്നതു് എന്നു സലജ്ജം സമ്മതിക്കാതെ തരമില്ല. കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനിയും നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കും. കഴിയുന്നവരൊക്കെ ഫാത്തിമാമാതാവിനെപ്പററി വായിച്ചറിയുക; അത്തരം ഗ്രന്ഥങ്ങൾ മററുള്ളവരെക്കൊണ്ടും വായിപ്പിക്കുക; അല്ലെങ്കിൽ അവരെ പറഞ്ഞു മനസ്സിലാക്കുക. ഇതുകൊണ്ടുമായില്ല. ഫാത്തിമാസന്ദേശങ്ങളെ പ്രചരിപ്പിക്കുന്നതിനു നമുക്കു പല പുതിയ പ്രസിദ്ധീകരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഫാത്തിമാരാജ്ഞിയെ പ്രകീർത്തിക്കുവാൻ മാതൃസ്നേഹഭരിതമായ തൂലികയുമെടുത്തു യുവലേഖകന്മാർ മാസികാപംക്തികളിൽ വിലസണം. സമുദായ സൗഹാർദ്ദത്തിനും രാഷ്ട്രീയ സമാധാനത്തിനും വേണ്ടി ഉദ്ബോധനം നടത്തിക്കൊണ്ടിരിക്കുന്ന പല കത്തോലിക്കാ പത്രങ്ങളും ഫാത്തിമായ്ക്കു വേണ്ട സ്ഥാനംകൊടുത്തുകാണുന്നില്ല. ഈ കുറവും ഉടനെ പരിഹരിക്കേണ്ടിയിരിക്കുന്നു.

ഫാത്തിമാമാതാവിൻെറ ചിത്രങ്ങൾക്കും വേണ്ടിടത്തോളം പ്രചാരമുണ്ടെന്നു പറഞ്ഞുകൂടാ. ജപമാലാരാജ്ഞിയുടെ കേരളപ്രവേശത്തിനു മുമ്പുതന്നെ നമ്മുടെ ഭവനങ്ങളിലെല്ലാം അവിടുത്തെ ചിത്രങ്ങൾ സ്ഥലംപിടിച്ചു കഴിഞ്ഞിരിക്കണം. ലൂർദ്ദുനാഥയുടെ ഗ്രോട്ടോകൾ പല സ്ഥലങ്ങളിലും സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടു്. അതുപോലെ ഫാത്തിമാമാതാവിൻെറ സ്വരൂപങ്ങളും ഹൃദയാവർജ്ജകമാംവിധം എന്തുകൊണ്ടു സ്ഥാപിച്ചുകൂടാ? ഇതിനായിരിക്കും താരതമ്യേന ചെലവു കുറവും. ഒരു ചെറിയ വൃക്ഷം; അതിൻെറ പച്ചിലപ്പരപ്പിൽ ജപമാലാരാജ്ഞി; ചുവട്ടിൽ മുട്ടുകുത്തിനില്ക്കുന്ന മൂന്നു ബാലകർ; അവരുടെ സമീപത്തു് ഒന്നോ രണ്ടോ ആടുകൾ, ഇത്രയും മതിയാകും. ദൈവദൂതൻെറ ദർശനത്തെയും സൂര്യൻെറ നൃത്തത്തെയും സൂചിപ്പിക്കണമെങ്കിൽ, കരങ്ങളിൽ തിരുക്കാസാവഹിക്കുന്ന ഒരു മാലാഖായെ ഒരു വശത്തും, ഏഴു വർണ്ണത്തിൽ വിരാജിക്കുന്ന ഒരു ഗോളത്തെ മറേറ വശത്തും കാണിച്ചാൽ ധാരാളമായി.

ഫാത്തിമായുടെ നാമം ജനതാമദ്ധ്യത്തിൽ സുപരിചിതമാകുന്നതിനു് ഏതാനും മാർഗ്ഗങ്ങൾകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ പുണ്യതീർത്ഥങ്ങളായിത്തീർന്നിട്ടുള്ള നസ്രസ്, ഗാഗുൽത്താ, ലൂർദ്ദ്, ലിസ്യൂ മുതലായ നഗരികളുടെ നാമധേയങ്ങൾ വഹിക്കുന്ന പല ഇടവകകളും സ്കൂളുകളും ആശ്രമങ്ങളും സ്ഥാപനങ്ങളും നമുക്കിന്നുണ്ടു്. അതുപോലെ ഫാത്തിമാ ഇടവകകളും ഫാത്തിമാപ്പള്ളികളും ഫാത്തിമാക്കപ്പേളകളും ഫാത്തിമാ സ്കൂളുകളും ഫാത്തിമാഫാക്ടറികളും ഫാത്തിമാബുക്ക്സ്റ്റോളുകളും ഫാത്തിമാ മന്ദിരങ്ങളും ഫാത്തിമാപ്രസ്സുകളും ഫാത്തിമാനഗരങ്ങളും ഫാത്തിമാമൗണ്ടുകളും ഫാത്തിമാറോഡുകളും ഉണ്ടായാൽ നന്നായി. മക്കൾക്കു നല്കുന്ന പേരുകൾകൊണ്ടും ഫാത്തിമാ സംഭവങ്ങളെ നമുക്കനുസ്മരിപ്പിക്കാവുന്നതാണു്. കൊച്ചുത്രേസ്യായും ചെറുപുഷ്പവും അൽഫോൻസായും മററും എത്ര കുടുംബങ്ങളിൽ വിരാജിക്കുന്നു! എന്തുകൊണ്ടു് കുറെ ലൂസിക്കുട്ടികളും യസീന്താമ്മമാരും നമുക്കുണ്ടായിക്കൂടാ. ഫ്രാൻസിസ് വളരെ വിരളമായി കണ്ടേക്കാം. നമ്മുടെ മാതാക്കളുടെ ശ്രദ്ധ ഈ വഴിക്കുകൂടി തിരിഞ്ഞിരുന്നെങ്കിൽ! ബാലികമാരെ അണിയിക്കുന്ന സ്വർണ്ണമാലകൾ ജപമാലയുടെ മാതൃകയിൽ പണിയിപ്പിച്ചാൽ അതു ഉപകാരപ്രദമായ ഒരു പുതിയ ഫാഷൻ ആയിരിക്കും; ഒരു ചെലവുകൊണ്ടു് രണ്ടു കാര്യങ്ങൾ നമുക്കു സാധിക്കാം—ആഭരണധാരണവും ദൈവമാതൃഭക്തിപ്രകടനവും. ജപമാലാഭക്തിയിൽ ബാലകരെ അഭ്യസിപ്പിക്കുന്നതിനു് ഇതൊരു നല്ല മാർഗ്ഗമാണെന്നതിൽ സംശയമില്ല.

ജപമാലാരാജ്ഞി ഏവരേയും അനുഗ്രഹിക്കട്ടെ.

[ഫാത്തിമാമാതാവിനെക്കുറിച്ചറിയുന്നതിനു് ഫാദർ ജോസഫ് തേക്കനാടി അവർകളാൽ വിരചിതമായ "ഫാത്തിമാമാതാവു്" എന്ന ഗ്രന്ഥം വായിക്കുക. പ്രസ്തുത ഗ്രന്ഥം മാർച്ച് 16-ാം-നു-യിലെ സത്യദീപത്തിൽ നിരൂപണംചെയ്തിരുന്നു. മാന്നാനം സെൻ് ജോസഫ്സ് പ്രസ്സിൽനിന്നും 1 ക. 12 ണ. യ്ക്കു് അതിൻെറ പ്രതി ലഭിക്കുന്നതാണു്. ഈ ലക്കത്തിൽ ചേർത്തിട്ടുള്ള ബ്ലോക്കുകൾ പ്രസ്തുതഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണെന്നു കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളട്ടെ. പത്രാധിപർ.]



## പരിശുദ്ധ ദേവമാതാവിൻെറ

# ലുത്തനിയ

(ഫാദർ ലേത്തൂസ് സി. ഡി.)

"സുഗുണശോഭിത or പാലയമാം തിരുഹൃദയമേ" എ. മ.

കർത്താവേ! കടാക്ഷിക്ക-മ്ശിഹായേ കടാക്ഷിക്ക
മ്ശിഹായേ ഞങ്ങൾചെയ്യും- പ്രാർത്ഥന കേട്ടരുളേണമെ.
സ്വർഗ്ഗസ്ഥനായി വാഴും-ബാവായാം തമ്പുരാനേ!
സ്വർഗ്ഗദായക! നാഥ! ഞങ്ങളെ തൃക്കണ്പാർക്കണമെ
ഭൂലോകരക്ഷചെയ്ത-പുത്രൻതമ്പുരാനേയി
മാലോകപ്രകാശമേ!-ഞങ്ങളെ തൃക്കണ്പാർക്കണമെ,
സന്തതം സർവ്വത്തേയും- സംശുദ്ധമാക്കി വാഴും
ശുദ്ധ റൂഹായാം ദേവ!-ഞങ്ങളെ തൃക്കണ്പാർക്കണമെ.
ഏകസ്വരൂപനായി-നിത്യം സ്ഥിതിചെയ്യുന്ന
ശുദ്ധ ത്രിത്വമാമീശാ!-ഞങ്ങളെ തൃക്കണ്പാർക്കണമെ.
ശുദ്ധയാം മറിയമേ!- ദൈവത്തിൻ ജനനിയേ!
കന്യകാമകുടമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
മ്ശിഹാതൻ ജനനിയേ! ദൈവപ്രസാദതായേ!
എത്രയും നിർമ്മലയേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
അത്യന്തവിരക്തയേ!-ഈഷലററ കന്യാംബേ!
സ്നേഹഗുണപാത്രമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
കന്യാവ്രതത്തിനന്തം-തെല്ലും വരാത്തോരമ്മേ
അത്ഭുതവിഷയമേ!- ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
സൽബുദ്ധികൾക്കുതായേ!-സൃഷ്ടിനാഥന്നുതായേ!
രക്ഷിതാവിന്നുതായേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
പ്രകാശസ്തുതിക്കേററം-യോഗ്യയാം കന്യകയേ!
വിവേകസമന്വിതേ-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
സ്തോത്രത്തിന്നതിയോഗ്യേ-വല്ലഭമുള്ള കന്യേ!
ദീപ്തിപൂരിതേ! മേരി! ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
കനിവുള്ള കന്യകയേ!-നെറിവിൻെറ ദർപ്പണമെ!
വിശ്വാസമാർന്നകന്യേ-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ജ്ഞാനത്തിന്നാസനമേ!-മാനവകുലത്തിൻെറ
തെളിവിന്നു കാരണമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ആത്മജ്ഞാനപൂരിത-പാത്രമേ! ബഹുമാന-
സ്ഥാനമാം പാത്രവുമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
അത്ഭുതമായവണ്ണം-ഭക്തിക്കും സൽപ്പാത്രമായ്
ശോഭിക്കും മരിയേ! നീ ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ദൈവരഹസ്യമെല്ലാ-മൊന്നായ് നിറഞ്ഞുവാഴും
നല്ല വർദ്പുഷ്പമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ദാവീദിൻെറ കോട്ടയേ!-ദന്തജമാം കോട്ടയേ!
സ്വർണ്ണാലയവുമേ നീ-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
വാഗ്ദാനത്തിൻെറ ശുദ്ധ-പേടകമേ! മരിയേ!
സ്വർഗ്ഗീയവാതിലുമേ! ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ഉഷഃകാലതാരകമേ!-രോഗികൾക്കാശ്വാസമേ!
പാപികൾക്കഭയവുമേ! ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ക്രിസ്തീയജനത്തിൻെറ ശക്തിചേർന്നുള്ള താങ്ങേ!
ദുഃഖിതർക്കാശ്വാസമേ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
മാലാഖമാർക്കു രാജ്ഞീ- ബാവാന്മാരുടെ രാജ്ഞീ!
ശ്ലീഹന്മാർക്കു രാജ്ഞിയേ! ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
പ്രവാചകർക്കു രാജ്ഞീ!-വേദസാക്ഷിണീരാജ്ഞീ!
വന്ദകന്മാർക്കു രാജ്ഞീ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
കന്യാസ്ത്രീകൾക്കു രാജ്ഞീ!- സർവ്വസിദ്ധർക്കും രാജ്ഞീ!
അമലോത്ഭവയാം രാജ്ഞീ-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ശുദ്ധ ജപമാലയ്ക്കും-രാജ്ഞിയായ് വിളങ്ങുന്ന
സിദ്ധഗുണഗണ്യേ! രാജ്ഞീ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
സമ്യക്കായ് സമാധാന-മെങ്ങും വരുത്തിവയ്ക്കും
നന്മനിറഞ്ഞ രാജ്ഞീ!-ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
കർമ്മൽ സഭാലങ്കാര-മായിശോഭിതേ! നാഥേ!
ശർമ്മദായകീ! രാജ്ഞീ!- ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമെ.
ഭൂലോകകല്മഷത്തെ- ആകവെ ഹനിക്കുന്ന
ഏക ദൈവകുഞ്ഞാടേ!-ഞങ്ങടെ പാപങ്ങൾ ക്ഷമിക്ക
ഞങ്ങടെ പാപങ്ങൾ ക്ഷമിക്ക.
ഭൂലോകകല്മഷത്തെ-ആകവെ ഹനിക്കുന്ന
ഏക ദൈവകുഞ്ഞാടേ!-ഞങ്ങടെ പ്രാർത്ഥന കേൾക്കണേ.
ഞങ്ങടെ പ്രാർത്ഥന കേൾക്കണേ.
ഭൂലോകകല്മഷത്തെ-ആകവെ ഹനിക്കുന്ന
ഏക ദൈവകുഞ്ഞാടേ! ഞങ്ങളെ തൃക്കണ്പാർക്കണമെ.
ഞങ്ങളെ തൃക്കണ്പാർക്കണമെ.

## ഡച്ചുകത്തോലിക്കരുടെ സംഭാവന

വിശുദ്ധവത്സരത്തിൻെറ സ്മാരകമായി സ്ഥാപിക്കുവാൻപോകുന്ന "റേഡിയൊ അന്നോ സാന്തോ" എന്ന പ്രക്ഷേപണകേന്ദ്രത്തിനായി ലോകമെങ്ങും ധനശേഖരം നടക്കുന്നുണ്ടല്ലൊ. ഡച്ചുകത്തോലിക്കർ അതിലേക്കു ഒരു ലക്ഷം പവൻ സംഭാവന ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നു.

## 60,000 ഡോളർ

ഒരു സിനിമാതാരവും ജപമാല ഭക്തനുമായ ബിംഗ് ക്രോസ്ബി അമേരിക്കൻ ഐക്യനാടുകളിൽ സ്പ്പോക്കാനിലെ ഗൊൺസാഗ സർവ്വകലാശാലയ്ക്കു് 60,000 ഡോളർ സംഭാവന ചെയ്തിരിക്കുന്നു. "ക്രോസ്ബി മെമ്മോറിയൽ ലൈബ്രറി" എന്ന പേരിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കുന്നതിനു് പ്രസ്തുത സംഖ്യ വിനിയോഗിക്കപ്പെടുന്നതാണു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam